നാടോടി വിജ്ഞാനീയം

ാ.എം.വി.വിഷ്ണനമൂതി

നാടോടി വിജ്ഞാനീയം

ഡോ. എം. വി. വിഷ്ണുനമ്പൂതിരി

ശിച്ച് വെളിപാടുണ്ടാക്കുമെന്ന വിശ്വാസം ഒരനുഭവജ്ഞാനമെന്നോണം നാടൻജനത വെച്ചുപുലർത്തിപ്പോന്നു. യക്ഷികളും പിശാചുക്കളും പ്രേതങ്ങളും ബാധിക്കാതിരിക്കാൻ ഇരുമ്പു കൈയിലുണ്ടായാൽ മതിയെന്ന വിശ്വാസം പലർക്കുമുണ്ട്. ഉറുക്കോ ചരടോ ജപിച്ചുകെട്ടിയാലും ബാധകൾ അടുക്കുകയില്ലത്രേ.

രോഗങ്ങൾ വിതയ്ക്കുന്നത് ചില ദുർദ്ദേവതകളാണെന്ന വിശ്വാസത്തിന് നൂറ്റാണ്ടുകളുടെ പഴക്കമുണ്ട്. കൃഷിനാശവും കന്നുകാലിനാശവും മറ്റ് ഈതിബാധകളും ഉണ്ടാകുന്നത് ചില ദുർദ്ദേവതകളുടെ സാന്നിധ്യം കൊണ്ടാണെന്ന വിശ്വാസവും നിലവിലുണ്ട്.

കൃഷിക്കും നായാട്ടിനും യുദ്ധത്തിനുമൊക്കെ പ്രത്യേക സഹായദേവതകളുണ്ട്. ചിപോതിയും ഗോദാവരിയും സമൃദ്ധിയുടെ ദേവതകളാണ്. നായാട്ടിനും യുദ്ധത്തിനും ദേവതകൾ തുണചെയ്യുമെന്ന വിശ്വാസമുണ്ടായിരുന്നു. തെയ്യം-തിറകളുടെ രംഗത്ത് ഇത്തരം ദേവതകളെ ധാരാളം കാണാം.

പാപനിഷ്കൃതി

ശാപപാപങ്ങളെക്കുറിച്ചുള്ള വിശ്വാസം മനുഷ്യനിൽ അടിയുറച്ചതാണ്. പൂർവ്വജന്മകൃതമായ പാപങ്ങളോ, ഈ ജന്മത്തിൽത്തന്നെ ചെയ്തുപോയ പാപങ്ങളോ, അറിഞ്ഞോ അറിയാതെയോ ഏതെങ്കിലും തരത്തിലുണ്ടായ ശാപങ്ങളോകൊണ്ട് ജീവിതത്തിൽ അനർത്ഥമുണ്ടാകുമെന്നും, ഈ ശാപകോപങ്ങൾ മാന്ത്രിക കർമ്മങ്ങളിലൂടെയോ, ദാനധർമ്മങ്ങളിലൂടെയോ നീക്കാമെന്നും വിശ്വസിക്കപ്പെടുന്നു. നാടൻമതവിശ്വാസികളുടെ ഒരനുവേജ്ഞാനമാണ് പാപനിഷ്കൃതി.

അറുകൊലവാക്ക്

അറുകൊലവാക്കിലും സത്യദോഷത്തിലുമുള്ള വിശ്വാസമാണ് മറ്റൊന്ന്. 'അറുകൊലവാക്കുകൾ' പറഞ്ഞുപോകുന്നത് ബോധപൂർവ്വമല്ലെന്നും, അത് പറയുവാൻ ദൈവംതന്നെ തോന്നിക്കുന്നതാണെന്നുമാണ് വിശ്വാസം. അറംപറ്റുന്നതുപോലുള്ള ഒരു ദോഷമാണത്. സത്യത്തിൽ വിശ്വസിക്കുന്നവരായിരുന്നു പ്രാക്തനജനങ്ങൾ. ദേവതകളെച്ചൊല്ലി സത്യം ചെയ്താൽ ഫലിക്കുമെന്നാണ് അവരുടെ അനുഭവം.

നിമിത്തവും ശകുനവും

കേരളീയരുടെ നിത്യജീവിതത്തിൽ സ്വാധീനം ചെലുത്തിയവയാണ് ശകുനത്തെയും നിമിത്തങ്ങളെയും സംബന്ധിച്ച വിശ്വാസങ്ങൾ. മദ്യം, പച്ചയിറച്ചി, മണ്ണ്, ശവം, വെളുത്തവസ്ത്രം, കത്തുന്ന തീ, അക്ഷതം, നെല്ല്, ചന്ദനം, വെളുത്ത പുഷ്പം, കുളിപ്പഴം, തൈര്, തേൻ, കരിമ്പ്, ആന, കുതിര, പല്ലക്ക്, കയറിട്ട കാള, പശു, കണ്ണാടി, നിറകുടം, സ്വർണ്ണം, വെള്ളി, ചെമ്പ്, കുറിക്കൂട്ട് തുടങ്ങിയവ യാത്രാരംഭത്തിൽ കാണുന്നത്

ശൗനമത്രെ. വീണ, വേണു, മൃദംഗം, ശംഖ്, പടഹം, ഭേരി എന്നിവയുടെ ശബ്ദവും, കന്യക, മംഗല്യസ്ത്രീ, ഗണിക, വിപ്രദ്വയം എന്നിവയും ശുഭശകുനങ്ങളാണെന്ന് പ്രാക്തനജനങ്ങൾക്കറിയാമായിരുന്നു. ചകോരം, പ്രാവ് തുടങ്ങിയ പക്ഷികളും, മാൻ തുടങ്ങിയ മൃഗങ്ങളും ഇടതുവശത്തുനിന്ന് വലതുവശത്തേയ്ക്കു യാത്രാരംഭത്തിൽ കടന്നുപോകുന്നത് ശുഭകരമാണ്. ഇടത്തോട്ടായാൽ, ഫലം വിപരീതമാകുമത്രെ.

വെണ്ണീറ്, വിറക്, എണ്ണ, എള്ള്, ചുല്, മുറം, ദർഭ, പോത്ത്, കൂറ്റൻ, കയർ, ഉലക്ക, പരുത്തി, ഉപ്പ്, കയറ്, മോർ, മഴു, ചെറൂള, ഇരുമ്പ് തുടങ്ങിയ വസ്തുക്കൾ യാത്രാരംഭത്തിൽ ദർശിക്കുന്നത് അശുഭഫലമാണ്. ക്ഷുരകൻ, ക്ഷൗരം കഴിഞ്ഞുവരുന്നവൻ, അംഗഹീനൻ, ജളൻ, സന്യാസി, വിധവ, രോഗി, പൂച്ച, ഭ്രാന്തൻ, മൂകൻ, വടു, കുരങ്ങ് എന്നിവരെ കാണുന്നത് നിന്ദ്യമായ നിമിത്തങ്ങളാണെന്ന് വിശ്വാസം. മംഗല്യശബ്ദങ്ങൾ ശുഭശകുനമാണെങ്കിൽ, ദുഃഖശബ്ദങ്ങളും ക്രൂരമൃഗാദികളുടെ ശബ്ദങ്ങളും ദുർനിമിത്തങ്ങളാകുന്നു. ഓന്ത്, പൂച്ച എന്നിവ യാത്രാരംഭത്തിൽ മുറിയെ കടന്നുപോകുന്നത് ദുർലക്ഷണമാണ്.

യാത്രാരംഭത്തിൽ കാലിന്റെ വിരലുകൾ കല്ല് മുതലായവയിൽ തട്ടിയാലുള്ള ഫലത്തെക്കുറിച്ച് പണ്ടുള്ളവർക്ക് പ്രത്യേക വിശ്വാസമുണ്ടായിരുന്നു. അന്നലാഭം, വസ്ത്രലാഭം, സ്ഥർണ്ണലാഭം, വ്യാധി, മൃതി എന്നിവയാണ് ഓരോ വിരലിലും മുട്ടിയാലുള്ള ഫലം. ഇടത്തെ കാലിന്റെ ചെറുവിരൽ മുതൽ വലതുകാലിന്റെ ചെറുവിരൽ വരെയാണ് യഥാക്രമം കണക്കാക്കേണ്ടത്. യാത്ര പുറപ്പെടുമ്പോൾ ഉമ്മറപ്പടിക്ക് തലമുട്ടുന്നതും ദുർനിമിത്തമത്രെ. ക്ഷേണം കഴിക്കുമ്പോൾ കല്ലും തലനാരും അതിൽ കാണുകയോ, ചോറുരുള മുറിഞ്ഞു പോവുകയോ, കൈയിൽനിന്ന് താഴെ വീണുപോവുകയോ ചെയ്യുന്നത് ശകുനപ്പിഴയാണ്. അത് ആയുസ്സിന് കേടാണ്. ഇത്തരം നിമിത്തദോഷങ്ങളെയും ശകുനങ്ങളെയുംപറ്റി പഴയ പാട്ടുകളിൽ പരാമർശങ്ങൾ കാണാം. യാത്രാരംഭത്തിൽ ശകുനപ്പിഴ സംഭവിച്ചാൽ തിരിച്ചുവന്ന് വീണ്ടും യാത്ര പുറപ്പെടാറുണ്ട്.

ഭാവിഫലനിർണ്ണയം

ഭാവിഫലമറിയുവാനുള്ള ചില പ്രത്യേക ശകുനങ്ങൾകൂടിയുണ്ട്. ആഭരണാദികൾ ഉണ്ടാക്കുവാൻവേണ്ടി പൊന്നുരുക്കുമ്പോൾ അതിന്റെ ലക്ഷണം നോക്കി ശകുനം പറയുന്ന തട്ടാന്മാരെയും മരം മുറിക്കുമ്പോൾ മരത്തിന്റെ പുള് തെറിക്കുന്നത് നോക്കി ശകുനം പറയുന്ന തച്ചന്മാരെയും പറ്റി നാടൻ പാട്ടുകളിൽ പ്രസ്താവിച്ചുകാണുന്നുണ്ട്. ആദ്യമായി ശിശുക്കളെ തൊട്ടിലിൽ കിടത്തുമ്പോൾ തൊട്ടിലാട്ടി ശകുനം പറയുന്ന സമ്പ്രദായവും നിലവിലുണ്ടായിരുന്നു.

ഭാവിഫലനിർണ്ണയത്തിന് അവലംബിച്ചിരുന്ന മറ്റു ചില മാർഗ്ഗങ്ങൾകൂടി ഇവിടെ സൂചിപ്പിക്കാം. വെറ്റിലശ്ശകുനം, നാളികേരശ്ശകുനം, കിഴിയെടുപ്പ്, അപ്പശ്ശകുനം തുടങ്ങിയവ സാമാന്യജനങ്ങൾക്കിടയിൽ ഇന്നും നിലവിലിരിക്കുന്നു. ലക്ഷണമൊത്ത വെറ്റില നിലത്തെറിഞ്ഞ് അതിന്റെ

നിലനോക്കി ലക്ഷണം പറയുന്നവരുണ്ട്. തെയ്യം തുടങ്ങിയ ചില അനു
ഷ്ഠാനകലകളിൽ വെറ്റിലശ്ശകുനവും നാളികേരശ്ശകുനവും നോക്കുന്ന ചട
ങ്ങുണ്ട്. വിവാഹാദി സന്ദർഭങ്ങളിൽ വെറ്റിലയും നാളികേരവുംകൊണ്ട്
'നിമിത്തം' കാണുന്ന ചടങ്ങ് ചില സമുദായക്കാർക്കിടയിൽ ഇന്നും
കാണാം. വിഷു തുടങ്ങിയ വിശേഷദിനങ്ങളിൽ പ്രഭാതകാലത്ത് നാളി
കേരമുടച്ച് ഫലമറിയുന്ന പതിവുണ്ടായിരുന്നു. നാളികേരമുരുണ്ടുചെന്ന്
നിൽക്കുമ്പോൾ, അതിന്റെ മുഖം കിഴക്കുവശത്തേയ്ക്കാണെങ്കിൽ ആയുർ
ബലവും, ശാന്തിയും, ഐശ്വര്യവും, സുഖവും ഫലമത്രെ. തെക്കോട്ടാ
ണെങ്കിൽ ജീവഹാനിയും, പടിഞ്ഞാറോട്ടാണെങ്കിൽ രോഗപീഡയും, വട
ക്കോട്ടേയ്ക്കാണെങ്കിൽ ദീർഘായുസ്സും, കോണുകളിലേയ്ക്കാണെങ്കിൽ
വ്യാധികളും, മുകളിലോട്ടായാൽ മരണവും, കിഴ്പ്പോട്ടായാൽ വിനാശവു
മാണ് ഫലമെന്ന് വിശ്വസിക്കപ്പെടുന്നു.

രാമായണം, ഭാരതം തുടങ്ങിയ ഗ്രന്ഥങ്ങൾ പകുത്ത് ആ ഏട്ടിൽ
കാണുന്ന വരികളിലെ ആശയം നോക്കി ശുഭാശുഭഫലങ്ങൾ ഗ്രഹിക്കുന്ന
പതിവുമുണ്ട്. ഇതിഹാസപുരാണാദികളിൽനിന്നും പ്രസക്തഭാഗങ്ങൾ
മാത്രം കുറിച്ച ഓലകളടങ്ങിയ ഗ്രന്ഥങ്ങൾ ഈ ആവശ്യാർത്ഥം ചിലർ
ഉപയോഗിക്കുന്നതായി കണ്ടിട്ടുണ്ട്.

ഉത്തരകേരളത്തിലെ പുലയർക്കിടയിൽ തിരണ്ടുമഞ്ചലത്തിന് പ്രത്യേ
കമൊരു ചടങ്ങുണ്ട്. കുളിച്ചുവന്ന കന്യക ഉണങ്ങലരി വേവിച്ചു വറ്റിച്ചെ
ടുക്കും. ആ ചോറ് പിളർന്നുവെങ്കിൽ അവൾക്കുണ്ടാകുന്ന ആദ്യസന്താനം
പെണ്ണായിരിക്കുമെന്നും, ചോറ് പിളർന്നില്ലെങ്കിൽ ആണായിരിക്കുമെന്നു
മാണ് വിശ്വാസം. ചില സമുദായക്കാർക്കിടയിൽ പുംസവനത്തോടനുബ
ന്ധിച്ച് ഗർഭിണിക്ക് അപ്പം (പലഹാരങ്ങൾ) ഉണ്ടാക്കിക്കൊടുക്കുന്ന പതി
വുണ്ട്. വിളക്കുവെച്ച്, ഗർഭിണിയെയും ഭർത്താവിനെയും പലകയിലിരുത്തി,
ബന്ധുക്കൾ അപ്പംവാരി കൈയിൽക്കൊടുക്കും. ആ അപ്പമെല്ലാം ഒടുവിൽ
എണ്ണി "അപ്പശ്ശകുനം" നോക്കും. അപ്പത്തിന്റെ എണ്ണം ഒറ്റസംഖ്യയിലവ
സാനിച്ചാൽ, അവൾക്കുണ്ടാകുന്ന സന്താനം ആണും ഇരട്ടസംഖ്യയിൽ
അവസാനിച്ചാൽ പെണ്ണുമാകുമെന്നാണ് വിശ്വാസം.

പക്ഷികളെക്കൊണ്ട് ഫലനിർണ്ണയം ചെയ്യുന്ന വിദ്യയാണ് പക്ഷി
ശാസ്ത്രം. അഗസ്ത്യമഹർഷിയാണ് പക്ഷിശാസ്ത്രപദ്ധതിയുടെ ഉപജ്ഞാ
താവെന്നൊരു വിശ്വാസമുണ്ട്. തത്ത (കിളി), പുള്ള്, പരുന്ത്, മയിൽ,
കോഴി തുടങ്ങിയവയെക്കൊണ്ടെല്ലാം ഫലനിർണ്ണയം ചെയ്യിക്കുന്ന പതി
വുണ്ടത്രെ. ഏതായാലും, 'തത്തമ്മശ്ശാസ്ത്രം' പറയുന്ന സഞ്ചാരിവർഗ്ഗത്തെ
കേരളത്തിൽ സർവ്വസാധാരണമായി കാണാറുണ്ട്. കുറവനും കുറത്തിക്കും
നിമിത്തജ്ഞരെന്ന പ്രശസ്തിയുണ്ട്. സംഘകാലത്തെന്നപോലെ ഇന്നും
അവർ നാട്ടിൻപുറങ്ങളിൽ സഞ്ചരിക്കുന്നതു കാണാം. ഫാസ്തലക്ഷണം
പറയലും, 'തത്തമ്മപ്രശ്ന'വും അവരുടെ കുലത്തൊഴിലുകളാണ്.

ഗുണദോഷഫലനിർണ്ണയത്തിന് 'കിഴിയെടുപ്പ്' എന്നൊരു ചടങ്ങ്
കള്ളംപാട്ട്, കെന്ത്രോൻപാട്ട് തുടങ്ങിയ ചില അനുഷ്ഠാന ഗർഭബലിക
ളോടനുബന്ധിച്ച് നടത്താറുണ്ട്. പിണിയാളുടെ ദേഹത്തിൽനിന്ന് ബാധ
കൾ വേഗമൊഴിയുമോ എന്നറിയുവാനാണ് ഇത് നടത്തുന്നത്.

പുഷ്പങ്ങൾകൊണ്ട് ഭാവിയിലെ ഗുണദോഷഫലങ്ങളെക്കുറിച്ച് ചിന്തിക്കുന്ന ഒരു രീതി നടപ്പുണ്ട്. ചുവന്ന പൂക്കളും വെളുത്ത പൂക്കളും പ്രത്യേകം ഇലകളിൽ പൊതിഞ്ഞുകെട്ടി പൂജിച്ച്, ഫലമറിയേണ്ടവന്റെ മുമ്പിൽ വെയ്ക്കും. അവൻ അതിൽനിന്ന് ഒരു കെട്ടെടുത്ത് അഴിച്ചു നോക്കും. വെളുത്ത പൂവാണെങ്കിൽ ഗുണവും, ചുവന്നതാണെങ്കിൽ ദോഷവുമാണ് ഫലം. മധ്യകേരളത്തിലെ ചില ക്ഷേത്രങ്ങളിൽ ഈ പുഷ്പരീതി നടത്തുവരുന്നു. ചിലേടങ്ങളിൽ വിവാഹാദികാര്യങ്ങൾക്ക് ഇപ്രകാരം പുഷ്പപ്രശ്നം നടത്താറുണ്ട്." ഭാവിഫലനിർണ്ണയത്തിൽ അനുഭവജ്ഞാനികളാണ് തങ്ങളെന്ന നിലയിലാണ് നാടൻ മതവിശ്വാസികളുടെ പെരുമാറ്റം.

ജ്യോതിഷവിശ്വാസം

ജ്യോതിഷത്തിന്റെ പശ്ചാത്തലത്തിലാണ് വിശ്വാസങ്ങളിൽ പലതും സാമാന്യജനങ്ങളിൽ വേരൂന്നിയത്. ജ്യോതിഷത്തിൽ പാണ്ഡിത്യമുള്ളവർ ബ്രാഹ്മണരിലും മറ്റു സമുദായങ്ങളിലും ഉണ്ടെങ്കിലും കണിയാൻ (കണിശൻ)മാർക്ക് ഇതിൽ പ്രത്യേക പാരമ്പര്യമുണ്ട്. അവർ ഇതൊരു കുലത്തൊഴിലായി അംഗീകരിച്ചിരുന്നു. ഗ്രാമീണജനങ്ങൾ മുഹൂർത്തമറിയുവാനും ഭാവിഫലമറിയുവാനും കണിശനെയാണ് സമീപിച്ചിരുന്നത്. ജ്യോതിഷശാസ്ത്രപ്രകാരമുള്ള സ്വർണ്ണപ്രശ്നവും പൂപ്രശ്നവുമൊക്കെ ഫലനിർണ്ണയപദ്ധതികളാണ്.

നല്ലനാളുകളിലേ ശുഭകർമ്മങ്ങൾ ചെയ്യാവൂ എന്നാണ് വിശ്വാസം. കുട്ടികൾക്ക് പാലുകൊടുക്കുവാനും, ചോറുകൊടുക്കുവാനും, ഗർഭിണികൾക്ക് പുളിയുണ്ണാനും നല്ലനാൾ നോക്കണം. രോഗികൾക്ക് ചികിത്സ യാരംഭിക്കുന്നതും നല്ല നാളിലായിരിക്കണമെന്നാണ് വിശ്വാസം. ആചാരപ്പെട്ട കണിശനാണ് ഇത്തരം നല്ല നാളുകൾ വിധിച്ചുപറയുക.

കാർഷികവിശ്വാസങ്ങൾ

കാർഷികരംഗത്തും അനേകം വിശ്വാസങ്ങൾ നിലവിലുണ്ട്. വിത്തു വിതയ്ക്കുവാനും, നിറയ്ക്കുവാനും, കൊയ്ത്തിനും, പുത്തരിയുണ്ണുവാനും, നെല്ല് പത്തായത്തിൽ നിറയ്ക്കുവാനും, പത്തായത്തിൽനിന്ന് നെല്ലെടുക്കുവാനും നല്ല നാളും പക്കവും നോക്കുന്ന പതിവ് ഇന്നും നിലവിലിരിക്കുന്നു. കന്നുകാലികളെ വിൽക്കുകയോ വാങ്ങുകയോ ചെയ്യുന്നത് ചില പ്രത്യേക നാളുകളിലേ പാടുള്ളുവെന്നാണ് പഴയ വിശ്വാസം. വൃക്ഷങ്ങൾ നടുവാനെന്നതുപോലെ അവ മുറിക്കുവാനും സമയം നോക്കണം.

നിമിത്തശബ്ദങ്ങൾ

പക്ഷിമൃഗാദികളുടെ ശബ്ദങ്ങളുടെ അർത്ഥം വ്യാഖ്യാനിക്കുവാൻ നാടൻ ജനതയ്ക്ക് കൂടുതൽ പരിജ്ഞാനമൊന്നുമില്ലെങ്കിലും, ചില പക്ഷികളുടെയും ജീവികളുടെയും ശബ്ദംകൊണ്ടുണ്ടാകാവുന്ന ഭാവിഫലങ്ങളെക്കുറിച്ച് ഗ്രാമീണർ ചില വിശ്വാസങ്ങളൊക്കെ വെച്ചുപുലർത്തുന്നുണ്ട്.

കാക്ക നാട്ടിൻപുറത്തെ കുടുംബസൗഖ്യം നിട്ടി വിളംബരം ചെയ്യുന്നു എന്ന വിശ്വാസം കവിഭാവനയ്ക്കുപോലും വിഷയീഭവിച്ചതാണ്. 'നത്തു കുഞ്ഞാൽ ഒത്തുകരയു'മെന്നൊരു പഴമൊഴിയുണ്ട്. നത്തിന്റെ ശബ്ദം മരണത്തെയോ ആപത്തിനെയോ സൂചിപ്പിക്കുന്നതത്രെ. ഓരിയുടെ ശബ്ദം മരണസൂചകമാണ്. രാത്രിയിൽ കുമൻ മൂളുന്നത് അടുത്തെങ്ങെങ്കിലും ഭവനത്തിൽ ഗർഭാധാനമുണ്ടാകുന്നതിന്റെ സൂചനയാണെന്ന് പഴമക്കാർ പറയാറുണ്ട്. പുതുതെങ്കിലും കാര്യത്തെപ്പറ്റി സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഗൗളി ശബ്ദിച്ചാൽ, ആ പറഞ്ഞ കാര്യം സത്യമെന്ന് തീർച്ചപ്പെടുത്താമെന്നാണ് നാടൻ വിശ്വാസം.[7] ഗൗളിയുടെ ശബ്ദവും പതനവും ശ്രദ്ധിച്ച് ലക്ഷണം പറയുവാൻ കഴിവുള്ള ഗൗളിശാസ്ത്രജ്ഞന്മാർ ഇന്നുണ്ടോ എന്നു നിശ്ചയമില്ല. എങ്കിലും, ഗൗളിയുടെ ശബ്ദത്തെയും പതനത്തെയും കുറിച്ചുള്ള ചില വിശ്വാസങ്ങൾ ഇന്നും വെച്ചുപുലർത്തുന്നവരുണ്ട്. യാത്രാവേളയിൽ കിഴക്ക്, തെക്ക്, പടിഞ്ഞാറ്, വടക്ക് എന്നീ ദിശകളിൽനിന്ന് ഗൗളി ശബ്ദിച്ചാൽ ചിന്ത്യലാഭവും, അഗ്നികോണിൽനിന്ന് ശബ്ദിച്ചാൽ ആർത്ഥലാഭവും, നിരൃതികോണിൽനിന്ന് ശബ്ദിച്ചാൽ ദുഃഖവും, വായുകോണിൽനിന്ന് ശബ്ദിച്ചാൽ വിദേശ ഗമനവും, ഈശാനകോണിൽനിന്ന് ശബ്ദിച്ചാൽ വിനാശവുമത്രെ ഫലങ്ങൾ. ശിരോമധ്യത്തിൽ ഗൗളി പതിച്ചാൽ മാതാപിതാക്കന്മാർക്കോ ഗുരുവിനോ മരണവും, ശിരസ്സിന്റെ മറ്റു ഭാഗങ്ങളിൽ വീണാൽ കലഹവും, നെറ്റിത്തടത്തിൽ വീണാൽ നിധിദർശനവും കണ്ണ്, മൂക്ക്, ചെവി, കവിൾത്തടം എന്നിവിടങ്ങളിൽ പതിച്ചാൽ മരണഭയവും വക്ഷസ്സിൽ വീണാൽ മഹാവ്യാധിയും, ഉദരത്തിൽ വീണാൽ മഹാഭയവും, പാർശ്വങ്ങളിലായാൽ ശത്രുപീഡനവും, ഗുഹ്യപ്രദേശത്തായാൽ പന്നഗ ഭീതിയും, പാദങ്ങളിലായാൽ തീർത്ഥയാത്രയും ഫലമത്രെ.

ക്ഷൗരവും കുളിയും

എണ്ണതേച്ചു കുളി, ക്ഷൗരകർമ്മം എന്നിവയെ സംബന്ധിച്ചും ചില വിശ്വാസങ്ങൾ പല സമുദായക്കാർക്കിടയിലുമുണ്ട്. കന്നി, കർക്കിടകം, ധനു, കുംഭം എന്നീ മാസങ്ങളും ജന്മമാസവും, ചൊവ്വ, ശനി, ഞായർ എന്നീ ആഴ്ചകളും, കാർത്തിക, തിരുവാതിര, ആയില്യം, മകം, പൂരം, വിശാഖ, അനിഴം, തൃക്കേട്ട, മൂലം, പൂരാടം, പൂരുരുട്ടാതി, ജന്മനക്ഷത്രം എന്നീ നാളുകളും, ചതുർത്ഥി, ഷഷ്ഠി, അഷ്ടമി, നവമി, ചതുർദ്ദശി, വാവ് എന്നീ പക്കങ്ങളും ഒഴിച്ചുള്ള ദിവസങ്ങൾ മാത്രമേ ക്ഷൗരത്തിന് ശുഭമായി കരുതിയിരുന്നുള്ളൂ. ഞായറാഴ്ച ക്ഷൗരം ചെയ്താൽ ഒരു മാസത്തെ ആയുസ്സും, ശനിയാഴ്ച ചെയ്താൽ ഏഴുമാസത്തെ ആയുസ്സും, ചൊവ്വാഴ്ച ചെയ്താൽ എട്ടുമാസത്തെ ആയുസ്സും കുറയുമെന്നും, ബുധനാഴ്ച ചെയ്താൽ അഞ്ചുമാസത്തെ ആയുസ്സും, തിങ്കളാഴ്ച ചെയ്താൽ ഏഴുമാസത്തെ ആയുസ്സും, വ്യാഴാഴ്ച ചെയ്താൽ പത്തുമാസത്തെ ആയുസ്സും വെള്ളിയാഴ്ച ചെയ്താൽ പതിനൊന്നു മാസത്തെ ആയുസ്സും വർദ്ധിക്കുമെന്നും പ്രാക്തന ജനങ്ങൾ വിശ്വസിച്ചിരുന്നു. അതിനാൽ, ദൂരദിനങ്ങളിൽ ക്ഷൗരം ചെയ്തുപോയാൽ, പിന്നെ ഉടനെ നല്ല ദിവസം ക്ഷൗരം ചെയ്യിക്കുക പതിവായിരുന്നു.

തിരുവാതിര, ഉത്രം, തൃക്കേട്ട നാളുകളിലും, ഞായർ, ചൊവ്വ, വ്യാഴം, വെള്ളി എന്നി ആഴ്ചകളിലും, പ്രഥമ ഷഷ്ഠി, അഷ്ടമി, ദ്വാദശി, ചതുർദ്ദശി, വാവ് എന്നി പക്ഷങ്ങളിലും, ജന്മനക്ഷത്രത്തിലും, സംക്രാന്തി നാളിലും ആശൗചകാലങ്ങളിലും എണ്ണ തേച്ചു കുളിക്കരുതെന്നാണ് പണ്ടത്തെ നിയമം. സ്ത്രീകൾക്ക് ചൊവ്വാഴ്ചയും വെള്ളിയാഴ്ചയും എണ്ണ തേച്ചുകുളിക്ക് ശുഭമാണ്. ഭർത്താവിന്റെ ജന്മനക്ഷത്രം വർജ്ജിക്കണം.

ആർത്തവഫലം

കന്യകമാരുടെ പ്രഥമാർത്തവഫലം ചിന്തിക്കുന്ന പതിവുണ്ട്. ആദ്യമായി ഋതുവാകുന്നത് ഞായറാഴ്ചയായാൽ പുത്രന്മാരില്ലാതെയും തിങ്കളാഴ്ചയായാൽ പതിവ്രതയായും, ചൊവ്വാഴ്ചയായാൽ ദുഃഖിതയായും, ബുധനാഴ്ചയായാൽ പുത്രന്മാരോടുകൂടിയവളായും, വ്യാഴാഴ്ചയായാൽ സമ്പത്തുള്ളവളായും, വെള്ളിയാഴ്ചയായാൽ സൗഭാഗ്യവതിയായും, ശനിയാഴ്ചയായാൽ സർവ്വനാശം ഭവിക്കുന്നവളായും തിരുമെന്നാണ് വിശ്വാസം. അശ്വതി, രേവതി, മൂലം, ഉത്രം, ഉത്രാടം, ഉത്രട്ടാതി, രോഹിണി, പൂയം, മകീരം, അത്തം, ചിത്തിര, ചോതി, വിശാഖം, അനിഴം, തിരുവോണം, അവിട്ടം, ചതയം ഈ നക്ഷത്രങ്ങളിലായാൽ ശുഭകരമാണ്. ചതുർത്ഥി, ഷഷ്ഠി, അഷ്ടമി, നവമി, ദ്വാദശി, വാവ് എന്നി പക്ഷങ്ങളിലായാൽ ശുഭ ഫലമാണുണ്ടാവുകയെന്നാണ് വിശ്വാസം.

ദീപദർശനഫലം

സന്ധ്യയ്ക്കും പ്രഭാതത്തിലും ദീപം കണ്ടു വന്ദിക്കുകയെന്നത് പലരുടെയും പതിവാണ്. തെക്കുഭാഗത്തുനിന്ന് ദീപം കാണുന്നത് അശുഭലക്ഷണമായിട്ടാണ് വിശ്വസിച്ചുപോരുന്നത്. ഉറങ്ങുവാൻ കിടക്കുമ്പോൾ ദീപം കാണണം. "അരി കണ്ടുണ്ണേണം, തിരി കണ്ടു കിടക്കേണം, സന്തതി കണ്ട് മരിക്കേണം" എന്ന പഴമൊഴി ആ വിശ്വാസത്തെ സാധൂകരിക്കുന്നു.

സ്വപ്നം

സ്വപ്നത്തിൽ ജനങ്ങൾക്ക് വിശ്വാസമുണ്ടായിരുന്നു. "സത്യമായ് വരും സ്വപ്നം ചിലർക്കു ചില കാലമോർക്കണം" എന്ന എഴുത്തച്ഛന്റെ വാക്യം ആ വിശ്വാസത്തിന്റെ പ്രതിഫലനമത്രെ. ഉണ്ണിയാർച്ചയുടെ സ്വപ്നം യഥാർത്ഥമായിരുന്നുവെന്നാണ് വടക്കൻപാട്ടിലെ പ്രസ്താവം. കന്നിമാരെ സ്വപ്നം കാണുന്ന ചില വീരനായകന്മാരെയും ഉത്തരകേരളത്തിലെ 'ചാരൻപാട്ടു'കളിൽ കണ്ടെത്താൻ കഴിയും. യാമഭേദമനുസരിച്ച് സ്വപ്നദർശനഫലത്തിന് വ്യത്യാസമുണ്ടാകുമെന്നാണ് വിശ്വാസം. സ്വപ്നശാസ്ത്രത്തെ സംബന്ധിച്ച പല നാടൻ അറിവുകളും പാരമ്പര്യമായി പകർന്നു വരുന്നുണ്ട്.

ചില ഗാർഹികവിശ്വാസങ്ങൾ

മുകളിൽ പറഞ്ഞതുപോലുള്ള നിരവധി പ്രാക്തന വിശ്വാസങ്ങൾ ഗ്രാമീണർക്കിടയിൽ നിലനിന്നുപോരുന്നു. ഗാർഹികാന്തരീക്ഷത്തിലുണ്ടായ അത്തരം വിശ്വാസങ്ങളിൽ പലതും 'അമ്മായിപ്പഴമ'[1]കളാണ്. സാമൂഹിക നുസരിച്ചുള്ള ആചരണങ്ങളും. സാന്മാർഗികമോ, മതപരമോ ആയ വിശ്വാ സപ്രമാണങ്ങൾ ഒരതിർത്തിയോളം ഇവയുടെ പിന്നിലുണ്ട്. ആധുനിക ലോകം ഇത്തരം വിശ്വാസങ്ങളെ അന്ധവിശ്വാസങ്ങളെന്നാണ് വിശേഷി പ്പിക്കുന്നത്. നാം തന്നെ സ്വയം കണ്ടെത്തുന്ന പഴയ വിശ്വാസശിലത യുടെ നിഴലായ സ്മരണകൾ നമ്മിൽ പലരുടെയും ജീവിതത്തിൽ ഒന്നും പ്രവർത്തിക്കുന്നില്ലെന്നും, അവ ലുപ്തപ്രചാരമായ മതവിശ്വാസത്തിൽപ്പെ ടുന്നുവെന്നും, ശാസ്ത്രപ്രപഞ്ചനിയമങ്ങൾ വെളിപ്പെടുത്തുമ്പോൾ അന്ധ വിശ്വാസങ്ങൾക്ക് പിന്തുടർച്ചാവകാശമില്ലെന്നും എ.ജി. ഗാർഡിനാർ അന്ധ വിശ്വാസങ്ങളെക്കുറിച്ചുള്ള ഒരുപന്യാസത്തൽ പ്രസ്താവിക്കുന്നു. ഗാർഹി കമായ അന്ധവിശ്വാസങ്ങളെ വിമർശിച്ചുകൊണ്ട് ജോസഫ് എഡിസനും ഉപന്യസിച്ചിട്ടുണ്ട്.[2] ഇവർ രണ്ടുപേരും പതിമൂന്നാം നൂറ്റിനെപ്പറ്റി പാശ്ചാ ത്യലോകം വച്ചുപുലർത്തുന്ന അന്ധവിശ്വാസത്തെ പരിഹസിക്കുന്നു.

പ്രാക്തന വിശ്വാസങ്ങൾ മുഴുവൻ മൂഢവിശ്വാസങ്ങളാണെന്ന് കരു തുന്നതിലർത്ഥമില്ല. ഭസ്മചന്ദനാദികൾ തൊടുന്നതും, തുളസിപ്പൂവ് തല യിലണിയുന്നതും ഇന്നത്തെ പരിഷ്കാരത്തിന്ന് യോജിച്ചതല്ലായിരിക്കാം. എന്നാൽ, അവയുടെ ഔഷധഗുണംകൂടി പരിഗണിക്കേണ്ടതുണ്ടല്ലോ. മാവി ലയുടെ ജിഹ്വാഗ്രത്തിൽ സരസ്വതി വിളയാടുന്നുവെന്നതാണ് പഴഞ്ചൻ വിശ്വാസം. അതിന്റെ പേരിൽ ഗ്രാമീണർ പല്ലുതേക്കുവാൻ മാവില ഉപ യോഗിക്കുന്നു. പല്ലുകളുടെ സംരക്ഷണത്തിന് ഇത് ഉത്തമമാണെന്നാണ് വൈദ്യശാസ്ത്രം വിധിക്കുന്നതും. നെൽവിള സമൃദ്ധിയുണ്ടാക്കുന്നതാ ണല്ലോ. അതിനാൽ നെൽക്കതിരിൽ ശ്രീഭഗവതി വിളയാടുന്നുവെന്ന് വിശ്വ സിച്ചുപോയെങ്കിൽ അവരെ പഴിക്കുന്നതിലെന്തർത്ഥം? മനുഷ്യന്റെ ഭാവ നയും സങ്കല്പവുമൊക്കെ വിശ്വാസങ്ങളിൽ പ്രതിഫലിക്കുന്നുവെന്ന് വ്യക്തമാണ്.

നാടോടി ജീവിതസമ്പ്രദായങ്ങളിൽ വിശ്വാസങ്ങൾക്ക് പ്രാധാന്യമുണ്ട്. നാടൻ വിശ്വാസങ്ങളാണ് ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും ആരാ ധനകൾക്കും മാന്ത്രികകർമ്മങ്ങൾക്കും ഉത്സവാഘോഷങ്ങൾക്കും അനു ഷ്ഠാനനൃത്തങ്ങൾക്കുമെല്ലാം അടിസ്ഥാനം. ഭൗതികവസ്തുക്കൾ, പ്രാകൃ തിക പ്രതിഭാസങ്ങൾ എന്നിവയെപ്പോലെതന്നെ പാരമ്പര്യവിശ്വാസങ്ങളും സാംസ്കാരികോല്പന്നങ്ങളുമായി ബന്ധപ്പെടുന്നു. നാടൻ സാഹിത്യവും നാടൻ വിശ്വാസങ്ങളും തമ്മിലുള്ള ബന്ധം വേർതിരിക്കപ്പെടാവുന്നതല്ല. നാടൻ വിശ്വാസപരമായ സങ്കല്പങ്ങൾ ഐതിഹ്യങ്ങളിലും പഴഞ്ചൊല്ലു കളിലും പുരാവൃത്തങ്ങളിലും മറ്റും കാണാമത്രെ. ഈ നാടൻ സാഹിത്യ രൂപങ്ങളെ അപഗ്രഥിച്ചു പഠിക്കുവാൻ ജനവിശ്വാസങ്ങളെക്കുറിച്ചുള്ള പരി ജ്ഞാനം അത്യന്താപേക്ഷിതമാണ്. അതുപോലെതന്നെ, പ്രാക്തന

നാട്ടുനടപ്പ്

നാട്ടുനടപ്പ് എന്നതിനെ നിത്യജീവിതത്തിലെ പെരുമാറ്റരീതികൾ എന്ന് പൊതുവെ പറയാം. ഓരോ സമൂഹത്തിനും അതിന്റേതായ നാടൻ മര്യാദകളുണ്ട്. നിരക്ഷര സമൂഹങ്ങളിൽ നാട്ടുനടപ്പും ആചാരങ്ങളും സമാനരങ്ങളാണ്. ഭക്ഷണം കഴിക്കുന്ന സമയം, ഭക്ഷണത്തിന്റെ എണ്ണം, ഭാജനം, മുണ്ടാക്കുന്ന രീതി, പല്ലുതേപ്പ്, കുളി, വസ്ത്രധാരണം, കിടത്തം, അതിഥിസൽക്കരണം, അഭിവാദനം, ചിത്ത പറയുവാൻ ഉപയോഗിക്കുന്ന വാക്കുകൾ, അപവാദം പറയൽ, അവഹേളനം, ജാതിശ്രഷ്ട്, പ്രാർത്ഥന, വിവാഹം, പലവിധത്തിലുള്ള ഭൗതിക സംസ്കാരത്തിന്റെ അംഗീകാരം എന്നിവയെല്ലാം ഓരോ സമൂഹത്തിനും പ്രത്യേകതരവും, അനൗപചാരികമായ സാമൂഹിക നിയന്ത്രണത്തിലുള്ളതുമാണ്. നാട്ടുനടപ്പനുസരിച്ചേ സാമൂഹിക സാംസ്കാരിക പരിതഃസ്ഥിതിയിൽ ജീവിക്കുവാൻ കഴിയൂ. നാട്ടുമര്യാദകളുടെ ലംഘനം സാമൂഹിക ശാസനത്തിന്റെ നിരാകരണവും അവഹേളനവുമാണ്.

വഴക്കങ്ങൾ[1]

സാമൂഹികാനുമതിയോടുകൂടിയ വഴക്കങ്ങൾ സമൂഹത്തിന്റെ അഭിവൃദ്ധിക്ക് അനുപേക്ഷണീയമാണ്. വ്യവസ്ഥാപിതമായ സാമൂഹിക സമ്പ്രദായത്തിന്റെ മുഖ്യാംശമാണ് അവ. സമൂഹത്തിന്റെ അടിസ്ഥാനാവശ്യങ്ങൾക്ക് അവ നേരിട്ടു ബന്ധപ്പെടുകയും ചെയ്യുന്നു. നന്മതിന്മകളായ കർമ്മങ്ങളെ വേർതിരിച്ചറിയുന്നത് സാമൂഹിക വഴക്കങ്ങളിലൂടെയത്രെ. അവ അനുരോധപരമോ, നിഷേധാത്മകമോ ആകാം. സദാചാരപരമായ അനേകം വിശ്വാസങ്ങളിലും, അനുഷ്ഠാനം, സംസ്കാരക്രിയ മുതലായവയിലും ആദ്യത്തേത് പ്രതിഫലിക്കുന്നു. വിലക്കുകൾ, വ്യക്തിചാരം, കളവുപറയൽ, നിഷിദ്ധമായ വിവാഹം, സാമൂഹിക കടമകളുടെ ദുരികരണം മുതലായവയെല്ലാം നിഷേധപരമാണ്.

ജീവിക്കുന്ന സാമൂഹിക പരിതഃസ്ഥിതികളിൽ ജനങ്ങൾ ബോധപൂർവ്വമല്ലാതെ സ്വീകരിക്കുന്ന ചിന്തയുടെയും കർമ്മത്തിന്റെയും പദ്ധതിയാണ് വഴക്കം. സാമൂഹികസ്വഭാവത്തിൽ ശക്തികൊണ്ട് നിയന്ത്രിക്കുന്ന ഔപചാരിക വിധികളല്ല, അലിഖിതവും അനൗപചാരികവുമായ സാമൂഹികാനുമതികളാണവ. നാടൻ ജീവിതചര്യകളാണ് വഴക്കങ്ങൾക്ക് രൂപം നൽകുന്നത്.

നാട്ടാചാരങ്ങൾ

മനുഷ്യസ്വഭാവത്തിന്റെ ഒരു പൊതു വിക്ഷണഘടകമാണ് ആചാരം. ഒരാൾ ഒരു വഴിക്കുപോയാൽ അതേ വഴി മറ്റുള്ളവർ പിൻതുടരുക സ്വാഭാവികമാണ്. പ്രാക്തന സമൂഹങ്ങളുടെ ജീവിതനടപടിക്രമങ്ങളാണ് ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും വഴിതെളിയിച്ചത്. കുടുംബങ്ങൾ തമ്മിലോ, സമൂഹങ്ങൾ തമ്മിലോ വാങ്ങുകയും കൊടുക്കുകയും നേടു

കയും രക്ഷിക്കുകയും ചെയ്യുന്ന പല ജീവിതബന്ധങ്ങളുമുണ്ടായി. അതി ലൊക്കെ പ്രത്യേകക്രമം പാലിക്കപ്പെടുകയും ചെയ്തുപോന്നു. ഇപ്രകാരം, "ചിട്ടപ്പെടുത്തിയ ദിനചര്യയ്ക്കു സമുദായത്തിന്റെ അനുമതി നേടിക്കഴി ഞ്ഞാൽ, അതൊരാചാരമായി, സമൂഹത്തിന്റെ സ്വത്തായി" മാറും.[2] ആ ആചാരമാണ് അനന്തര തലമുറകളിലേയ്ക്കു പകരുന്നത്. വ്യക്തികളുടെ ഇഷ്ടാനിഷ്ടങ്ങൾ അനുസരിച്ചുള്ള ജീവിതചര്യ സമൂഹം അംഗീകരി ക്കില്ല. സാമൂഹിക നിയമങ്ങൾക്കനുസരിച്ചുള്ള ചര്യകൾ പഠിക്കുവാൻ ഓരോ വ്യക്തിയും ബാധ്യസ്ഥനായി. പൊതു അഭിപ്രായങ്ങളെയോ, അലൗ കികശക്തിയുടെ ശിക്ഷാതത്ത്വങ്ങളെയോ ഭയന്നായിരിക്കാം മനുഷ്യർ ആചാരങ്ങളെ അംഗീകരിച്ചുപോരുന്നത്. സാമൂഹികാചാരങ്ങൾ യഥാർത്ഥ ത്തിൽ സാമൂഹിക നിയമനിർമ്മാണത്തിന്റെ ആദിമരൂപങ്ങളാണ്.[3] സാമ്പ ത്തികവും സാമൂഹികവുമായ വ്യവസ്ഥിതികളെക്കുറിച്ച് ആചാരോപചാ രങ്ങളിൽനിന്ന് പഠിക്കുവാൻ കഴിയും. നാടിന്റെ ദേശീയത ആചാരാനു ഷ്ഠാനങ്ങളിലൂടെ മനസ്സിലാക്കാവുന്നതാണ്.

ആചാരഭേദങ്ങൾ

ദേശാചാരം, ഗ്രാമാചാരം, ക്ഷേത്രാചാരം, കുലാചാരം (ജാത്യാചാരം), ഗൃഹാചാരം, സദാചാരം എന്നിങ്ങനെ ആചാരമര്യാദകൾക്ക് വൈവിധ്യ മുണ്ട്. ലിഖിതങ്ങളായ ശാസ്ത്രാചാരങ്ങളായി ഇവയ്ക്കൊന്നും വലിയ ബന്ധമുണ്ടാകണമെന്നില്ല. ഒരു ദേശത്തിലെയോ, ഒരു ഗ്രാമത്തിലെയോ ആചാരം (കിഴ്നടപ്പ്) മറ്റൊരിടത്ത് ഉണ്ടാകണമെന്നില്ല. ഒരിടത്തെ ആചാ രോപചാരങ്ങൾ മറ്റൊരിടത്തുള്ളവർക്ക് പരിഹാസ്യമായും തോന്നിയേക്കാം. ആചാരോപചാരങ്ങൾക്ക് ദേശഭേദം മാത്രമല്ല, വർഗ്ഗഭേദവുമുണ്ട്. ജനനം മുതൽ മരണപര്യന്തമുള്ള സംസ്കാരകർമ്മങ്ങളും ആഘോഷങ്ങളും ഉത്സ വങ്ങളും ഭക്ഷണക്രമവും എന്നുവേണ്ട, ജീവിതത്തിന്റെ ഏതു രംഗവും ഈ വ്യത്യാസം പ്രകടമാക്കുന്നതാണ്.

ക്ഷേത്രങ്ങളിലും കാവുകളിലും 'സ്ഥാന'ങ്ങളിലും പള്ളികളിലും പള്ളിയറകളിലും അനേകവിധത്തിലുള്ള ആചാരോപചാരങ്ങൾ കാണാം. ചെരിപ്പിട്ട് പ്രവേശിക്കരുതെന്നുള്ളത് സർവ്വത്ര അംഗീകരിക്കപ്പെട്ട ഒരാ ചാരമാണല്ലോ. ഹൈന്ദവക്ഷേത്രങ്ങളിൽ കുപ്പായം ധരിച്ച് പ്രവേശിക്കുന്നത് നിഷിദ്ധമാണ്. ക്ഷേത്രങ്ങളിലും കാവുകളിലും ദർശനം നടത്തേണ്ടതിന്നും, പ്രദക്ഷിണം ചെയ്യേണ്ടതിന്നും പ്രത്യേക മുറകളുണ്ട്. നിവേദ്യം കഴിക്കു മ്പോഴും പ്രത്യേക പൂജകൾ നടക്കുമ്പോഴും ദർശനമരുത്. സാധാരണ മായി വലതുഭാഗത്തുകൂടിയാണ് പ്രദക്ഷിണം തുടങ്ങേണ്ടത്. ശിവക്ഷേ ത്രങ്ങളിൽ ഓവ് മുറിച്ചു കടക്കരുത്. കാളിക്കാവുകളിൽ 'വടക്കേൻവാ തിൽ കർമ്മം' കഴിക്കുന്നിടത്തുകൂടി കടന്നുപോകരുതെന്നാണ് വിശ്വാസം.

നമ്മുടെ ആചാരങ്ങളെപ്പറ്റി ചിന്തിക്കുമ്പോൾ കളരിയാചാരം, നായാ ട്ടാചാരം എന്നിവയെ വിസ്മരിച്ചുകൂടാ. കളരിയിൽ പ്രത്യേക ദേവതാ സങ്കേതങ്ങളും സ്ഥാനങ്ങളുമുണ്ട്. കളരിയഭ്യാസം തുടങ്ങുന്നവർ ചില പ്രത്യേക സ്ഥാനങ്ങളിൽ അരിയിടുകയും, വെറ്റിലയും പഴുക്കയും വെച്ച്

ആചാരം ചെയ്യുകയും വേണമായിരുന്നു. നാടുവാഴികളുടെയും തമ്പുരാക്കന്മാരുടെയും കോവിലകങ്ങളിൽ പെരുമാറേണ്ടത് പ്രത്യേക രീതിയിലായിരുന്നു. ചില പ്രത്യേക ദിനങ്ങളിൽ തിരുമുൽക്കാഴ്ചവെച്ച് രാജാവിനെ മുഖം കാണിക്കുന്ന പതിവുണ്ടായിരുന്നുവെന്ന് വടക്കൻപാട്ടുകളിൽ പ്രസ്താവിച്ചുകാണുന്നുണ്ട്.

ജാതിയും ജാത്യാചാരങ്ങളും

ആചാരബദ്ധമായ ഒരു സാമൂഹിക ജീവിതമാണ് പ്രാചിനർ നയിച്ചിരുന്നത്. കേരളത്തിലെ ജാതി സമൂഹങ്ങളെല്ലാം സമാനമായ ആചാരവിശ്വാസങ്ങളോടുകൂടിയവയല്ല. ജാതി-വർഗ്ഗ വിജ്ഞേനമായിരിക്കാം കൂടുതൽ ആചാരോപചാരങ്ങൾക്ക് വഴി വെച്ചത്. ജാതിവ്യവസ്ഥ പുരാതന കാലത്ത് പല രാജ്യങ്ങളിലും നിലവിലുണ്ടായിരുന്നു. ഇന്ത്യയിൽ, പ്രത്യേകിച്ചും കേരളത്തിൽ ജാതിസമ്പ്രദായം ദൂരവ്യാപകമായ ഫലങ്ങൾ ഉളവാക്കി. ജാതിവ്യവസ്ഥ ബ്രാഹ്മണരുടെ സൃഷ്ടിയാണെന്നാണ് ലോഗൻ തുടങ്ങിയ ചില പണ്ഡിതന്മാർ പറഞ്ഞിട്ടുള്ളത്.[4] എന്നാൽ, ഈ പ്രസ്താവന ആശയക്കുഴപ്പമുണ്ടാക്കുന്നതാണ്. "ജാതിയും അയിത്താചാരവും ഈ ബ്രാഹ്മണാധിനിവേശകരുടെ സൃഷ്ടിയല്ല. ഭിന്നഗോത്രങ്ങൾ എന്ന നിലയിലോ, ഒരു സമൂഹത്തിലെ ഭിന്ന വിഭാഗങ്ങൾ എന്ന നിലയിലോ അതതു പ്രദേശത്തെ ജനങ്ങൾ പുലർത്തിപ്പോന്ന ഉച്ചനീചത്വഭാവങ്ങളെ അവനവനു സൗകര്യകരമായ ഒരു പ്രത്യയശാസ്ത്രത്തിന്റെ മൂശയിൽ ഹൈന്ദവജാതി സമൂഹമാക്കി സ്ഥിരീകരിക്കുക മാത്രമാണ് ബ്രാഹ്മണർ ചെയ്തത്"[5] എന്ന് പറയുന്നതായിരിക്കും ശരി. അതെങ്ങനെയായിരുന്നാലും, ജാതിവർഗ്ഗവിഭിന്നതകളും ദായക്രമവ്യത്യാസങ്ങളും ആചാരാനുഷ്ഠാനാദികളിലും, ജീവിതക്രമത്തിലും വൈവിദ്ധ്യം സൃഷ്ടിക്കാതിരിക്കയില്ല. ആചാരങ്ങൾ മതതത്ത്വങ്ങളെപ്പോലെ പ്രാബല്യം നേടുകയും, പ്രാചീന സമൂഹങ്ങളിൽ കൂടുതൽ വേരോടുകയും ചെയ്തതിനാൽ, ആചാരപാനങ്ങൾക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ജാതി-വർഗ്ഗാദികൾ ആചാരാനുഷ്ഠാനമൂറ ആചരിക്കപ്പെടുന്ന അണികളായി ചിത്രീകരിക്കപ്പെടാറുണ്ട്. അവയുടെ ധർമ്മം ജാതിവ്യവസ്ഥയ്ക്കെതിരല്ല. വൈകാരികതലങ്ങളിൽമാത്രം അവ ഒതുങ്ങി നിൽക്കുന്നുമില്ല. സാമൂഹികബന്ധങ്ങളിലുള്ള സമാനതയുടെ തത്ത്വമുയർത്തുകയും പ്രദർശിപ്പിക്കുകയുമാണ് അവ ചെയ്യുന്നത്.

തൊഴിലിനെ അടിസ്ഥാനമാക്കിയുള്ള ജാതിതിരിവാണ് ആദ്യകാലത്തുണ്ടായിരുന്നത്. സംഘകാലചരിത്രവും മറ്റും അതാണല്ലോ തെളിയിക്കുന്നത്. പിന്നിടാണ് തീണ്ടിക്കൂടായ്മയും തൊട്ടുകൂടായ്മയുമൊക്കെ തലപൊക്കിയത്. ബ്രാഹ്മണർ എട്ട്, ന്യൂനവർഗ്ഗം രണ്ട്, അന്തരാളർ പന്ത്രണ്ട്, ശൂദ്രർ പതിനെട്ട്, ശിൽപികൾ ആറ്, പതിതന്മാർ പത്ത്, നീചജാതികൾ എട്ട് എന്നിങ്ങനെ ആകെ അറുപത്തഞ്ചു ജാതികൾ നിവിലുണ്ടായിരുന്നുവെന്നാണ് പഴയ വിശ്വാസം. എന്നാൽ, ജാതികളെയും ഉപജാതികളെയും ഗിരിവർഗ്ഗ സമൂഹങ്ങളെയും എണ്ണിനോക്കിയാൽ ഇതിൽ കൂടുതൽ കാണാം.

കേരളബ്രാഹ്മണരിൽ ബ്രഹ്മപ്രതിഷ്ഠയുടെ വിവിധത്വംകൊണ്ടും ആഭിജാത്യഭേദംകൊണ്ടും എട്ട് ഉപവിഭാഗങ്ങളാണുള്ളത്. സംമ്രാട്ട് (തന്ത്രം), ഹോത്രം, ഭട്ടവൃത്തി, സന്യാസം, യാഗം കഴിപ്പിക്കൽ എന്നീ സ്ഥാനമുള്ള വർ), സാമാന്യർ (വേദാഭ്യാസം, മന്ത്രവാദം, ക്ഷേത്രങ്ങളിൽ തന്ത്രം, സന്യാസം എന്നിവയ്ക്ക് അധികാരമുള്ളവർ), ജാതിമാത്രന്മാർ, (അഷ്ടവൈദ്യന്മാർ, ആയുധമെടുത്തവർ, വേദാധ്യയനം ഉപേക്ഷിച്ചവർ), സാങ്കേതികന്മാർ (എമ്പ്രാന്തിരി, തുളുപ്പോറ്റി തുടങ്ങിയവർ), ശാപഗ്രസ്തർ, പാപികൾ (ശൂദ്രപുരോഹിതരായ ഇളയത്, പെരുമാളെ നിഗ്രഹിക്കുവാൻ അനുവാദം കൊടുത്ത ഗ്രാമണികൾ, പെരുമാളെ കൊന്ന നമ്പിടികൾ, വരാഹമൂർത്തിയെ ഉപേക്ഷിച്ച പന്നിയൂർ ഗ്രാമക്കാർ, പരശുരാമനിൽനിന്ന് ദാനം വാങ്ങിയ മൂസ്സന്മാർ) എന്നിവരാണ് ആ വിഭാഗക്കാർ.

വാരിയർ, പുഷ്പകർ (നമ്പീശന്മാർ), ഉണിത്തിരി, പിഷാരടി, പൊതുവാൾ തുടങ്ങിയവർ അമ്പലവാസി വർഗ്ഗത്തിൽപ്പെട്ടവരാണ്. പുഷ്പകരിൽത്തന്നെ ബ്രാഹ്മണികളെന്നും പാപ്പിനികളെന്നും രണ്ടുവിഭാഗമുണ്ട്. മാലപ്പൊതുവാൾ, ചെണ്ടപ്പൊതുവാൾ എന്ന് പൊതുവാൾ രണ്ടുതരക്കാരാണ്. ചാക്യാർ, തെയ്യംപാടിക്കുറുപ്പ്, കല്ലാറ്റക്കുറുപ്പ്, തീയാട്ടുണ്ണികൾ, തിയാടി നമ്പ്യാർ, വിൽക്കുറുപ്പ്, മാരയാർ തുടങ്ങിയ അന്തരാള വർഗ്ഗക്കാർ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ടവരാണ്.

നായന്മാരിൽ അകത്തുള്ള നായർ, പുറത്തുള്ള നായർ, പള്ളിച്ചാൻ നായർ, ആന്തൂർ നായർ, അത്തിക്കുറുപ്പ് നായർ, വെളുത്തേടൻ നായർ, ചക്കാല നായർ എന്നിങ്ങനെ അന്യോന്യ ബന്ധമില്ലാത്ത വിഭാഗങ്ങൾ കല്പിച്ചുകാണുന്നുണ്ട്. നായന്മാരെയും നമ്പ്യാന്മാരെയും പോലെയുള്ള സാമുദായിക പദവിയുള്ള പൊതുവാളുമുണ്ട്. പിള്ളയും മേനോനും നായന്മാരുടെ പദവിയുള്ളവരത്രെ, മണിയാണി (കോലയാൻ, എരുവാൻ എന്നീ രണ്ടു വിഭാഗക്കാർ), മൂവാരി തുടങ്ങിയവരും ശൂദ്രരിൽപ്പെട്ടവരാണ്. നാവുതിയൻ, വളഞ്ചിയർ എന്നിവർ ക്ഷുരകവർഗ്ഗത്തിലാണ് പെടുക. കമ്മാള വർഗ്ഗത്തിൽപ്പെട്ടവരാണ് ആശാരി, മൂശാരി, തട്ടാൻ, കൊല്ലൻ (കരുവാൻ) എന്നിവർ. ഇവരെപ്പോലെതന്നെ ചെമ്പോട്ടിയും ശില്പാചാരികളും ശില്പ ജാതിയിൽപ്പെടുന്നു.

മണ്ണാൻ, വണ്ണാൻ, മലയൻ, പാണൻ, വേലൻ, മുന്നൂറ്റാൻ, പെരുമണ്ണാൻ, അഞ്ഞൂറ്റാൻ, കോപ്പാളൻ, മാവിലൻ, ചിങ്കത്താൻ, ചെറവൻ, കളനാടി, പുള്ളുവൻ, ഗണകൻ തുടങ്ങിയ പല വർഗ്ഗക്കാരും നാടൻ കലകളിലും മാന്ത്രികവിദ്യയിലും പാരമ്പര്യമുള്ളവരാണ്. ഈഴവർ, തീയർ, തണ്ടയാൻ, നാടാർ തുടങ്ങിയവർ വർഗ്ഗബന്ധമുള്ളവരത്രെ. ചാലിയൻ, പപ്പട ച്ചെട്ടി, എണ്ണച്ചെട്ടി, യോഗി (ചോയി), കൊങ്ങിണി തുടങ്ങിയ വിഭാഗക്കാർ കേരളത്തിൽ പിൽക്കാലത്ത് വന്നുചേർന്നവരാണെന്നാണ് വിശ്വാസം.

മുക്കുവർ, മുഗയർ (മൊയോർ), വാലർ തുടങ്ങിയവർ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടുപോന്ന ജാതിക്കാരാണ്. പുലയർ, ചേരമൻ, അടിയാന്മാർ തുടങ്ങിയവരെ കേരളത്തിലെ ആദിവാസികളും കാർഷിക പാരമ്പ

ര്യമുള്ളവരുമായി കരുതണം. പറയർ, വേട്ടുവർ, കരിമ്പാലർ തുടങ്ങിയ വർഗ്ഗക്കാർ കേരളത്തിൽ പണ്ടേയ്ക്കുപണ്ടേ ഉള്ളവരാണെന്ന് 'കേരളോല്പത്തി'യിൽ സൂചിപ്പിച്ചു കാണുന്നു.

പണിയർ, കുറിച്യർ, ഇരുളർ, ഉള്ളാടർ, ഊരാളികൾ, കാടർ, കുറുമർ, കാണിക്കാർ, കുറുമ്പർ, കൊച്ചുവേലർ, നായാടികൾ, പതിയർ, പളിയർ, മലക്കാരർ, മലങ്കുറവർ, മലപ്പണിക്കർ, മലയരയർ, മലവേടർ, മലവേട്ടുവർ, മുതവർ, വിഷവർ തുടങ്ങിയ ആദിവാസിവർഗ്ഗങ്ങൾ കേരളത്തിലെ വനപ്രദേശങ്ങളിൽ തങ്ങളുടെ വർഗ്ഗപാരമ്പര്യസ്വഭാവം നഷ്ടപ്പെടാതെ ജീവിക്കുവാൻ ശ്രമിക്കുന്നു. ആദിവാസികളുടെ സാമൂഹികാചാരങ്ങൾ മറ്റുള്ളവരുടേതിൽനിന്ന് ഭിന്നമാണ്. വിവാഹം, ഋതുസ്നാനം, ശവസംസ്കാരം, ആശൗചം, ആരാധനതൊട്ടുള്ള കാര്യങ്ങളിലെല്ലാം അവർ മറ്റുള്ളവരുമായി ബന്ധപ്പെടുകയോ, അന്യരെ അനുകരിക്കുകയോ, അനുസരിക്കുകയോ ചെയ്യുന്നില്ല.

ഹൈന്ദവരെ കൂടാതെ ക്രിസ്ത്യാനികൾ, ഇസ്ലാമികൾ തുടങ്ങിയ അന്യമതസ്ഥരും കേരളത്തിൽ അധിവസിക്കുന്നുണ്ട്. ഇവരുമായി ആചാരവിശ്വാസാദികളിൽ ചെറിയതോതിലെങ്കിലും ആദാനപ്രദാനങ്ങളുണ്ടായിട്ടുണ്ടെന്നുള്ളതും അനിഷേധ്യമാണ്.

കേരളത്തിലെ നാനാജാതി മതസ്ഥരായ ജനസമൂഹങ്ങളിൽ ചിലതിന്റെ പേരുകൾ ഇവിടെ സൂചിപ്പിച്ചുവെന്നേയുള്ളൂ. ജനസംസ്കാരത്തെയും ജീവിതചര്യകളെയും ആചാരവിശ്വാസാദികളെയും കലാവിശേഷങ്ങളെയും കുറിച്ചുള്ള അന്വേഷണം ജാതി സമൂഹപഠനം കൂടാതെ സാധ്യമല്ലെന്ന് വ്യക്തം. കേരളത്തെ സംബന്ധിച്ചിടത്തോളം ഓരോ ജാതിവർഗ്ഗ സംസ്കാരത്തെക്കുറിച്ചുമുള്ള പഠനം നാടോടിവിജ്ഞാനീയത്തെ ഒരു തരത്തിലല്ലെങ്കിൽ മറ്റൊരു വിധത്തിൽ പോഷിപ്പിക്കാതിരിക്കില്ല.

ഓരോ സമുദായവും ചെയ്യേണ്ട തൊഴിലുകളും അനുഷ്ഠിക്കേണ്ട ആചാരങ്ങളും ഏതെല്ലാമായിരിക്കണമെന്ന് നിയമമുണ്ടായിരുന്നു. 'ജാതിമര്യാദ'വിട്ട് ആരും പ്രവർത്തിച്ചിരുന്നില്ല. പ്രാചീനകേരളത്തിലെ കുലത്തൊഴിലുകൾ ആചാരത്തിന്റെ രൂപവും സ്വഭാവവും ഉൾക്കൊണ്ടതായിരുന്നു. ജാത്യാചാരങ്ങളിൽനിന്ന് വ്യതിചലിച്ചവർക്ക് ശിക്ഷ നൽകുക പതിവായിരുന്നു. വർഗ്ഗവിഭജനം സമൂഹങ്ങളെ അകറ്റി നിറുത്തിയിരുന്നുവെങ്കിലും, പരസ്പരമടുക്കുവാനും സഹകരിക്കുവാനുമുള്ള സന്ദർഭങ്ങൾ വിരളമായിരുന്നില്ല.

ചെറുജന്മം

പരമ്പരാഗതമായി ഓരോ സമുദായക്കാർക്കും പണ്ട് അനുവദിച്ചുകൊടുത്തിരുന്ന ആചാരപരമായ അവകാശമാണ് 'ജന്മം', പ്രശ്നം വെച്ച് ഫലം പറയുവാൻ നാട്ടു ജ്യോത്സ്യന്മാരായ കണിശ(ഗണക)ന്മാർക്കാണ് അവകാശം. ചില കാവുകളിൽ ഓലക്കുട കെട്ടി സമർപ്പിക്കുവാനുള്ള അവകാശം കണിശന്മാർക്കെന്നപോലെ പാണന്മാർക്കുമുണ്ട്. ഋതുസ്നാനത്തിന്നും മറ്റുമുള്ള മാറ്റ് വെയ്ക്കുവാൻ വണ്ണാത്തി(മണ്ണാത്തി)കൾക്കും

അയിത്താചാരം

തൊട്ടുകൂടായ്മ, തീണ്ടിക്കൂടായ്മ തുടങ്ങിയ അനാചാരങ്ങളാണ് അയിത്താചാരങ്ങൾ. ജാതിസമ്പ്രദായത്തിന്റെ ദുഷ്പരിണാമമാണത്. ശുദ്ധി പ അയിത്താ ആദ്യകാലത്ത് അനാചാരമായിരുന്നില്ല. തീണ്ടുന്ന ജാതിക്കാർ ഉന്നതജാതിക്കാരിൽ നിന്ന് അകന്ന് എത്രദൂരം നിൽക്കണമെന്നതിന്ന് വ്യവ സ്ഥയുണ്ടായിരുന്നു. നായാടികൾ നാല്പത്തെട്ടടിയും, പുലയർ അറുപ ത്തിനാലടിയും, കണിശന്മാർ മുപ്പത്താറടിയും, മുക്കുവർ ഇരുപത്തിനാല ടിയും, പാണർ മുപ്പത്തിരണ്ടടിയും, ആശാരി തുടങ്ങിയവർ ഇരുപത്തി നാലടിയും അകലെ നിങ്ങണമെന്നായിരുന്നു പണ്ടത്തെ നിയമം. അയിത്താചാരം എല്ലാ സമുദായക്കാരും പാലിച്ചിരുന്നുവെന്നതാണ് വാസ്തവം. സ്വന്തം ഭവനങ്ങൾ അശുദ്ധി തട്ടാതെ സൂക്ഷിക്കുവാൻ ശ്രദ്ധിക്കാറുണ്ടായിരുന്നു. കുറിച്യർ തുടങ്ങിയ ആദിവാസിവർഗ്ഗക്കാർപോലും അന്യർ ഭവനം തൊട്ടാൽ ഭവനം അശുദ്ധമാകുമെന്ന് വിശ്വസിച്ചുപോന്നു.

അയിത്താചാരം ആവശ്യാധിഷ്ഠിതമായിരുന്നുവെന്ന് കരുതുന്നതിന്ന് തെളിവുകൾ കുറവല്ല. തീണ്ടലിന്ന് ഏറ്റക്കുറച്ചിൽ ഉണ്ടായിരുന്നു. പണിയായുധങ്ങൾ എടുത്താൽ തീണ്ടലിന്ന് ശക്തി കുറയുമെന്നാണ് വിശ്വാസം. അനുഷ്ഠാന കലാനിർവ്വഹണവേളയിൽ തീണ്ടലിന്റെ ദൂരം കുറയും.

ആശൗചാചരണം

ജനിച്ചാലും മരിച്ചാലും ആചരിക്കാറുള്ള അശുദ്ധിയും ആർത്തവാശുദ്ധിയും അയിത്തമായിട്ടാണ് കരുതിപ്പോരുന്നത്. മരിച്ച പുലയ്ക്ക് ജനിച്ച പുല(വാലായ്മ)യെക്കാൾ അശുദ്ധിയുണ്ട്. കേരളത്തിലെ മിക്ക സമുദായക്കാർക്കിടയിലും ഇത്തരത്തിലുള്ള ആശൗചാചരണങ്ങൾ കണ്ടുവരുന്നുണ്ട്. ഓരോ സമുദായത്തിലും അതിന്റെ ദൈർഘ്യത്തിന് ഏറ്റക്കുറച്ചിലുണ്ട്. ബന്ധുതയുടെ അടുപ്പവും അകൽച്ചയും ആശൗചത്തിന്റെ സ്വഭാവത്തിന്നും ദൈർഘ്യത്തിന്നും വ്യത്യാസമുണ്ടാക്കും. സ്ത്രീകൾ ആർത്തവകാലം ആശൗചമായി ആചരിക്കുന്ന പതിവ് മിക്ക സമുദായങ്ങളിലും കാണാം.

ഈറ്റും മാറ്റും

കേരളത്തിലെ പ്രാക്തനാചാരങ്ങളിലൊന്നാണ് 'ഈറ്റും മാറ്റും'. പ്രസവിച്ചാലും, ഋതുവായാലും, മരിച്ചാലുമുള്ള ആശൗചം നീങ്ങുവാൻ മണ്ണാത്തി (വണ്ണാത്തി) മാറ്റുടുത്ത് കുളിക്കണമെന്നാണ് പഴയ ആചാരം അനുശാസിക്കുന്നത്. പല സമുദായക്കാർക്കിടയിലും ഈ ആചാരം നിലനിന്നിരുന്നു. പണ്ട് നാടുവാഴിത്തകാലത്ത്, നാടുവാഴിക്കെതിരായി പ്രവർത്തിക്കുന്നവർക്ക് നൽകിവന്ന ശിക്ഷകളിലൊന്നത്രെ 'ഈറ്റും മാറ്റും വിലക്ക്'. മറ്റേതു ശിക്ഷയേക്കാളും ജനങ്ങൾ ഇതിനെ ഭയപ്പെട്ടിരുന്നു. തൊടുമാറ്റ്, ഉടുമാറ്റ്, വിരിമാറ്റ് എന്നിങ്ങനെ മാറ്റ് മൂന്നു വിധമാണ്. ചില അശുദ്ധികൾ നീങ്ങുവാൻ മാറ്റ് തൊട്ടുകുളിച്ചാൽ മതി. പുരുഷന്മാർക്കുള്ള

അശുദ്ധി പലതും മാറ്റു തൊട്ട് കുളികൊണ്ട് നിങ്ങുമത്രെ. പെറ്റാലും ആർത്തവത്താലുള്ള അശുദ്ധി നിങ്ങുവാൻ ഉടുമാറ്റ് തന്നെ വേണം. നാലു കുളി, അഞ്ചുകുളി, പത്തുകുളി, പതിനൊന്നുകുളി, പതിനെട്ടുകുളി, ഇരുപത്തൊന്നു കുളി, ഇരുപത്തെട്ടു കുളി എന്നിങ്ങനെ പ്രസവിച്ചാലുള്ള അശുദ്ധി ഓരോ സമുദായത്തിലും ഓരോ പ്രകാരമാണ് പാലിക്കപ്പെടുന്നത്.

വെള്ളയും കരിമ്പടവും

ഗൃഹാചാരങ്ങൾ ഓരോ സമുദായത്തിലും ഓരോ വിധമാണ്. വിശേഷാവസരങ്ങളിൽ അതിഥി സൽക്കരണത്തിന് വെള്ളയും കരിമ്പടവും വിരിക്കുകയെന്നത് പല സമുദായക്കാരും ചെയ്തുവരാറുള്ള പ്രാചിനാചാരമാണ്. ഹിന്ദുക്കളുടെയും ക്രിസ്ത്യാനികളുടെയും ഇടയിൽ ഈ ആചാരം നടപ്പുണ്ടായിരുന്നു. പായയിൽ കമ്പിളിയും വെള്ളവസ്ത്രവും വിരിച്ച്, ഒരു നിലവിളക്ക് സമീപത്ത് കത്തിച്ചുവെക്കുകയാണ് അതിന്റെ സ്വഭാവം. അതിഥികളെ സൽക്കരിച്ചിരുത്തുവാൻ മാത്രമല്ല, വിവാഹത്തിന് വധൂവരന്മാരെ ഇരുത്തുവാനും വെള്ളയും കരിമ്പടവും വിരിക്കുന്ന പതിവുണ്ട്. കളംപാട്ട് കെന്നേൻപാട്ട് തുടങ്ങിയ ഗർഭബലികർമ്മങ്ങൾക്ക് പിണിയാളെ ഇരുത്തുവാനും വെള്ളയും കരിമ്പടവും വിരിയ്ക്കും. കുറുപ്പ്, പണിക്കർ, കോമരം തുടങ്ങിയ സ്ഥാനികർക്കും ആചാരക്കാർക്കും വെള്ളയും കരിമ്പടവുമിട്ട് പ്രഥമസ്ഥാനം നൽകുന്ന ആചാരം ഇന്നും നിലനിന്നുപോരുന്നു.

വെറ്റില സൽക്കാരം

എഴുന്നേറ്റാദരിക്കലും വെറ്റില സമ്മാനിക്കലും പണ്ടേയുള്ള ഗൃഹാചാരങ്ങളാണ്. ഇവയെ സംബന്ധിച്ച് തോറ്റംപാട്ടുകളിലും വടക്കൻപാട്ടുകളിലുമൊക്കെ പരാമർശങ്ങളുണ്ട്. വിവാഹാദി കർമ്മങ്ങൾക്ക് വെറ്റില കൂടിയേ കഴിയൂ. വിവാഹ നിശ്ചയത്തിന് ചില സമുദായക്കാർ 'നിശ്ചയ താംബൂലം' എന്ന് പേർ പറയാറുണ്ട്.

അറുപത്തിനാലാചാരങ്ങൾ

മറുനാടുകളിൽ നിന്ന് കേരളത്തിൽ വന്നുചേർന്ന ബ്രാഹ്മണരുടെ സവിശേഷാചാരങ്ങളെയാണ് 'അനാചാരങ്ങ'ളെന്ന് പണ്ഡിതന്മാർ വിശേഷിപ്പിച്ചിട്ടുള്ളത്. ദുരാചാരങ്ങളെന്നോ, മ്ലേച്ഛാചാരങ്ങളെന്നോ ഉള്ള അർത്ഥത്തിലുള്ളതല്ല ആ പ്രയോഗം. "നമ്പൂതിരിമാരുടെ 64 വിശേഷാചാരങ്ങളെ 'അനാചാരങ്ങൾ' എന്ന് വിശേഷിപ്പിക്കുന്നത് ഇതര ബ്രാഹ്മണർക്കിടയിലും ധർമ്മശാസ്ത്രങ്ങളിലും നിലവിലില്ലാത്ത ആചാരങ്ങൾ എന്ന അർത്ഥത്തിലാണ്."[22] ബ്രാഹ്മണർ, കേരളത്തിലെ മറ്റു ജനവിഭാഗങ്ങളുടെ സംസ്കാരത്തെ അംഗീകരിക്കുകയും ആദരിക്കുകയും അനുസരിക്കുകയും ചെയ്തിരുന്നു. അതേസമയം, തങ്ങളുടെ പാരമ്പര്യാചാരങ്ങളെ തീരെ ഉപേക്ഷി

ച്ചില്ല. "നമ്പൂതിരിമാർ നാട്ടുകാരോട് യോജിപ്പാൻ വേണ്ടി വർണ്ണാശ്രമ ധർമ്മങ്ങൾക്ക് ലോപം വരുത്തി എന്നൊരപവാദത്തിനും ഇടയാക്കിയില്ല.... സ്മൃതികളിൽ വികല്പം അനുവദിച്ചിട്ടുള്ളിടത്ത് മറ്റു നാട്ടുകാർ ആദരിക്കാത്ത കോടികളെ ഇവർ സ്വീകരിച്ചു എന്നേ ഉള്ളൂ" എന്ന രാജരാജ വർമ്മയുടെ അഭിപ്രായം[3] ഇവിടെ ചിന്തനീയമാകുന്നു. മുൻകൂടുമ, മക്കത്തായം, കുടുംബത്തിൽ മൂത്ത ആൾമാത്രം സജനവിവാഹം കഴിക്കൽ, മദ്യമാംസാദിവർജ്ജനം, മണ്ണാത്തിമാറ്റ്, മുങ്ങിക്കുളി, ഋതുമതിവിവാഹം, വേളിയുടെ നാലാം ദിവസം നിഷേകം തുടങ്ങിയവ മലയാള ബ്രാഹ്മണരുടെ ആചാരവിശേഷങ്ങളാണ്. ബ്രാഹ്മണരുടെ അറുപത്തിനാല് ആചാരസൂക്തങ്ങളെ ലോഗൺ 'മലബാർ മാന്വ'ലിൽ ചേർത്തിട്ടുണ്ട്. 'അനാചാരങ്ങ'ളെന്ന് വിശേഷിപ്പിക്കപ്പെട്ട ഈ ബ്രാഹ്മണാചാരങ്ങളിൽ സതി സമ്പ്രദായം ഉപേക്ഷണം, തണുത്തു പഴകിയ ഭക്ഷ്യങ്ങൾ കഴിക്കരുത്, സ്ത്രീകളെ വിൽക്കാൻ പാടില്ല തുടങ്ങിയ ഉപദേശങ്ങൾകൂടി ഉണ്ടെന്നുള്ള വസ്തുത വിസ്മരിക്കരുത്.

പ്രാചീന കേരളത്തിലെ രാജാക്കന്മാർക്ക് കല്പിക്കപ്പെട്ടിരുന്ന 'പതിനെട്ടാചാരങ്ങ'ളെപ്പറ്റി 'കേരളോല്പത്തി'യിൽ പ്രസ്താവിക്കുന്നുണ്ട്. രാജ്യപരിപാലനം, കാലുംകോലും, കണയും ചുങ്കവും, വിരുത്തിയും, ഏഴയും കോഴയും ആനയും, വീരചങ്ങല, വിരുത്, വാദ്യം, നേമവെടി, നെറ്റിപ്പട്ടം, പടവീട്, പറക്കുംകുത്ത്, മുന്നിൽത്തളി, ചിരുതൈവിളി എന്നിവയത്രെ ആ ആചാരങ്ങൾ.

പഴുക്കയേറ്

മണ്ണാപ്പേടി, പുലപ്പേടി, പറപ്പേടി, എന്നീ പ്രാചീനാചാരങ്ങളെക്കുറിച്ച് കേരളചരിത്ര ഗ്രന്ഥങ്ങളിൽ പരാമർശങ്ങൾ കാണുന്നുണ്ട്. നീച ജാതിക്കാർക്ക് തീണ്ടൽ കൂടാതെ സ്വതന്ത്രമായി സഞ്ചരിക്കാവുന്ന കാലമാണ് പുലപ്പേടി (മണ്ണാപ്പേടി) കാലം. ഈ കാലത്ത് ഒരു മണ്ണാനോ, പുലയനോ, പറയനോ നായർ തുടങ്ങിയ ഉന്നത സമുദായങ്ങളിൽപ്പെട്ട സ്ത്രീകളെ വെളിയിൽ ഇറങ്ങിക്കണ്ടാൽ, 'കണ്ടു'വെന്ന് വിളിച്ചു പറഞ്ഞാലോ, കമ്പെറിഞ്ഞുകൊള്ളിച്ചാലോ ആ സ്ത്രീ ഭ്രഷ്ടയാകുമെന്നാണ് വിശ്വാസം. പിന്നെ അത്തരം സ്ത്രീകൾക്ക് അവരോടൊപ്പം പോവുകയേ നിർവ്വാഹമുള്ളൂ. ഉയർന്ന ജാതിക്കാരുടെ കുളങ്ങളിൽ കുളിക്കുവാനും, കാവുകളിൽ കടക്കുവാനും അധികാരമില്ലാത്ത താണജാതിക്കാർക്ക് അതിനെല്ലാം ഉപയോഗപ്പെടുത്താവുന്ന അവസരമായിരുന്നു അത്. ഈ നീചമായ ആചാരത്തെപ്പറ്റി ബാർബോസയാണ് ആദ്യമായി എഴുതിയത്.

പുലപ്പേടി, പറപ്പേടി, മണ്ണാപ്പേടി എന്നീ ആചാരങ്ങൾക്ക് സമാനമായി ഉത്തരകേരളത്തിൽ നടപ്പുണ്ടായിരുന്ന ദുരാചാരമായിരുന്നു 'പഴുക്കയേറ്'. കമ്പുകൊണ്ടോ, കല്ലുകൊണ്ടോ എറിയുന്നതിന്നു പകരം പഴുക്ക ഉപയോഗിച്ചിരുന്നതുകൊണ്ടാണ് ആ പേർ സിദ്ധിച്ചത്. പുലയരും മണ്ണാന്മാരും മാത്രമല്ല, മാപ്പിളമാരും പഴുക്കയെറിയാറുണ്ടെന്ന് വടക്കൻപാട്ടുകളിൽനിന്ന് ഗ്രഹിക്കുവാൻ കഴിയും.

സ്മാർത്തവിചാരം

സമുദായത്തിൽനിന്ന് കനൃകകളെയും സ്ത്രീകളെയും ശ്രഷ്ട് കല്പിച്ച് പുറംതള്ളുന്ന ഒരു പ്രാക്തനസമുദായത്തക്കുറിച്ചാണല്ലോ മേൽ പ്രസ്താവിച്ചത്. ഇതുപോലുള്ള ഒരാചാരം കേരള ബ്രാഹ്മണർക്കിടയിലും നിലനിന്നിരുന്നു. അന്തർജനത്തിന്നോ കനൃകയ്ക്കോ 'അടുക്കള ദോഷ'മുണ്ടെന്നു സംശയം തോന്നിയാൽ, വിചാരണചെയ്തു ദോഷം ഉണ്ടെന്നു തെളിഞ്ഞാൽ, ശ്രഷ്ടു കല്പിക്കുകയും സമുദായത്തിൽനിന്നു പുറം തള്ളി 'പടി കടത്തി പിണ്ഡം' വയ്ക്കുകയും ചെയ്യുന്ന ആചാരമാണത്. അതിന് കാലവിചാരം എന്നും സ്മാർത്തവിചാരം എന്നും പേർ പറഞ്ഞിരുന്നു. നാടുവാഴിയുടെയോ രാജാവിന്റെയോ അറിവോടും ഒത്താശയോടുംകൂടി നടക്കുന്ന വിചാരണയാണത്. 'കാലവിചാര'ത്തിൽപ്പെട്ട കുട്ടികളെയും സ്ത്രീകളെയും ചാക്യാർ തുടങ്ങിയ അന്തരാള ജാതിയിൽ ചേർത്തു വന്നിരുന്നുവത്രെ.

കുടുമവെപ്പ്

ഓരോ സമുദായക്കാരുടെയും കുടുമ വളർത്തുരീതി അവരുടെ ആചാരത്തിന്റെ സവിശേഷ പ്രതിഫലനമാണ്. പ്രാക്തനകാലത്ത് കുടുമ നോക്കി ഓരോ സമുദായക്കാരെയും തിരിച്ചറിയാൻ കഴിഞ്ഞിരുന്നു.[10] ക്ഷൗരകർമ്മം അനുഷ്ഠാനത്തിന്റെ ഭാഗമായി വരുന്ന സന്ദർഭങ്ങളുണ്ട്. ചൂഡാകർമ്മം പല സമുദായക്കാരിലുമുള്ള ആചാര കർമ്മമാണ്. കേരളത്തിലെ നസ്രാണികളുടെ ഇടയിൽ കല്യാണത്തോടനുബന്ധിച്ചു നടത്തുന്ന 'അന്തം ചാർത്ത്' എന്ന കർമ്മം ഇവിടെ സ്മരണീയമാണ്. കല്യാണം കഴിക്കുന്ന തുവരെ പണ്ട് മുഖം വടിക്കുകയില്ലായിരുന്നു. അതുകൊണ്ടാണ് 'ചന്തം ചാർത്തുന്നു' അന്തം ചാർത്തു കർമ്മം നടത്തുന്നത്. ബ്രാഹ്മണർ, നായന്മാർ തുടങ്ങിയുള്ള ഹൈന്ദവർക്കിടയിലും വിവാഹത്തിന്നു മുമ്പ് ക്ഷൗര കർമ്മം ചെയ്യണമെന്നുണ്ടായിരുന്നു. മരിച്ചാൽ, ശവദാഹക്രിയയ്ക്കുശേഷം ക്ഷൗരകർമ്മം വേണമെന്നാണ് ആചാരം. ചിറുമ്പക്കാവുകളിലെ ആയത്താന്മാരും മറ്റുചില കാവുകളിലെ വെളിച്ചപ്പാടൻമാരും വ്രത സൂചകമായി തല മുണ്ഡനം ചെയ്തുകാണാം. ഈ ആചാരമുണ്ഡന സമ്പ്രദായം തീയ സമുദായത്തിൽപ്പെട്ടവരിലാണ് കൂടുതൽ കണ്ടുവരുന്നത്. വ്രതാനുഷ്ഠാനങ്ങൾക്ക് വ്രതാരംഭത്തിലും വ്രതസമാപ്തിക്കും ക്ഷൗരകർമ്മം നടത്തിക്കും. പാരമ്പര്യം തെറ്റിച്ച് ഇഷ്ടാനുസരണം കുടുമ വളർത്തിയാൽ ജാതി ശ്രഷ്ടരാകുമെന്നാണ് പഴയ വിശ്വാസം. എന്നാൽ, ഇത്തരം ആചാരങ്ങൾക്കെല്ലാം പ്രസക്തി കുറഞ്ഞിരിക്കുകയാണ്. വസ്ത്ര ഭൂഷാചാരങ്ങളും പ്രതിവർഗ്ഗിന്നമായിരുന്നു.

വിലക്കുകൾ

അനുഷ്ഠാനപരമോ ആചാരപരമോ ആയ നിഷേധങ്ങളാണ് 'വിലക്കുകൾ'. അശുദ്ധി, വൃത്തിഹീനത, നികൃഷ്ടത, അപകടത്വം, പാവനത,

എന്നിങ്ങനെയുള്ള സ്വഭാവങ്ങളോടുകൂടിയ വസ്തുക്കളുമായി വിലക്കുകൾക്ക് ബന്ധം കാണാം. സാധനങ്ങൾ, മൃഗങ്ങൾ, ചെടികൾ, സ്ഥലങ്ങൾ, ജനങ്ങൾ, വാക്കുകൾ, പേരുകൾ, പ്രവൃത്തികൾ തുടങ്ങിയവ നിരോധത്തിന്റെ മേഖലയിൽ വരുന്നവയാണ്. തലമുടി (രോമം), നഖം, ഉമിനീർ, കഫം, ചോര, തുടങ്ങിയ വസ്തുക്കൾ നിഷിദ്ധങ്ങളായി കരുതാത്തവർ കുറയും. കോഴി, പട്ടി എന്നിവയെ സ്പർശിച്ചാൽ അശുദ്ധി തട്ടുമെന്നാണ് ബ്രാഹ്മണരും മറ്റും വിശ്വസിക്കുന്നത്. ചില ചെടികളും വൃക്ഷങ്ങളും ചിലർക്ക് ചില സന്ദർഭങ്ങളിൽ സ്പർശിക്കുവാൻ പാടില്ല. അശോകം, പ്ലാശ്, തുളസി, കൂവളം, തുടങ്ങിയ പുണ്യ വൃക്ഷങ്ങളെയും ചെടികളെയും ഋതുവായ സന്ദർഭത്തിൽ സ്ത്രീകൾ സ്പർശിക്കരുത്. 'അരുതായ്മ'യുള്ള സമയത്ത് സ്ത്രീകൾ പണ്ടൊക്കെ പശുവിനെ സ്പർശിക്കാറുണ്ടായിരുന്നില്ല. ആശൗചകാലങ്ങളിൽ ആരാധനാലയങ്ങളിൽ പ്രവേശനം പാടില്ല. കുപ്പക്കുഴികളിലും വൃത്തിഹീനമായ സ്ഥലത്തും ശുദ്ധിയുള്ളവർ ചവിട്ടുക പതിവില്ല. അഥവാ ചവിട്ടിപ്പോയാൽ, കുളിച്ചശേഷമേ പുണ്യകർമ്മങ്ങളും ആരാധനയും നടത്തുക പതിവുണ്ടായിരുന്നുള്ളൂ. ചില ആദിവാസി വർഗ്ഗങ്ങൾക്കിടയിൽ പേരു വെളിപ്പെടുത്തുകയെന്നത് ഒരു വിലക്കത്രെ. കേരളത്തിലെ ചില സമുദായങ്ങളിൽ ഭാര്യ ഭർത്താവിന്റെയോ, ഭർത്താവ് ഭാര്യയുടെയോ പേര് പറയരുതെന്ന് നിയമമുണ്ട്.

വിലക്കുകളെ സമുദായത്തിൽ പൊതുവെ എല്ലാവർക്കും ബാധകമായത്, ചില വിഭാഗക്കാർക്കു മാത്രം ബാധകമായത്, ചിലർക്ക് ചിലപ്പോൾ മാത്രം ബാധകമായത് എന്നിങ്ങനെ തരംതിരിക്കാവുന്നതാണ്. ഭക്ഷണ സംബന്ധമായ ചില വിലക്കുകൾ, മിക്ക സമുദായങ്ങളിലും കാണാം. ചില മതക്കാർക്ക് പന്നിമാംസം നിഷിദ്ധമാണ്. ഹിന്ദുക്കളിൽ പല വിഭാഗക്കാരും ഗോ മാംസം ഭക്ഷിക്കുകയില്ല. കേരള ബ്രാഹ്മണരും മറ്റു ചില സവർണ്ണരും മധുമാംസാദികൾ വർജ്ജിക്കുന്നവരാണ്. എങ്കിലും, യാഗം തുടങ്ങിയ കർമ്മങ്ങളുടെ അംഗമായി യാഗപ്പശുവിന്റെ 'വപ' ഉപയോഗിക്കുമത്രെ.

ഗോത്രബന്ധവും കുടുംബബന്ധവും ഏതൊരു സമുദായത്തിന്റെയും അടിസ്ഥാന ഘടകമാണ്. അതിൽ വിവാഹബന്ധം മുഖ്യമത്രെ. അന്യ ഗോത്രങ്ങളിൽനിന്നേ വിവാഹം പാടുള്ളൂ. സ്വഗോത്ര വിവാഹം പാടില്ലെന്നത് ഒരു തരം വിലക്കാണ്. "നരവംശ വിജ്ഞാനീയത്തിൽ, അഗമ്യഗമനനിരോധം ചരിത്രപരമായ കാരണങ്ങളാൽ ചിരന്തനമായ പ്രശ്നങ്ങൾ വളർത്തുന്നു."[11] "ടോട്ടം ആൻഡ് ടാബോ' (1913) എന്ന ഗ്രന്ഥത്തിൽ ഫ്രെയ്സർ അഗമ്യഗമനത്തിന്റെ ഉദ്ഭവകാരണം കണ്ടെത്താൻ ശ്രമിക്കുന്നുണ്ട്.

കേരളത്തിലെ ആചാരങ്ങളെക്കുറിച്ച് അവധാനപൂർവ്വം ചിന്തിച്ചിട്ടുള്ളവരെല്ലാം അവ സുചിന്തിതവും, സുസാധകവുമാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. "കുളിയിൽ, കുറിയിൽ, ഉടുപ്പിൽ, ഊണിൽ, വിജ്ഞാനവിതരണത്തിൽ, പ്രേമത്തിൽ, ദിനത്തിൽ, മരണത്തിൽ തുടങ്ങി ജീവിതത്തിന്റേതായ എല്ലാ മുക്കിലും മൂലയിലും കൈവെയ്ക്കുമ്പോൾ ആചാരം അതിന്റെ രക്ഷയ്ക്കെത്തുന്നു."[12] കൃഷി, നായാട്ട്, ആരാധനം, ആഘോഷം, ഉത്സവം, വിവാഹാദി കർമ്മങ്ങൾ എന്നുവേണ്ട ജീവിതത്തിന്റെ പ്രവർത്തനമണ്ഡലങ്ങളിലെല്ലാം ആചാരങ്ങൾക്ക് വേരോട്ടമുണ്ടായിട്ടുണ്ട്.

ങ്ങാകയുള്ളൂ എന്ന വിശ്വാസം അന്നത്തെ ജനസമൂഹത്തിന്നുണ്ടായി. നര ബലിയും ക്രവ്യാശിത(നരമാംസ ഭോജന)വും ഉർവ്വരതാനുഷ്ഠാനമുറ യുടെ ഭാഗമായിത്തീർന്നു.

മനുഷ്യരക്തം നൽയ്ക്കാതെ ധാന്യം വളരുകയില്ലെന്ന വിശ്വാസം പാശ്ചാത്യദേശങ്ങളിൽ നിലവിലുണ്ടായിരുന്നു. മനുഷ്യരക്തം ബലിയർപ്പി ക്കുക വഴി നല്ല വിളവു വാഗ്ദാനം ചെയ്യപ്പെടുമെന്ന് അമേരിക്കയിലെ ആദിമ ഇന്ത്യൻ നിവാസികൾ വിശ്വസിച്ചിരുന്നുവത്രെ. ഉർവ്വരാരാധനയു മായി ബന്ധപ്പെട്ട്, ഉർവ്വരതയെ പുഷ്ടിപ്പെടുത്തുവാനുള്ള നരബലികൾക്ക ങ്ങൾ പല ദേശങ്ങളിലും ഉണ്ടായിരുന്നതായി കരുതണം. "മൊളോക്ക് എന്ന ദേവതയ്ക്ക് കുട്ടികളുടെ രക്തത്താൽ സദ്യ നൽകിയിരുന്നില്ലെങ്കിൽ ചോളം വളരുവാൻ ആ ദേവത സഹായിക്കുകയില്ലെ"ന്ന[10] ധാരണ പുരാ തന ഫിനിഷ്യക്കാരുടെയും അമ്മൺ വർഗ്ഗക്കാരുടെയും ഇടയിൽ ഉണ്ടാ യിരുന്നു. വ്യവസായ വൽക്കരണത്തിന്റെ ആദ്യകാലങ്ങളിൽ മാഞ്ചസ്റ്ററിലെ മതപ്രചാരകന്മാർക്കിടയിലും ഇത്തരം അഭിപ്രായമുണ്ടായിരുന്നുവത്രെ. വിളവിനുവേണ്ടിയുള്ള നരബലികൾ ബംഗാളിലെ ഖോണ്ഡ് വർഗ്ഗക്കാർക്കി ടയിൽ നിലനിന്നിരുന്നു[11]വെന്നാണ് പറയപ്പെടുന്നത്. രക്താരാധനാപരമായ ഈ അനുഷ്ഠാനം വളരെക്കാലം നിലനിന്നുവെന്നാണ് കരുതപ്പെടുന്നത്. ശുദ്ധമായൊരു മാന്ത്രിക ഉർവ്വരാരാധനാരീതി പിൽക്കാലത്താണുണ്ടായത്. അത് കലർപ്പില്ലാത്ത മതപ്രകൃതിയുടെ ശിഷ്ടാചാരമായി വളരുവാൻ തുട ങ്ങിയത് എവിടം മുതലാണെന്ന് രേഖപ്പെടുത്തുവാൻ പ്രയാസമത്രെ.[12]

ഉർവ്വരതാനുഷ്ഠാനമുറകൾ ഉത്സവാഘോഷങ്ങളിലും മാന്ത്രിക കർമ്മ ങ്ങളിലും പുജാവിധികളിലും പ്രത്യക്ഷപ്പെടുന്നുണ്ട്. പലപ്പോഴും ഇവയെ ല്ലാം സങ്കീർണ്ണമായാണ് വരുന്നത്. "മാന്ത്രികമായ ഉർവ്വരതാനുഷ്ഠാനമു റകൾ പ്രകൃതിയുടെ പ്രക്രിയകളെ സുരക്ഷിതമാക്കുവാൻ ആവശ്യമാ ണെന്ന നിലയിൽ ആദരിക്കപ്പെടുകയും പ്രകൃത്യാധിഷ്ഠിത രൂപമെന്ന നിലയിൽ കർമ്മങ്ങളിൽ സംരക്ഷിതമായി തുടർന്നു സ്വീകരിച്ചു പോരു കയും ചെയ്യുന്നു."[13] വൈദിക താന്ത്രിക കർമ്മാനുഷ്ഠാനങ്ങൾമുതൽ നിത്യജീവിതത്തിലെ അതിഥിപൂജാവിധികൾവരെയുള്ള രംഗങ്ങളിലെല്ലാം ഏറ്റക്കുറവുകളോടെ ഉർവ്വരതാനുഷ്ഠാനമുറകൾ സ്ഥാനം പിടിച്ചിട്ടുണ്ടെ ന്നുള്ളത് ചിന്തനീയമാണ്.

കൃഷിസ്ഥലത്തിന് 'ഉർവ്വര' എന്ന് പേരുണ്ട്. ഭൂമിയെ ഒരു ദേവത യായിട്ടാണ് ഭാരതീയർ കരുതുന്നത്. ഭൂമിയെ എന്നതുപോലെ ഭൂമിയിൽ വിളയുന്ന ധാന്യാദികളെയും പൂജിക്കുവാൻ തുടങ്ങി. റൈസ്മദർ, കോൺമദർ, ബാർലിമദർ തുടങ്ങിയ ഉർവര ദേവതാസങ്കല്പങ്ങൾ പാശ്ചാത്യദേശ ങ്ങളിലെ പ്രാക്തന സംസ്കാരങ്ങളിൽ കാണാം. ഗ്രീക്കുകാരുടെ ഐശ്വര്യ ദേവതയായ ഡെമീറ്റർ കാർഷികാഭിവൃദ്ധിക്കു സഹായിക്കുന്ന ഒരു ഉർവ്വ രദേവതയാണ്. റോമാക്കാരുടെ കൃഷിയുടെയും കാർഷിക വിളവുകളു ടെയും ദേവതയാണ് സീറെസ്സ് എന്ന ദേവി. റോമിൽ ഒരു കുലാരാധന യുടെ രൂപത്തിൽ കാർഷികാരാധന നിലവിലിരുന്നുവെന്ന് പറയപ്പെടുന്നു. ബാബിലോണിയയിൽ ഫലപുഷ്ടിയുടെ ദേവതയായി അറിയപ്പെടുന്നത്

ഇഷ്താർ എന്ന ദേവതയാണ്. ഈജിപ്തിലെ പ്രാക്തന മതഘടകങ്ങളിൽ നാടൻ കാർഷിക വിശ്വാസങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാധാന്യമുണ്ടായിരുന്നു. അവിടത്തെ ഉർവ്വരദേവതകളിൽ ഒസിറിസ് എന്ന പുരുഷദേവതയാണ് മുഖ്യം.[14] ചന്ദ്രനിൽ വസിക്കുന്ന ഒരു സ്ത്രീയുടെ സങ്കല്പത്തിലുള്ള കാർഷിക ദേവതയെ വടക്കെ അമേരിക്കയിലെ ചില വർഗ്ഗക്കാർ ആരാധിക്കുന്നുണ്ട്. ചോളം തുടങ്ങിയ കാർഷിക വിഭവങ്ങളുടെ രക്ഷിതാവെന്ന നിലയിൽ ആ ദേവതയെ പുരസ്കരിച്ച് ചില അനുഷ്ഠാനങ്ങൾ നടത്തപ്പെടുന്നു. പ്രായമുള്ള ഗ്രാമീണസ്ത്രീകൾ ഒന്നിച്ചു ചേർന്ന് ആ സാങ്കല്പിക വനിതയുടെ പ്രതിനിധിയായി അഭിനയിക്കുമത്രെ.[15]

നെൽക്കതിരിൽ ഐശ്വര്യ ദേവതയായ ശ്രീഭഗവതി കുടികൊള്ളുന്നുവെന്ന സങ്കല്പം ഇവിടെ ഇന്നും നിലനിൽക്കുന്നു. നിറയ്ക്ക് നെൽക്കതിർ ആഘോഷപൂർവ്വം എഴുന്നള്ളിച്ചുകൊണ്ടുവന്ന് ആരാധിക്കുന്നത് അതുകൊണ്ടാണ്. പ്രാചീന ചൈനയിൽ പട്ടുനൂൽ പുഴുക്കളെ വളർത്തുന്നത് ദൈവികവും മതപരവുമായ ഒരു ചടങ്ങായിരുന്നുവത്രെ. "മാത്രമല്ല, സി-ലിങ്-ചിയെ പട്ടുനൂൽപ്പുഴുക്കളുടെ ദേവതയായി കണക്കാക്കി വർഷത്തിലൊരിക്കൽ ഒരു പ്രത്യേക ദിവസം അഭിവാദനങ്ങളും അർപ്പിച്ചിരുന്നു."[16]

നെല്ലും അരിയുമില്ലാത്ത ആഘോഷങ്ങളോ, ഉത്സവങ്ങളോ ആരാധനകളോ ഇവിടെ കുറവാണ്. അഷ്ടമംഗല്യം, നിറപറ എന്നിവയ്ക്ക് സാമൂഹിക ജീവിതത്തിൽ വളരെയേറെ സ്വാധീനം ചെലുത്തുവാൻ കഴിഞ്ഞിട്ടുണ്ട്. ആചാരോപചാരങ്ങളിലും ആരാധനകളിലും മറ്റും വെറ്റില, പഴുക്ക, നാളികേരം, കുരുത്തോല, പുഷ്പങ്ങൾ തുടങ്ങിയ പ്രകൃതിവസ്തുക്കൾക്കുള്ള സ്ഥാനം പ്രധാനമാണ്.

പ്രകൃത്യാരാധന, ഉർവരപൂജയുടെ ഭാഗമാണ്. പ്രകൃത്യാരാധനയിൽ ചേതനത്വമാരോപിക്കപ്പെട്ട ഭൂമി, അഗ്നി, വെള്ളം, കാറ്റ് എന്നീ നാലു ഘടകങ്ങളുടെ ആരാധനയടങ്ങുന്നു.[17] വടക്കെ അമേരിക്കയിലെ ചില വർഗ്ഗക്കാർക്കിടയിൽ ഇത്തരം ആരാധന നിലവിലുണ്ടായിരുന്നുവത്രെ. നമ്മുടെ സംസ്കാരത്തിലും പ്രകൃത്യാരാധനയുടെ ഈ ഘടകങ്ങൾ കണ്ടെത്താൻ കഴിയും. പൊങ്കൽ (പൊങ്ങൽ), ഉച്ചാർവേല, പൊങ്കാല, ഏർപ്പ്, കലം കനിപ്പ് തുടങ്ങിയ ഉത്സവാഘോഷച്ചടങ്ങുകളിൽ ഉർവ്വരപൂജയുടെ ലക്ഷണങ്ങൾ പ്രത്യക്ഷമാകുന്നുണ്ട്.[18] ദക്ഷിണകേരളത്തിലെ ചില പ്രദേശങ്ങളിൽ പാടത്തുവെച്ച് നടത്തിവരാറുള്ള 'ഉദയൻപൂജ'യും പ്രകൃത്യാരാധനാപരമായ ഉർവ്വരപൂജയാണ്. വിഷുക്കണി, കേരളീയരുടെ പ്രകൃത്യഭിനിവേശത്തിനും ആരാധനാ മനോഭാവത്തിനും ദൃഷ്ടാന്തമാണ്. തെയ്യം, തിറ, ഗോദാവരിയാട്ടം, കണ്യാർകളി, പൂരക്കളിയിലെ പള്ള് തുടങ്ങിയ അനുഷ്ഠാനകലാനിർവ്വഹണങ്ങളിൽ ഉർവ്വരാരാധനാപരമായ അംശങ്ങൾ അടങ്ങിയിട്ടുണ്ട്.

ഉർവ്വര ദേവതകളെ ഏതൊരു സംസ്കാരത്തിലും കണ്ടെത്താമെന്ന് സൂചിപ്പിച്ചുവല്ലോ. വേദങ്ങളിൽ ഭൂമിയുടെയും വെള്ളത്തിന്റെയും

ത്താണെന്നു വിശ്വസിക്കപ്പെടുന്നു. മതപരമായ തത്ത്വങ്ങൾ അംഗീകാരം നൽകാത്ത പല അനുഷ്ഠാനങ്ങളും നിലവിലുണ്ട്. മതവിശ്വാസങ്ങളുടെ പശ്ചാത്തലത്തിൽ വിക്ഷിക്കുമ്പോൾ അനുഷ്ഠാനങ്ങളെ മതങ്ങൾ അംഗീകരിച്ചു ചെയ്യുന്നവ, മതങ്ങളുടെ അംഗീകാരമില്ലാതെ ചെയ്യുന്നവ എന്നിങ്ങനെ വേർതിരിക്കാവുന്നതാണ്. മാന്ത്രികാനുഷ്ഠാനങ്ങൾ എല്ലാ മതങ്ങളും അംഗീകരിച്ചിട്ടില്ല. എന്നാൽ, ഉറുക്കെഴുതുക, ചരടുമന്ത്രിക്കുക തുടങ്ങിയവയിൽ ഏർപ്പെടുകയോ വിശ്വസിക്കുകയോ ചെയ്യുന്നവരെ അത്തരം മതാനുയായികളിൽ കണ്ടെത്താൻ കഴിയും. മുസ്ലീങ്ങളുടെ ഇടയിൽ ചിലേടത്ത് പതിവുള്ള 'കുത്ത് റാത്തിബ്' എന്ന അനുഷ്ഠാനത്തിന് മതപരമായ അംഗീകാരം പൂർണ്ണമായി നൽകപ്പെട്ടിട്ടില്ല. ഒരു വിഭാഗക്കാരുടെ അനുഷ്ഠാനം അന്യർക്ക് നിഷിദ്ധമാകാം.

ധർമ്മാനുഷ്ഠാനങ്ങൾ

മനുഷ്യരേവരും ഒരുപോലെ അനുഷ്ഠിക്കേണ്ട സത്പ്രവൃത്തികളാണ് ധർമ്മാനുഷ്ഠാനങ്ങൾ. എല്ലാമതങ്ങളും മതഗ്രന്ഥങ്ങളും സമൂഹത്തിന്റെ പൊതുക്ഷേമത്തിന് അനുപേക്ഷണീയമായ ഇത്തരം അനുഷ്ഠാനങ്ങൾ എടുത്തു പറയുന്നുണ്ട്. പാപനാശവും പുണ്യലബ്ധിയുമത്രെ ധർമ്മാചരണലക്ഷ്യം. മതാനുഷ്ഠാനത്തിന്റെ ഭാഗമായിട്ടാണ് ധർമ്മാനുഷ്ഠാനങ്ങൾ ഇന്ന് വീക്ഷിക്കപ്പെടുന്നത്. എന്നിരുന്നാലും, എല്ലാമതങ്ങളും പൊതുവിൽ അംഗീകാരം നൽകിയ ചില ചര്യാവിശേഷങ്ങളുണ്ട്. സത്യം, ശുദ്ധി, ഇന്ദ്രിയനിഗ്രഹം, അസ്തേയം, ക്ഷമ, ദമം, ധൃതി, ദാനം തുടങ്ങിയവ ആ വിധമുള്ള ധർമ്മങ്ങളാണ്. ഹൈന്ദവ ധർമ്മശാസ്ത്രഗ്രന്ഥങ്ങളും സ്മൃതികളും ഇതിഹാസങ്ങളും വ്രതമാഹാത്മ്യങ്ങളും ദാനധർമ്മങ്ങളെയും വർണ്ണാശ്രമ ധർമ്മങ്ങളെയും കുറിച്ച് പ്രതിപാദിക്കുന്നതുപോലെ മറ്റു മതഗ്രന്ഥങ്ങളും സതാതനധർമ്മങ്ങളെ ഊന്നിപ്പറയുന്നുണ്ട്.

അനുഷ്ഠാനഭേദങ്ങൾ

അനുഷ്ഠാനങ്ങളെ അവയുടെ ആചരണ സ്വഭാവം, ധർമ്മം എന്നിവയുടെ അടിസ്ഥാനത്തിൽ വേർതിരിക്കാം. മന്ത്രാനുഷ്ഠാനം, തന്ത്രാനുഷ്ഠാനം, വ്രതാനുഷ്ഠാനം, കർമ്മാനുഷ്ഠാനം എന്നിവ പ്രധാനങ്ങളാണ്. അതേസമയം, ഇവയൊക്കെ പരസ്പരബന്ധങ്ങളും അന്യോന്യ പൂരകങ്ങളുമത്രെ.

ജപം, മന്ത്രോച്ചാരണം, നാമസങ്കീർത്തനം, പ്രാർത്ഥന, സത്യഭാഷണം മുതലായവ മന്ത്രാനുഷ്ഠാനത്തിൽ ഉൾപ്പെടുന്നു. പാപമോചനത്തിനും പുരുഷാർത്ഥ സിദ്ധിക്കുമുള്ള ഒരു ഉപാധിയത്രെ മന്ത്രോപാസന. എല്ലാ മതകർമ്മങ്ങളിലും ഇത്തരം അനുഷ്ഠാനങ്ങളുണ്ടാകും.

മുദ്രകൾക്കും വിന്യാസങ്ങൾക്കും ന്യാസങ്ങൾക്കും ആംഗ്യങ്ങൾക്കും പ്രാണായാമത്തിനും മറ്റും പ്രാധാന്യം നൽകുന്ന കർമ്മങ്ങൾ തന്ത്രാനുഷ്ഠാനത്തിൽപ്പെടുന്നു. മാന്ത്രികകർമം, വ്രതാനുഷ്ഠാനം മുതലായവയു

മായി ബന്ധമില്ലാത്ത കേവല തന്ത്രാനുഷ്ഠാനങ്ങൾ കൂറവാണ്. ഹൈന്ദവമതത്തിൽ തന്ത്രവിധികൾക്ക് കൂടുതൽ പ്രാധാന്യമുണ്ട്. എന്നാൽ, നാമസ്ക്കാരം, പ്രാർത്ഥന, ബലി, ആശിസ്സ് തുടങ്ങിയ കർമ്മങ്ങൾക്ക് മറ്റു മതങ്ങളിലും താന്ത്രികബന്ധം കാണാം.

മനോവാക്കർമ്മങ്ങൾ നിയന്ത്രിച്ചുകൊണ്ടുള്ള നിഷ്ഠയാണ് വ്രതാനുഷ്ഠാനം. മാനസവ്രതം, കായികവ്രതം എന്നിങ്ങനെ വ്രതാനുഷ്ഠാനങ്ങൾക്ക് തരഭേദമുണ്ട്. അന്യരോട് സംസാരിക്കാതെ മന്ത്രങ്ങളും ദൈവനാമങ്ങളും സ്മരിക്കുന്ന വ്രതമാണ് മാനസികവ്രതം. കാവടിക്കാരും മറ്റും പ്രത്യേക ഉപകരണംകൊണ്ട് വായ ആവരണം ചെയ്യുന്നത് ഇതിന് വേണ്ടിയത്രെ. യമനിയമാദികളായ പൊതുവിധികളിൽ മൗനവ്രതം ഉൾപ്പെടും. ബ്രഹ്മചാരികളും ബ്രാഹ്മണഗൃഹസ്ഥന്മാരും മൗനവ്രതം അനുഷ്ഠിക്കേണ്ട സന്ദർഭങ്ങളെക്കുറിച്ച് സ്മൃതികളിൽ പ്രസ്താവിക്കുന്നുണ്ട്. ഉപവാസം, ഒരിക്കൽ, തപസ്സ് മുതലായവ കായിക വ്രതങ്ങളാണ്. "ഉപവാസംകൊണ്ട് നമ്മുടെ ദുഷ്ടി അന്തർമുഖമായിത്തിരുന്നു. സാത്ത്വികവൃത്തിയെ വികസിപ്പിക്കുവാനും ഉപവാസംകൊണ്ട് സാധിക്കും" എന്നാണ് ഉപവാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് കാക്കാ കാലേൽക്കർ പറഞ്ഞിട്ടുള്ളത്.[3] ഉപവാസം ഉത്തമമായ തപസ്സിന് തുല്യമത്രെ.

മനോവാക്കർമ്മങ്ങൾ ഒത്തിണങ്ങിയാലെ വ്രതാനുഷ്ഠാനങ്ങൾക്ക് സാഫല്യമുള്ളൂ. ഏതെങ്കിലും തരത്തിലുള്ള വ്രതാനുഷ്ഠാനം ഏതൊരു സമൂഹത്തിലും കാണാം. ഇസ്ലാമികൾക്ക് റംസാൻ മാസം മുഴുവൻ വ്രതകാലമാണ്. പ്രഭാതംമുതൽ പ്രദോഷംവരെ അന്നഭോജനാദികൾ വർജ്ജിച്ചുകൊണ്ട് ദൈവസ്മരണയിൽ മുഴുകി അനുഷ്ഠിക്കുന്ന വ്രതമാണത്. ഹൈന്ദവർക്കും വ്രതമാസങ്ങളുണ്ട്. അവയിൽ കാർത്തിക, മാഘം, വൈശാഖം എന്നിവ ഉത്തമങ്ങളത്രെ. ദുഃഖവെള്ളിയാഴ്ച ക്രൈസ്തവരുടെ ഉപവാസദിനമാണ്. വൈദികരും സന്യാസിമാരും ഇതിൽ കൂടുതൽ നിഷ്ഠ കാണിക്കുന്നു. ഹിന്ദുക്കൾക്കിടയിൽ പല വിധത്തിലുള്ള വ്രതാനുഷ്ഠാനങ്ങൾ ഉണ്ട്. ഏകാദശി, ഷഷ്ഠി, തിരുവോണം, ആയില്യം, സോമവാരം, ശനിവാരം, ശിവരാത്രി തുടങ്ങിയവ കേവലോപവാസങ്ങളത്രെ. മീനത്തിലെ പൂരവും, ധനുവിലെ തിരുവാതിരയും വനിതകൾക്ക് വ്രതമെടുക്കേണ്ട ദിവങ്ങളാണ്. അമാവാസി, നവരാത്രി തുടങ്ങിയവ ഒരു നേരം മാത്രം ഭക്ഷണം കഴിച്ചുകൊണ്ടുള്ള വ്രതമാണ്. ചില വ്രതങ്ങൾക്ക് പ്രത്യേക ഉദ്ദേശം കാണും. ആയില്യം നോമ്പ്, സർപ്പപ്രീതിക്കും സന്താനലാഭത്തിനും വേണ്ടിയുള്ളതാണ്. സോമവാരവ്രതം, ഭർത്തൃലാഭത്തിന് ഉത്തമമത്രെ. പൂരവും തിരുവാതിരയും ദീർഘമംഗല്യത്തെ ഉദ്ദേശിച്ച് അനുഷ്ഠിക്കുന്ന വയാണ്. സന്താനലാഭാർത്ഥമാണ് തിരുവോണവ്രതം. അമാവാസിവ്രതമാകട്ടെ പിതൃമുക്തിക്കും പിതൃപ്രീതിക്കും വേണ്ടിയുള്ളതാണ്. പരേത പ്രീത്യർത്ഥം കഴിക്കുന്ന ശ്രാദ്ധാദി കർമ്മങ്ങൾക്ക് തലേന്നാൾ വ്രതമനുഷ്ഠിക്കണം. കാവുകളിലും പള്ളിയറകളിലും അടിയന്തിരാദികൾ നടത്തുന്ന കോമരം, വെളിച്ചപ്പാട് എന്നിവരും, തെയ്യവും തിറയും കെട്ടിയാടുന്ന കോലക്കാരും പ്രത്യേക തരത്തിലുള്ള വ്രതനിഷ്ഠയോടെ നിൽക്കണമെന്നുണ്ട്.

വ്രതാനുഷ്ഠാനങ്ങൾക്കു പ്രത്യേക നിബന്ധനകളുണ്ട്. പ്രഭാതത്തിലുള്ള നിത്യസ്നാനം ഒഴിച്ചുകൂടാത്തതാണ്. എണ്ണതേച്ചുകുളി, പകലുറക്കം, സഹശയനം തുടങ്ങിയവ നിഷിദ്ധങ്ങളത്രെ. വസ്ത്രധാരണം, ഭക്ഷണം എന്നിവയിൽ വ്രതകാലത്ത് അനസരിക്കേണ്ട വിധികളുണ്ട്. ദാനകർമ്മങ്ങൾ ചെയ്യുവാൻ സവിശേഷ മാഹാത്മ്യമുള്ളതാണ് വ്രതകാലം. ഇത്തരം അനുഷ്ഠാന വിധികൾക്ക് മതങ്ങളിലെല്ലാം പ്രായേണ ഐകരൂപ്യം ദർശിക്കാം. ആചാരവിശ്വാസാദികളിൽ അധിഷ്ഠിതമാണവ.

മന്ത്രതന്ത്രവ്രതാദികളുമായി ബന്ധപ്പെട്ടതുതന്നെയാണ് കർമ്മാനുഷ്ഠാനവും. പൂജാകർമ്മം, ബലികർമ്മം, ഹോമകർമ്മം, തർപ്പണകർമ്മം, ദാനകർമ്മം, ശുദ്ധികർമ്മം, പ്രായശ്ചിത്തകർമ്മം, സ്നാനകർമ്മം, നമസ്കാരകർമ്മം, പ്രദക്ഷിണം, തീർത്ഥാടനം എന്നിങ്ങനെ കർമ്മാനുഷ്ഠാനങ്ങൾ അനേകമാണ്. ഇവ കൂടാതെ, ശാരീരിക (സംസ്കാര) കർമ്മങ്ങൾ വേറെയുമുണ്ട്. സാത്വിക രാജസ താമസപ്രകൃതികളായ അനേകം ദേവതകളുടെ പൂജയും ആരാധനയും കർമ്മാനുഷ്ഠാനങ്ങളാണ്. ദേവബലി, പിതൃബലി, ഭൂതബലി, സർപ്പബലി, നിണബലി, ജന്തുബലി, ഉച്ചാടനബലി തുടങ്ങിയവ ബലികർമ്മങ്ങളിൽപ്പെടുന്നു. ദേഹശുദ്ധി, സ്ഥല (വാസ്തു) ശുദ്ധി, ഗൃഹശുദ്ധി, പ്രാസാദശുദ്ധി, ദ്രവ്യശുദ്ധി, ബിംബശുദ്ധി തുടങ്ങി അനേകം ശുദ്ധികർമ്മങ്ങളുണ്ട്. ക്രൈസ്തവരുടെ ശുദ്ധീകരണകർമ്മങ്ങൾ പരിശുദ്ധകൂദാശകളിൽപ്പെടുന്നു.

അന്നദാനം, ജലദാനം, ഫലദാനം, വസ്ത്രദാനം, താംബൂലദാനം, ഛത്രദാനം, തിലദാനം, ദശദാനം, പശുദ്ദാനം, ദീപദാനം, ദമ്പതിദാനം, ഛായാദാനം തുടങ്ങി നിരവധി ദാനകർമ്മങ്ങളുണ്ട്. ഇസ്ലാംമതവും ദാനകർമ്മങ്ങൾക്ക് പ്രാമുഖ്യം നൽകുന്നു. സമ്പന്നൻമാർ ധനത്തിന്റെ നാലിലൊരുഭാഗം പാവപ്പെട്ടവർക്ക് നിർബന്ധമായും ദാനം ചെയ്യണമെന്നാണ് വിധി. 'സക്കാത്ത്' എന്ന് അറബിയിൽ പറയുന്ന ഈ കർമ്മം സമ്പത്തിന്റെ ശുദ്ധീകരണം കൂടിയാണ്. അന്നദാനാദികളെക്കുറിച്ച് ക്രൈസ്തവമതവും അനുശാസിക്കുന്നുണ്ട്.

എല്ലാ മതങ്ങളും അനുശാസിക്കുന്ന വിധികളാണ് പ്രായശ്ചിത്ത കർമ്മങ്ങൾ. ക്രൈസ്തവരുടെ ജ്ഞാനസ്നാനം, കുമ്പസാരം മുതലായ കൂദാശകൾ ഇവിടെ സ്മർത്തവ്യമത്രെ. പാപവിമുക്തിക്കും രോഗശാന്തിക്കും കർമ്മലോപത്തിനും മറ്റുമുള്ള പലവിധ പ്രായശ്ചിത്തകർമ്മ(നിഷ്കൃതി)ങ്ങളെപ്പറ്റി ശ്രുതി, സ്മൃതി, പുരാണം, ഭഗവദ്ഗീത തുടങ്ങിയവയിൽ വിധികളുണ്ട്. പ്രായശ്ചിത്തകർമ്മങ്ങളിൽ സ്നാനം, ഭിക്ഷ, ദാനം, ജപം, ഉപാസന, ഹോമം തുടങ്ങിയ ഇനങ്ങളെല്ലാം വരും.

ദേഹശുദ്ധീകരണമെന്ന കേവല ലക്ഷ്യത്തിൽ കവിഞ്ഞ സങ്കല്പമാണ് സ്നാനത്തിനുള്ളത്. പലകർമ്മങ്ങളുടെയും സമാപനത്തിൽ കർമ്മാംഗമായി സ്നാനം ചെയ്യണം. അവശ്യഥസ്നാനം എന്ന് അതിന് പേർ പറയാറുണ്ട്. വിവാഹം, സേകം, ശവദാഹം, ഉദകക്രിയ തുടങ്ങിയവയ്ക്കെല്ലാം ഇത്തരം അനുഷ്ഠാനപരമായ സ്നാനം കൂടിയേ കഴിയൂ. വ്രതാനുഷ്ഠാനങ്ങളുമായി ബന്ധപ്പെട്ട പുരംകുളി, തിരുവാതിരക്കുളി, മാഘംകുളി, വൃശ്ചി

കുക്കുളി, വൈശാഖംകുളി, ദീപാവലിസ്നാനം മുതലായവയും പ്രധാന മാണ്. ശുദ്ധീകരണാർത്ഥം ചെയ്യുന്നതാണ് സചേലസ്നാനം. കാകപുരി ഷാദികൾ ശരീരത്തിൽ പതിച്ചാലും, മറ്റ് അശുദ്ധി തട്ടിയാലും സചേല സ്നാനം ചെയ്യണമെന്നുണ്ട്.

ഈശ്വരാരാധനമാണ് നമസ്കാരകർമ്മംകൊണ്ടുദ്ദേശിക്കുന്നത്. സാഷ്ടാംഗ നമസ്കാരം, പഞ്ചാംഗ നമസ്കാരം എന്നിവ അതിന്റെ സമ്പ്രദായ ഭേദങ്ങളത്രെ. നവഗ്രഹ നമസ്കാരം, അശ്വമേധ നമസ്കാരം, വരുണ നമസ്കാരം, ആദിത്യ നമസ്കാരം തുടങ്ങിയവ മന്ത്രപൂർവ്വം ചെയ്യേണ്ട കർമ്മങ്ങളാണ്. നമസ്കാരത്തോട് ബന്ധപ്പെട്ടതാണ് പ്രദ ക്ഷിണം. ക്ഷേത്ര പ്രദക്ഷിണം, അരയാൽ പ്രദക്ഷിണം തുടങ്ങിയവ ചെയ്യു ന്നതിന് പ്രത്യേക ക്രമമുണ്ട്. ഗണപതിക്ക് ഒറ്റ പ്രദക്ഷിണവും, ആദി ത്യന് രണ്ടും, ശിവന് മൂന്നും, വിഷ്ണുവിന് നാലും, അയ്യപ്പന് അഞ്ചും, സുബ്രഹ്മണ്യന് ആറും, ദുർഗ്ഗയ്ക്കും അരയാലിനും ഏഴും വീതമാണ് പ്രദക്ഷിണം വയ്ക്കേണ്ടത്.[4] അരയാൽ പ്രദക്ഷിണത്തിന് ശനിയാഴ്ചയാണ് വിധിച്ച ദിവസം.

ഇസ്ലാംമതക്കാരും നമസ്കാരകർമ്മത്തിന് പ്രാധാന്യം കല്പിച്ചിട്ടുണ്ട്. നമസ്കാരം അവരുടെ നിത്യാനുഷ്ഠാനമാണ്. പ്രായപൂർത്തിയായ സ്ത്രീ പുരുഷന്മാർ ദിനംപ്രതി അഞ്ചു നമസ്കാരം ചെയ്യേണ്ടതുണ്ട്. ദൈവസ്മര ണയോടുകൂടിയുള്ള സാഷ്ടാംഗ പ്രണാമം തന്നെയാണവ. 'സ്വലാത്' എന്നാണ് അറബിയിൽ ഈ കർമ്മത്തിന് പേർ പറയുന്നത്. ഈ നിർബന്ധ നമസ്കാരങ്ങൾക്കു പുറമെ ചെയ്യുന്ന കർമ്മമാണ് 'സുന്നത്തു നമസ്കാരം'. ചില പ്രത്യേക ദിവസങ്ങളിലും സന്ദർഭങ്ങളിലുമാണ് അത് പതിവ്. അത് നിത്യേന ചെയ്യുന്നതിനും വിരോധമില്ല. പെരുന്നാൾ നമസ്കാരം, ബലി പെരുന്നാൾ നമസ്കാരം, മഴയ്ക്കു വേണ്ടിയുള്ള നമസ്കാരം, ചന്ദ്രഗ്രഹണ നമസ്കാരം, മരിച്ചയാൾക്കുവേണ്ടി നടത്തുന്ന മയ്യത്തു നമസ്കാരം എന്നിവ സുന്നത്ത് നമസ്കാരങ്ങളാണ്.

എല്ലാ മതവിശ്വാസികളും തീർത്ഥാടനത്തെ പുണ്യകർമ്മമായി കരു തുന്നു. ഇസ്ലാമികളുടെ മുഖ്യ തീർത്ഥാടനം ഹജ്ജ് കർമ്മമാണ്. പ്രവാച കനായ നബിയുടെ ത്യാഗത്തിന്റെ അനുസ്മരണമത്രെ അത്. അർപ്പണ മനോഭാവവും സാഹോദര്യവും ഐക്യവും വളർത്തുന്നവയാണ് ഹജ്ജ് കർമ്മത്തിൽ നിർവ്വഹിക്കപ്പെടുന്ന വിവിധ അനുഷ്ഠാനങ്ങൾ.

ചര്യാഭേദം

വിവിധങ്ങളായ അനുഷ്ഠാനങ്ങളെ പരിശോധിച്ചാൽ അവയ്ക്ക് ചര്യാ ഭേദമുണ്ടെന്നു മനസ്സിലാക്കാൻ കഴിയും. നിത്യം, നൈമിത്തികം, കാമ്യം, നിഷിദ്ധം, പ്രായശ്ചിത്തം എന്നിങ്ങനെ അനുഷ്ഠാനങ്ങൾ അഞ്ചുതരമുണ്ട്. നിത്യേന അവശ്യം ആചരിക്കേണ്ടവയാണ് നിത്യാനുഷ്ഠാന കർമ്മങ്ങൾ. പ്രത്യേക ഹേതുക്കളാൽ വിശേഷമായി നടത്തുന്നവ നൈമിത്തികകർമ്മ ങ്ങളും, നിശ്ചിത ഫലത്തെ ഉദ്ദേശിച്ച് ആചരിക്കുന്നവ കാമ്യ കർമ്മങ്ങളു മാകുന്നു. എല്ലാ മതവിശ്വാസികളുടെ ഇടയിലും ഇത്തരത്തിലുള്ള അനു

ഷ്ഠാനഭേദങ്ങൾ കാണും. ബ്രാഹ്മണർക്ക് സന്ധ്യാവന്ദനവും ഗായത്രി ജപവും നിത്യകർമ്മമാകുന്നു. ബ്രഹ്മചാരികൾക്ക് നിത്യസ്നാനം, സന്ധ്യാവന്ദനം, ചമതഹോമം എന്നിവ ഒഴിച്ചുകൂടാത്ത ആശ്രമ ധർമ്മങ്ങളാണ്. ബ്രഹ്മയജ്ഞം (സന്ധ്യാവന്ദനം, വേദോച്ചാരണം), പിതൃയജ്ഞം (പിതൃതർപ്പണം, പിതൃബലി മുതലായവ), ദേവ യജ്ഞം (അഗ്നിഹോത്രം), ഭൂത യജ്ഞം (ജീവജാലങ്ങൾക്കുള്ള ബലി), മനുഷ്യയജ്ഞം (അതിഥിസൽക്കരണം) എന്നിവ ഗൃഹസ്ഥൻമാർ അനുഷ്ഠിക്കേണ്ട പഞ്ചമഹായജ്ഞമത്രെ. നമസ്കാരം, ദാനം തുടങ്ങി നിർബന്ധമായും ആചരിക്കേണ്ട അനുഷ്ഠാനങ്ങൾ ഇസ്ലാമതത്തിലും മറ്റുമുണ്ട്. ക്രൈസ്തവരുടെ കൂദാശകളിൽപ്പെട്ട വിശുദ്ധകുർബാന ഞായറാഴ്ചതോറും അനുഷ്ഠിക്കാറുള്ളതാണ്. മദ്യപാനം, വ്യഭിചാരം തുടങ്ങിയ ചെയ്തുകൂടാൻ പാടില്ലാത്ത നിഷിദ്ധ കർമ്മങ്ങളെയും, പാപകർമ്മങ്ങൾക്കും കർമ്മലോപങ്ങൾക്കുമുള്ള പ്രായശ്ചിത്ത വിധികളെയും എല്ലാ മതഗ്രന്ഥങ്ങളും ധർമ്മശാസ്ത്രങ്ങളും നിർദ്ദേശിക്കുന്നുണ്ട്.

ധർമ്മാനുഷ്ഠാനങ്ങളുടെ പൊതുവിധികളെക്കുറിച്ച് പരാമർശിക്കുന്ന സന്ദർഭങ്ങളിൽ യമനിയമാദികളെപ്പറ്റി സ്മൃതികളിൽ പ്രസ്താവന കാണാം. മേലെ സൂചിപ്പിച്ച നിത്യകർമ്മം, നൈമിത്തികകർമ്മം എന്നിവ തന്നെയാണത്. ജീവിതകാലം മുഴുവൻ പതിവായി അനുഷ്ഠിക്കേണ്ടവയാണ് 'യമ'ങ്ങൾ. എന്നാൽ, 'നിയമ'ങ്ങൾ ആഗന്തുകങ്ങളും നിത്യാനുഷ്ഠാനമായി സ്വീകരിക്കണമെന്ന് ശഠിക്കാത്തവയുമാണ്. ബ്രഹ്മചര്യം, ധ്യാനം, ക്ഷമ, സത്യം, നീതി, അഹിംസ, അസ്തേയം, ഇന്ദ്രിയനിഗ്രഹം മുതലായവ 'യമ'ങ്ങളും, സ്നാനം, മൗനം, ശൗചം, ഉപവാസം, ഈശ്വര പ്രണിധാനം, വേദാധ്യയനം മുതലായ 'നിയമ'ങ്ങളുമത്രെ.

സാത്വികം, രാജസം, താമസം എന്നിങ്ങനെ ഗുണങ്ങളുടെ അടിസ്ഥാനത്തിൽ കർമ്മങ്ങളെയും മുന്നായി തരം തിരിക്കാം. ദേവന്മാരെ പുരസ്കരിച്ചുള്ളവ സാത്വിക കർമ്മങ്ങളും, യക്ഷ ഗന്ധർവ്വാദികളെ പുരസ്കരിച്ചുള്ളവ രാജസ കർമ്മങ്ങളും, ഭൂത-പ്രേത-പിശാചുക്കളെ പുരസ്കരിച്ചുള്ളവ താമസ കർമ്മങ്ങളുമാകുന്നു. യജ്ഞം, ദാനം, ഹോമം, സ്തുതി, നമസ്കാരം എന്നിങ്ങനെ ഏതു കർമ്മമായാലും ഫലകാംക്ഷ കൂടാതെയും ശ്രദ്ധയോടുംകൂടി ചെയ്താലേ സാത്വികമാകയുള്ളൂ. പൊങ്ങച്ചം കാണിക്കുന്നതിന്നുവേണ്ടിയും ഫലേച്ഛയോടുകൂടിയും ചെയ്യുന്ന കർമ്മങ്ങൾ രാജസങ്ങളാണ്. മന്ത്രപൂർവ്വമല്ലാതെയും, ശാസ്ത്രവിധികളില്ലാതെയും ചെയ്യുന്നവ താമസകർമ്മങ്ങളത്രെ.

സംസ്കാരക്രിയകൾ

ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ ചെയ്യേണ്ട സംസ്കാര ക്രിയകൾ ഏതൊരു സമൂഹത്തിലും നടപ്പുണ്ടാകും. ഐഹികവും ആമുഷ്മികവുമായ ജീവിത ശുദ്ധീകരണമാണ് അവയുടെ ലക്ഷ്യം. ആരോഗ്യകരമായ ജീവിതത്തിന്റെ പടവുകളെന്ന നിലയ്ക്കും, ഗർഭാധാനംമുതൽ മരണംവരെയുള്ള ജീവിത ദശയിൽ എല്ലാവിധ ദോഷങ്ങളും പാപങ്ങളുമകന്ന് മനുഷ്യനെ

നന്മയിലേക്ക് സംസ്കരിച്ചെടുക്കുന്ന കർമങ്ങളെന്ന നിലയ്ക്കും അവയ്ക്കുള്ള പ്രാധാന്യം അനിഷേധ്യമാണ്.

സംസ്കാര ക്രിയകളെക്കുറിച്ച് സ്മൃതികളിലും മറ്റും പരാമർശിക്കുന്നുണ്ട്. സൽസന്താനലാഭാർത്ഥം ചെയ്യുന്ന ഗർഭാധാനം, ഗർഭകാലത്തു ചെയ്യുന്ന പുംസവനവും സീമന്തവും, ജനിച്ചാലുടനെ നടത്തേണ്ട ജാത കർമം, പേരിടുന്ന നാമകരണ കർമം, കുട്ടിയെ പുറത്തിറക്കുന്ന നിഷ്ക്രമണം (വാതിൽപുറപ്പാട്), കുട്ടിക്ക് ചോറു കൊടുക്കുന്ന അന്നപ്രാശകർമം, ചൂഡാകർമമായ ചൗളം, കാതുകുത്തുന്ന 'കർണവേധ'മെന്ന കർമം, പുണ്യൽ വരണക്രിയയായ ഉപനയനം, വേദാരംഭമായ 'വേദോപാകരണം', കേശാന്ത സംസ്കാരമായ 'ഗോദാന കർമം', ബ്രഹ്മചര്യവ്രതസമാപ്തി കുറിക്കുന്ന സമാവർത്തനം, വിവാഹം, അഗ്ന്യാധാനം, അന്ത്യേഷ്ടി (ശവസംസ്കാരം) എന്നീ 'ഷോഡശക്രിയകൾ' ബ്രാഹ്മണർക്കിടയിൽ നിലവിലുണ്ട്. ഇവ മുഖ്യങ്ങളാണ്. ഇത്ര തന്നെ പ്രാധാന്യമില്ലാത്ത മറ്റു ചില സംസ്കാര കർമങ്ങളും കാണാം. മേൽപ്പറഞ്ഞ ഷോഡശക്രിയകളിൽ ക്ഷത്രിയർക്കിടയിൽ പന്ത്രണ്ടെണ്ണവും, മിശ്രജാതികൾക്കിടയിൽ അഞ്ചെണ്ണവുമാണ് ആചരിച്ചുപോരുന്നത്. പേരിലും, ചടങ്ങുകളിലും വ്യത്യാസമുണ്ടാകാമെങ്കിലും, മിക്ക സമുഹങ്ങളിലും ഇത്തരം കർമങ്ങളിൽ പലതും കാണാതിരിക്കയില്ല. ജാതകർമം, പേരുവിളി, കണ്ണെഴുതൽ, കാതുകുത്ത്, ചോറൂണ്, ചൂഡാകർമം, കല്യാണം, പരേതക്രിയ തുടങ്ങിയവ സാമാന്യമായി എല്ലാ സമുദായക്കാർക്കിടയിലും നടപ്പുള്ളതാണ്. സ്ത്രീകളെ സംബന്ധിച്ച് ചില സമുദായങ്ങളിൽ കെട്ടുകല്യാണം, തിരണ്ടുകല്യാണം, കല്യാണം എന്നീ മൂന്നു ചടങ്ങുകൾ നടപ്പുണ്ട്. തൊഴിലിലും കലാപ്രകടനത്തിലും ഏർപ്പെടുവാൻ ആരംഭിക്കുമ്പോൾ കുട്ടികളെ പുരസ്കരിച്ച് അനുഷ്ഠാനച്ചടങ്ങുകൾ നടത്തുന്ന സമുദായക്കാരുണ്ട്. ഉത്തര കേരളത്തിലെ പുലയരുടെ ഇടയിൽ നടപ്പുള്ള 'അരങ്ങാറ്റ്' എന്ന കർമം അതിന് ഉദാഹരണമത്രെ.

ഇസ്ലാമികളുടെ ഇടയിലുള്ള ചില സംസ്കാര കർമങ്ങൾ സൂചിപ്പിക്കാം: കുട്ടി ജനിച്ച ഉടനെ ചെവിയിൽ ദൈവനാമം കേൾപ്പിക്കുന്ന ചടങ്ങ് അവർക്കിടയിലുണ്ട്. ദൈവബോധത്തോടെ വളരുവാൻ കുട്ടിയെ സംസ്കരിച്ചെടുക്കുന്ന ആദ്യത്തെ ചടങ്ങാണത്. തലമുടി കളയലും ചേലാകർമവും പ്രധാനമാണ്. പ്രസവിച്ച് ഏഴാം ദിവസമാണ് ചൂഡാകർമം നടത്തുക. മുടിയുടെ തൂക്കത്തിൽ വെള്ളിയോ സ്വർണ്ണമോ ദാനം ചെയ്യണമെന്നാണ് നിയമം. ചെറിയൊരു സദ്യയും അന്നുണ്ടാവും. ആടിനെ അറുത്ത് മാംസം ദാനം ചെയ്യുന്ന 'ഹഖീഖ' എന്ന കർമവും നടത്തുക പതിവുണ്ട്. കുട്ടി ജനിച്ചു നാൽപതു ദിവസത്തിനുശേഷമാണ് 'ചേലാകർമം' നടത്തുക. പ്രവാചകരുടെ നടപടിക്രമത്തിൽപ്പെട്ടതാണിത്. സുന്നത്ത് (പരിച്ഛേദനം) കർമം തന്നെയാണ് 'ചേലാകർമം'. പരേതക്രിയയ്ക്ക് 'മയ്യത്തുകർമം' എന്നാണ് അവർ പറയുന്നത്.

ക്രൈസ്തവരുടെ സംസ്കാര കർമങ്ങൾ 'കൂദാശകളി'ലടങ്ങുന്നു. ആ പദത്തിന്റെ അർത്ഥം 'വിശുദ്ധീകരിക്കുന്ന കർമം' എന്നാണ്.[1] ശ്രീയേ

പ്രകൃതിനിയമങ്ങളെക്കുറിച്ച് വികലമായ ധാരണകളാണ് ആദിമ മനുഷ്യരിൽ ഉണ്ടായിരുന്നത്. വനവാസികളായ അപരിഷ്കൃതരുടെ ഇടയിൽ ഇന്നും പല വിധത്തിലുള്ള ദുർമന്ത്രവാദം നിലനിൽക്കുന്നു. ദുർദ്ദേവതകളിൽ അവർ വിശ്വാസമർപ്പിക്കുന്നു. അവയ്ക്ക് കുട്ടികളെ കൊല്ലുവാനും വിഴുങ്ങുവാനും, മരിച്ചവരെ പിശാചുക്കളായി തിരിച്ചുകൊണ്ടുവരുവാനും, ആശീർവദിക്കുവാനും, അലറുവാനും, സ്വയം പ്രകാശിക്കുവാനും, കാണാത്തായ വസ്തു കാണിക്കുവാനും, ഭാവിഫലം പ്രവചിക്കുവാനുമൊക്കെ കഴിയുമെന്ന് പ്രാകൃത വർഗ്ഗക്കാർ വിശ്വസിച്ചു പോന്നു.[8] ആദിവാസികൾക്കിടയിലെല്ലാം വർഗ്ഗത്തലവനെപ്പോലെ ആദരണീയനായി മാന്ത്രികവൈദ്യനുമുണ്ടാകും. ഭൂതം, പിശാച് തൊട്ടുള്ള ദുർദ്ദേവതകളുടെമേൽ തനിക്ക് നിയന്ത്രണശക്തിയുണ്ടെന്ന് അയാൾ ഭാവിക്കും. ഭൂത ഭാവി ഫലങ്ങൾ മാന്ത്രിക വൈദ്യന്മാർക്ക് പ്രവചിക്കുവാൻ കഴിയുമെന്നാണ് മറ്റുള്ളവരുടെ വിശ്വാസം.[9] " നല്ല മഴ, സമൃദ്ധമായ വിളവ്, ഫലപ്രദമായ നായാട്ട് എന്നിവയ്ക്ക് ഉറപ്പുവരുത്തുവാനുള്ള മാന്ത്രിക കർമ്മങ്ങൾ ചെയ്യുവാൻ ഉത്തരവാദപ്പെട്ട ആളാണ് മാന്ത്രിക വൈദ്യൻ." പലതരം പച്ചമരുന്നുകളെക്കുറിച്ചുള്ള അറിവ് അയാൾക്കുണ്ടാകും. മാന്ത്രിക വൈദ്യനിൽ ദേവതാവേശമുണ്ടാകുക പതിവുള്ളതത്രെ. അപ്പോൾ അയാൾ ചെയ്യുന്നതെന്തെന്ന് അയാൾക്കുതന്നെ അറിയുകയില്ല.[10] മാന്ത്രിക വാക്യങ്ങൾ അയാൾ ഉച്ചരിക്കും; മാന്ത്രിക കർമ്മങ്ങളും ചെയ്യും.

കേരളത്തിൽ മാന്ത്രിക പാരമ്പര്യമുള്ള പല വർഗ്ഗങ്ങളുമുണ്ട്. പണിയർ, കുറിച്യർ, കുറുമർ, മലപ്പണിക്കർ, കാട്ടുനായ്ക്കർ, കളനാടികൾ, കാണിക്കാർ, മലയരയർ, അടിയാർ, ചെറുമർ, വേട്ടുവർ തുടങ്ങിയ പല ഗിരിവർഗ്ഗക്കാരും മന്ത്രവാദത്തിൽ വിശ്വസിക്കുന്നവരാണ്. മാന്ത്രികരായ വർഗ്ഗത്തലവന്മാരോ മാന്ത്രികവൈദ്യന്മാരോ അവർക്കിടയിൽ കാണും. പുള്ളുവർ, പാണൻ, മലയൻ, വണ്ണാൻ, മണ്ണാൻ, വേലൻ, കുറവർ, ഗണകർ, കണിശൻ, പുലയൻ, പറയൻ, കോപ്പാളൻ, ചെറവൻ, പറവൻ തുടങ്ങിയ പല സമുദായക്കാരും മന്ത്രവാദത്തെ പാരമ്പര്യവഴിക്ക് കുലത്തൊഴിലായി സ്വീകരിച്ചവരത്രെ. ഈ പാരമ്പര്യലബ്ധിയെക്കുറിച്ച് അവർക്കിടയിൽ ചില പുരാസങ്കല്പങ്ങളും നിലവിലുണ്ട്.

രീതിഭേദം

മാന്ത്രികവിദ്യയിൽ രീതിഭേദങ്ങളുണ്ട്. സഹതാപനിയമത്തെ അടിസ്ഥാനമാക്കിയുള്ള കർമ്മങ്ങൾ സമ്പർക്കമന്ത്രവാദത്തിലും ദുർമന്ത്രവാദത്തിലും കാണാം. വേറൊരു വസ്തുവിന്റെ പ്രവർത്തനത്തിനോ, പ്രചോദനത്തിനോ അനുസരിച്ച് സ്വയം വിധേയമാകുന്ന രീതിയാണത്. സാദൃശ്യസമ്പർക്കാദികളെ അടിസ്ഥാനമാക്കി സഹതാപ മന്ത്രവാദം അനുകരണ മന്ത്രവാദമെന്നും, സമ്പർക്ക മന്ത്രവാദമെന്നും രണ്ടായി തരം തിരിക്കപ്പെട്ടിട്ടുണ്ട്. "അനുകരണ മന്ത്രവാദം സാമ്യത്തിന്മേൽ ആശ്രയിച്ചു നിൽക്കുന്ന ആശയാനുബന്ധത്തിലും, സമ്പർക്ക മന്ത്രവാദം സാമീപ്യത്തിന്മേൽ ആശ്രയിച്ചു നിൽക്കുന്ന ആശയാനുബന്ധത്തിലുമാണ് അധിഷ്ഠിതമായിരിക്കുന്നത്."[11]

പ്രാകൃതനജനങ്ങളുടെ മാന്ത്രികമോ, മതപരമോ ആയ അനുഷ്ഠാനങ്ങളിൽ പലതും പ്രതിരൂപാത്മകമായിരുന്നു. "കലാപരവും അനുഷ്ഠാനപരവുമായ പ്രതിരൂപാത്മകതയ്ക്ക് മനഃശാസ്ത്രപരവും സാമൂഹികവുമായ ഫലമുണ്ട്. ആവിഷ്കരിക്കുന്ന വികാരങ്ങളെല്ലാം ലോകയാഥാർത്ഥ്യത്തിന്റെ പ്രവാഹമാണെന്ന് മനുഷ്യനു തോന്നാം."[12] അഭിലാഷ പൂർത്തികരണത്തിനുള്ള ഒരു മാർഗ്ഗമായാണ് ഇതിനെ കണ്ടിരുന്നത്. മനുഷ്യന് പല പ്രതിക്ഷകളുമുണ്ടാകും. അവയുടെ സാഫല്യത്തിന്നുവേണ്ടി, ആഗ്രഹിക്കുന്ന യാഥാർത്ഥ്യങ്ങളുടെ അനുകരണമായി അനുഷ്ഠാനങ്ങളും നിർവ്വഹണങ്ങളും നടത്തുന്നു. "യാഥാർത്ഥ്യത്തെ നിയന്ത്രിക്കുന്നുവെന്ന വ്യാമോഹം സൃഷ്ടിച്ചുകൊണ്ട് അതിനെ വാസ്തവമായിട്ടുതന്നെ നിയന്ത്രിക്കുവാൻ കഴിയുമെന്ന തത്വമാണ് മന്ത്രവാദത്തിന്നടിസ്ഥാന"[13]മെന്ന് ജോർജ്ജ് തോംസൺ അഭിപ്രായപ്പെട്ടത് അതുകൊണ്ടത്രെ. കാർഷികവൃത്തി, നായാട്ട് തുടങ്ങിയവയുമായി ബന്ധപ്പെട്ട പല മാന്ത്രികാനുഷ്ഠാനങ്ങളും അനുകരണാഭിനയമാകാനുള്ള ഹേതു അതാണ്.

മഞ്ഞപ്പിത്തത്തിന് മഞ്ഞപ്പക്ഷികളിലേയ്ക്കോ, മഞ്ഞനിറത്തിലുള്ള സാധനങ്ങളിലേയ്ക്കോ രോഗത്തെ ഉഴിഞ്ഞുനിക്കുന്ന പതിവുണ്ടത്രെ.[14] വിഷമിറക്കുവാനുള്ള കരുത്തു പ്രയോഗങ്ങളിലും, ബാലപീഡ (പക്ഷിപീഡ) നീക്കാനുള്ള മാന്ത്രിക കർമ്മങ്ങളിലും അനുകരണതത്ത്വം അനുവർത്തിക്കുന്നതായി കാണാൻ കഴിയും. കുട്ടികൾക്ക് ബാധിക്കുന്ന പക്ഷിപീഡ (പുള്ളുവക്കൂട്ട്) നിക്കുവാൻ പുള്ളുവരും മലയരും വണ്ണാന്മാരും ചെയ്യുന്ന മന്ത്രവാദകർമ്മങ്ങളിൽ പക്ഷിക്കളം ചിത്രികരിച്ച് ബലിനടത്താറുണ്ട്. പക്ഷിപീഡയ്ക്കുള്ള ചില മാന്ത്രിക യന്ത്രങ്ങളിൽ പക്ഷികളുടെ രൂപമാണ് കുറിക്കുന്നത്. വിരകളുടെ ശല്യമുള്ള കുട്ടികൾക്ക് വിരകളുടെ രൂപം കുറിച്ച് മാന്ത്രികത്തകിട് ധരിച്ചാൽ മാറുമെന്ന വിശ്വാസമുണ്ട്. വിഷം ഇറക്കാനുള്ള 'കരുത്ത്' പ്രയോഗത്തിൽ ഗരുഡക്കരുത്ത് മുഖ്യമാണ്. ഗരുഡന്റെ രൂപം ചിത്രികരിച്ച യന്ത്രം ധരിച്ചാൽ വിഷബാധയുണ്ടാകുകയില്ലെന്നാണ് വിശ്വാസം. തൂവക്കാടി, കൊതി എന്നീ രോഗങ്ങൾക്ക് ചെയ്യുന്ന മാന്ത്രികചികിത്സ[15] അനുകരണ മന്ത്രവാദത്തിന് ഉദാഹരണങ്ങളാണ്.

മാന്ത്രിക ബലികർമ്മങ്ങളിൽ പ്രതിരൂപസങ്കല്പത്തിന് പ്രാമുഖ്യമുണ്ട്. ശരീരത്തിൽ ബാധിക്കുന്ന ദുർദ്ദേവതകളെയും പിശാചുക്കളെയും ഉച്ചാടനം ചെയ്യുമ്പോൾ, ഹവിസ്സ് (ചോറ്) കൊണ്ടോ, മരംകൊണ്ടോ ഉള്ള പ്രതിരൂപങ്ങളിലേയ്ക്കാണ് ആ ദേവതകളെ ആവാഹിക്കുന്നത്. ശരീരത്തിലുള്ള ദേവതകളും ബാധകളുമൊക്കെ ആ രൂപങ്ങളിലായെന്നാണ് സങ്കല്പം. പിന്നിട് അവയെ വെളിയിൽ ഉപേക്ഷിക്കും. വളരെ നാശം ചെയ്യുന്ന ദുർദ്ദേവതകളാണെങ്കിൽ, ആ പ്രതിരൂപങ്ങളിൽ ആണിയോ മുള്ളുകളോ തറപ്പിക്കുക, അതിനെ ഖണ്ഡമാക്കി ഹോമിക്കുക തുടങ്ങിയ കർമ്മങ്ങളും ചെയ്യും. ബാധോച്ചാടനത്തിനെന്നപോലെ ശത്രുസംഹാരത്തിനും ഇത്തരം കർമ്മങ്ങൾ പ്രതിരൂപങ്ങളിൽ ചെയ്യാറുണ്ട്.

ദുർമ്മന്ത്രവാദികൾ ചെയ്യുന്ന ഒടി, മുഷ്ടി, മറിവ്, മാരണം, സ്തംഭനം, മോഹനം, ആകർഷണം തുടങ്ങിയ കർമ്മങ്ങളിൽ പ്രതിരൂപസങ്കല്പങ്ങൾ

കാണുവാൻ കഴിയും. ഒടി കടന്നാൽ വിഷാംശം കൊണ്ട് കാലുകൾ വിങ്ങുകയും പൊട്ടുകയും ചെയ്യുമത്രെ. പിണിയാളുടെ ശരീരത്തിലെ സന്ധുക്കളിൽ കുരുത്തോലകൊണ്ട് കെട്ടി മുള്ളുകൾ തറപ്പിക്കുന്ന പതിവുണ്ട്. മഞ്ഞൾ, ചുണ്ണാമ്പ് എന്നിവ ചേർത്ത ചോറുകൊണ്ട് ആൾരൂപം ഉണ്ടാക്കി മന്ത്രത്തോടുകൂടി മുള്ളുകളും മറ്റും ആ സങ്കല്പശരീരത്തിൽ കുത്തുക യെന്നത് ഒടിക്കർമ്മത്തിന്റെ ഒരു വശമാണ്.

മന്ത്രവാദപരമായ ചിലകർമ്മങ്ങളുടെ അന്ത്യത്തിൽ മുഷ്ടികർമ്മം പതിവുണ്ട്. ചെന്നാർവള്ളി, ഞെഴുകിൻകോല്, ഈയച്ചേമ്പ്, തേങ്ങാക്കു ലയല്ലി, കടുക്ക തുടങ്ങിയവ കെട്ടി തേങ്ങയുടെ മേലെ വച്ച് നാലുഭാ ഗത്തുനിന്നും കൊത്തുകയാണ് ആ ചടങ്ങിന്റെ പ്രത്യേകത. ഞരമ്പുവേദന, ക്ഷിണം എന്നിവയ്ക്കൊക്കെ പരിഹാരമായി മുഷ്ടികൊത്താറുണ്ട്. രോഗ നിവാരണത്തിന് 'കൊത്തിയറുക്കുക', 'കെട്ടിയറുക്കുക' തുടങ്ങിയ കർമ്മ വിധികൾ മാന്ത്രികർ ചെയ്തുപോരുന്നു.

കുടത്തിൽ കുരുതിയും മറ്റും നിറച്ച് കുഴിച്ചിടുക (ജലസ്തംഭനം), കോഴിയുടെ വായയിൽ ചില പ്രത്യേക മരുന്നുകൾ നിറച്ച് വായകെട്ടി തലയറുത്ത് ഹോമിക്കുക (കുക്കുടസ്തംഭനം) ഇളന്നീരോ കോഴിമുട്ടയോ കുമ്പളങ്ങയോ തുരന്ന് മരുന്ന് നിറച്ച് സ്ഥാപിക്കുക (നാളികേരസ്തംഭനം) തുടങ്ങിയ ക്ഷുദ്രപ്രയോഗങ്ങൾക്കെല്ലാം ഉദ്ദിഷ്ടഫലത്തോടു സദൃശമായ അനുകരണസ്വഭാവമുണ്ടെന്ന് പറയാം.

ഗർഭിണി മരിച്ച ഗൃഹത്തിൽ ഉത്തരകേരളത്തിലെ പുള്ളുവരും മല യരും നടത്തിവന്നിരുന്ന 'പുള്ളുവപ്പാട്ടി'ൽ അനുകരണ മന്ത്രവാദത്തിന്റെ സ്വഭാവം ദർശിക്കാം. മരിച്ച ഗർഭിണിയുടെ പ്രതിനിധിയായി ആ കുടും ബത്തിലെ ഒരു സ്ത്രീയാണ് കളത്തിലിറങ്ങുന്നത്. പ്രേതത്തെ ആ സ്ത്രീ യിൽ ആവാഹിച്ച് വരുത്തി മരിച്ച ഗർഭിണിയാണ് ആ സ്ത്രീയെന്ന് സങ്കൽ പിച്ച് പ്രസവപര്യന്തമുള്ള കർമ്മങ്ങൾ പ്രതിരൂപാത്മകമായി നിർവ്വഹിക്കു കയാണ് ചെയ്യുന്നത്. മുട്ടയിടാറായ ഒരു കോഴിയെ ആ സ്ത്രീയുടെ അടുത്ത് കൊണ്ടുനിറുത്തും. ആ കോഴിയിടുന്ന മുട്ടയെടുത്ത് പിണിയാ ളുടെ കൈയിൽ കൊടുക്കുന്ന പതിവുമുണ്ട്. പ്രസവിക്കാതെ മരണപ്പെട്ട ഗർഭിണിക്ക് പ്രസവിച്ചാലേ ഗതിയുണ്ടാകയുള്ളുവെന്നതാണ് ഈ കർമ്മ ങ്ങളുടെ പിന്നിലുള്ള വിശ്വാസം.[16]

കുട്ടികളുടെ പറിഞ്ഞ പല്ല് ചാണകത്തിൽ പൊതിഞ്ഞ് പുരപ്പുറത്തെ റിയുന്ന ചടങ്ങ് സമ്പൽക്ക മന്ത്രവാദത്തിന്റെ തത്ത്വം ഉൾക്കൊള്ളുന്നവ യത്രെ.[17] അത് സ്പർശിക്കുന്ന ജീവിയുടെ പല്ലുപോലുള്ള പല്ല് കുട്ടിക്ക് ഉണ്ടാകുമെന്ന വിശ്വാസമാണ് അതിനടിസ്ഥാനം. കേരളത്തിന്റെ പല ഭാഗ ങ്ങളിലും കുട്ടികളുടെ പറിഞ്ഞ പല്ല് തുമ്പച്ചെടിയുടെ സമീപം കുഴിച്ചി ടുകയാണ് പതിവ്. തുമ്പപ്പൂപോലെയുള്ള പല്ലുകൾ കൂട്ടിക്ക് മുളയ്ക്കണ മെന്ന അഭിലാഷമാണ് ഇതിന് പ്രേരണ നൽകുന്നത്. പശു പ്രസവിച്ചാൽ 'മാവ്' (മറുപിള്ള) പാലുള്ള വൃക്ഷത്തിൽ കെട്ടിത്തൂക്കാറുണ്ടത്രെ. പശു വിന് കൂടുതൽ പാല് ലഭിക്കുമെന്ന പ്രതീക്ഷ അതിന്നു പിന്നിലുണ്ട്.

ചേറുമരത്തിന്റെ കറകൊണ്ട് ശരീരത്തിൽ പൊള്ളലേറ്റാൽ താന്നിമരത്തിന്റെ ഇലയും തോലും മരുന്നായി ഉപയോഗിക്കാറുണ്ട്. ചേറുമരത്തിന്റെ പൊള്ളലേറ്റവർ രാത്രിയിൽ നഗ്നരായി താന്നിമരത്തിന്റെ സമീപം ചെന്ന്, മരത്തിന് ഉലയ്ക്കകൊണ്ട് കുത്തുന്ന ചടങ്ങ് ഗ്രാമപ്രദേശങ്ങളിൽ നിലവിലുണ്ടായിരുന്നു. താന്നിയുമായുള്ള സമ്പർക്കം ആ രോഗശമനത്തിന് ഹേതുകമാണെന്ന തത്ത്വമാണ് അതിന്നു പിന്നിലുള്ളത്.

ഭാവിഫലനിർണ്ണയം, നിഗൂഢ രഹസ്യജ്ഞാനം, അഗോചരവസ്തുജ്ഞാനം, ദുർദ്ദേവതകളാൽ ആരോപിക്കപ്പെടുന്ന അത്ഭുതപ്രയോഗങ്ങൾ, ഇന്ദ്രജാലസിദ്ധി തുടങ്ങിയ പല വിധികളും മന്ത്രവാദത്തിൽ അടങ്ങിയിട്ടുണ്ട്.

ബാധകൾ

മനുഷ്യശരീരത്തിൽ ബാധിക്കുന്ന അദൃശ്യ ശക്തികളാണ് ബാധകൾ. അവ മനുഷ്യരെയും മറ്റും ബാധിക്കുന്നത് ഭുജിക്കുവാനോ, രമിക്കുവാനോ, ഹിംസിക്കുവാനോ ഉള്ള ആഗ്രഹം കൊണ്ടായിരിക്കുമത്രെ. ഭോക്തുകാമൻ ബലികർമ്മങ്ങൾ കൊണ്ടൊഴിയും. രന്തുകാമനെയും പ്രയാസപ്പെട്ടാൽ നീക്കാം. എന്നാൽ, ഹിംസാകാമനെ ഉച്ചാടനം ചെയ്യുവാൻ പ്രയാസമാണ്. ബാധിച്ച ആളെ കൊല്ലുകയത്രെ ആ ബാധയുടെ ലക്ഷ്യം.

ബാധകളെ (ദേവതകളെ) മന്ത്രവാദ വിഷയത്തിൽ ദേവഗൃഹം, അസുരഗൃഹം, ഗന്ധർവ്വഗൃഹം, യക്ഷഗൃഹം, പിശാചഗൃഹം, ബ്രഹ്മരാക്ഷസഗൃഹം, പിതൃഗൃഹം, ഗുരു-വൃദ്ധഗൃഹം, സർപ്പഗൃഹം, പക്ഷിഗൃഹം എന്നിങ്ങനെ ഗൃഹങ്ങളായി തിരിച്ചിട്ടുണ്ട്. ഏതു ഗൃഹത്തിൽപ്പെട്ട ബാധകളെയും മന്ത്രവാദികൾ ഉച്ചാടനം ചെയ്യും. എങ്കിലും, ചില ഗണങ്ങളിൽപ്പെട്ടവയെ നീക്കാൻ ചില പ്രത്യേക സമുദായക്കാർക്ക് പാരമ്പര്യമുണ്ട്. പക്ഷിപീഡ നീക്കുവാൻ പുള്ളുവർ, വണ്ണാന്മാർ, മലയർ എന്നിവർക്കും, സർപ്പ ബാധയൊഴിപ്പിക്കാൻ പുള്ളുവർക്കുമാണ് പാരമ്പര്യം.

ഓരോ ഗൃഹത്തിലുംപെട്ട ബാധകൾ ആവേശിച്ചാലുണ്ടാകുന്ന ലക്ഷണങ്ങൾ മന്ത്രവാദികൾക്കറിയാം. ബാധകളെ സംബന്ധിച്ച പല കാര്യങ്ങൾ അടങ്ങുന്നതാണ് 'ഭൂതവിജ്ഞാനീയം.'

ബാധോച്ചാടനം

ബാധകളെ ഉച്ചാടനം ചെയ്യുന്നതിലും മാർഗ്ഗഭേദങ്ങളും രീതിഭേദങ്ങളുമുണ്ട്. ജപം, ഹോമം, വ്രതം, ബലി, മന്ത്രധ്യാനം, തപസ്സ്, ദാനം തുടങ്ങിയ വൈദികവിധികളിൽനിന്ന് ഭിന്നമാണ് വൈദികേതരമായ സമ്പ്രദായങ്ങൾ. തോലുഴിച്ചൽ, തിരിയുഴിച്ചൽ, പന്തം ഉഴിച്ചൽ, അരിയുഴിച്ചൽ, ഭസ്മസ്നാനം, ബലികർമ്മങ്ങൾ, രക്ഷാബന്ധം, യന്ത്രധാരണം, കളം കുറിക്കൽ, പാട്ടുപാടൽ, കോലം കെട്ടിയാടൽ തുടങ്ങിയ പല കർമ്മങ്ങളും ബാധോപദ്രവശാന്ത്യർത്ഥം ചെയ്തുപോരുന്നു. പാരമ്പര്യ മന്ത്രവാദികൾ കൈബലി, ഭൂതമാരണബലി, ഭദ്രബലി, മാടബലി, രാവണബലി, ഉച്ചബലി,

ഊഞ്ഞബലി തുടങ്ങിയ പല ബലികർമ്മങ്ങളും ചെയ്യാറുണ്ട്. പിശാച്, ദുർദ്ദേവതകൾ, യക്ഷഗന്ധർവ്വാദി 'വിമാനബാധ'കൾ, രോഗബാധകൾ എന്നിവയെ നിക്കുകയാണ് മന്ത്രവാദത്തിലെ ബലികർമ്മങ്ങളുടെ ലക്ഷ്യം.

സംക്ഷോഭചികിത്സ

കുരുതിയുഴിച്ചൽ, പരവത്തിരി, ഊഞ്ഞബലി തുടങ്ങിയ ചില മാന്ത്രിക കർമ്മങ്ങൾ സംക്ഷോഭചികിത്സയുടെ ഫലം ചെയ്യും. അപസ്മാരാദി ബാധകൾ നിക്കുവാനുള്ള ചടങ്ങാണ് ഊഞ്ഞബലി. സമുദ്രക്കരയിലോ, നദീതീരത്തോ കാഞ്ഞിരത്തുണുകൾ കുഴിച്ചിട്ട്, നരന്തവള്ളികൊണ്ട് ഊഞ്ഞാല് കെട്ടും. പിണിയാളുടെ കണ്ണുകെട്ടിക്കൊണ്ടുവന്ന് ഊഞ്ഞേലിൽ ഇരുത്തി, ചില കർമ്മങ്ങൾ ചെയ്ത ശേഷം ആ വള്ളി പെട്ടെന്ന് കൊത്തിയറുക്കും. പിണിയാൾ അവിചാരിതമായി പെട്ടെന്ന് വെള്ളത്തിൽ പതിക്കുമ്പോൾ നടുക്കമുണ്ടാകും. ആ ഞെട്ടൽ കാരണം ചിലപ്പോൾ രോഗശാന്തിയുണ്ടാകും.

ചെറിയ പാത്രത്തിൽ കുരുതി കൂട്ടി അതിൽ തിരികത്തിച്ച് സന്ധ്യാവേളയിൽ കുട്ടികൾക്ക് ഉഴിയുകയും, കുരുതിവെള്ളം കൈകൊണ്ട് തൊട്ട് തിരിയിൽ കുടയുകയും ചെയ്യാറുണ്ട്. കത്തുന്ന തിരിയിൽ വെള്ളം തട്ടുമ്പോൾ ഉണ്ടാകുന്ന ശബ്ദം കുട്ടിയിൽ ചെറിയൊരു ഞെട്ടലുണ്ടാക്കും. കുട്ടികൾക്കുണ്ടാകുന്ന ഭയാദികളായ പീഡകൾ തീർക്കുവാൻ ഈ കർമ്മം സഹായിക്കുമത്രെ.

കുട്ടികൾക്കുണ്ടാകുന്ന ഭയാദികളായ ബാലപീഡകൾ നിക്കുവാൻ പാരമ്പര്യ മാന്ത്രികരായ മലയർ, പുള്ളുവർ തുടങ്ങിയവർ 'പരവത്തിരി' എന്ന ഒരു മാന്ത്രിക കർമ്മം ചെയ്യാറുണ്ട്. ഒരു വാഴക്കൈയിൽ തിരിശ്ശീല ചുറ്റി എണ്ണയിൽ മുക്കി കത്തിക്കുകയും, ചുറ്റിയ ശീലയുടെ ചുറ നിവർത്തികൊണ്ടിരിക്കുകയും കത്തുന്ന ഭാഗത്ത് വെള്ളം അല്പാല്പം കുടയുകയും ചെയ്യുകയെന്നത് ആ കർമ്മത്തിന്റെ പ്രത്യേകതയാണ്. വെള്ളം പൊട്ടിത്തെറിക്കുന്ന ശബ്ദം കേട്ടാൽ കുട്ടിക്ക് ഞെട്ടലുണ്ടാകാതിരിക്കില്ല. ഭയത്തെ കൊണ്ട് ഭയം തീർക്കുകയെന്ന തത്ത്വമാണ് ഈ മാന്ത്രിക കർമ്മത്തിൽ അടങ്ങിയിട്ടുള്ളത്.

ബാധോച്ചാടന നൃത്തങ്ങൾ

പാരമ്പര്യ മാന്ത്രികരായ മലയർ, പാണർ, വണ്ണാൻ, മണ്ണാൻ, പുലയൻ, മൂന്നൂറാൻ, ഗണകൻ, പുള്ളുവൻ, അടിയാന്മാർ, ചെറുമർ, ചേരമർ, പറയർ തുടങ്ങിയ സമുദായക്കാർ ബാധകളെ പ്രീണിപ്പിച്ച് വേർപെടുത്തുവാനും, ഉച്ചാടനം ചെയ്യുവാനും രോഗാദികളെയകറ്റുവാനുംമറ്റും വേണ്ടി പല തരത്തിലുള്ള നൃത്തങ്ങൾ നടത്താറുണ്ട്. കെന്നോൻപാട്ട്, കന്നൽക്കളമ്പാട്ട്, മലയൻകെട്ട്, കുറുന്തിനിപ്പാട്ട്, തെയ്യാട്ട്, മാരിയാട്ടം എന്നിവയിൽ ദേവതകളുടെ കോലങ്ങൾ കെട്ടിയാടും. ഗണകരുടെ കോലം തുള്ളലിൽ, ദേവതാരൂപങ്ങൾ ചിത്രീകരിച്ച പാളകൾ ധരിച്ചുകൊണ്ടുള്ള നർത്തനമാണ് കാണുന്നത്. സർപ്പശാപം തീർക്കാനും സന്താനലാഭ

മരുന്നും മന്ത്രവും

മന്ത്രവാദത്തിന്റെ വിജയത്തിന് ഒരതിർത്തിയോളം ഔഷധപ്രയോഗം സഹായകമാണ്. രോഗനിവാരണാർത്ഥമുള്ള മാന്ത്രിക പ്രയോഗങ്ങൾ മിക്കതും ഔഷധങ്ങളെ മുൻനിറുത്തിയുള്ളവയത്രെ. വശ്യം, ആകർഷണം, വ്യാധിജനനം, ഉന്മത്തികരണം, സ്തംഭനം തുടങ്ങിയ ആഭിചാര കർമ്മങ്ങൾക്കും, ദേവതകളെ ആടിക്കുവാനും മറ്റും ഔഷധങ്ങൾ പ്രയോഗിക്കാറുണ്ട്.

മന്ത്രവാദകർമ്മങ്ങളിൽ വിശ്വാസമുണ്ടാകുവാൻ ചില ദുർമന്ത്രവാദികൾ ചെയ്യുന്ന പൊടിക്കൈകളിൽ മരുന്നിന്റെ പ്രയോഗം കാണാം.[19] മന്ത്രപ്രയോഗംകൊണ്ട് മാത്രം രോഗം മാറുമെന്ന വിശ്വാസമുണ്ട്. തിപ്പല്ലി, തിറമ്പൽ, ചിലന്തിവിഷം, വീക്കം, തലവേദന, കൊതി, കരപ്പൻ, അപസ്മാരം തുടങ്ങിയ പലരോഗങ്ങൾക്കും മന്ത്രം ജപിച്ചൂതുക, എണ്ണ ജപിച്ചു പുരട്ടുക, ജലം മന്ത്രിച്ചൊഴിക്കുക, നെയ്യ് ജപിച്ച് പുരട്ടുക തുടങ്ങിയ കർമ്മങ്ങൾ ചെയ്യും. മരുന്നും മന്ത്രവും ചേർന്നുള്ള പ്രയോഗം വിഷചികിത്സയിൽ കാണാം. വിഷബാധ നീക്കുവാൻ 'കരുത്തുവിദ്യ' എന്ന മാന്ത്രിക പ്രയോഗം വളരെ ഫലപ്രദമത്രെ.

അഞ്ജനവിധി

നഷ്ടപ്പെട്ട വസ്തുക്കൾ, നിധികൾ എന്നിവ കണ്ടെത്തുക, നിഗൂഢരഹസ്യങ്ങൾ അറിയുക, അത്ഭുത വിദ്യകൾ കാണിക്കുവാൻ കഴിയുക തുടങ്ങിയവയ്ക്കെല്ലാം മന്ത്രവാദവുമായി ബന്ധം കല്പിക്കാറുണ്ട്. ഇവയിലെല്ലാം ഔഷധപ്രയോഗമാണ് വിജയഹേതു. 'അഞ്ജനവിധി' അപ്രകാരമുള്ള ഒരു വിദ്യയാകുന്നു. പ്രത്യേക ഔഷധ വസ്തുക്കൾകൊണ്ടാണ് അഞ്ജനം ഉണ്ടാക്കേണ്ടത്. കണ്ണിലെഴുതുക, പ്രത്യേക സ്ഥലത്ത് ലേപനം ചെയ്യുക, ഒരു പാത്രത്തിൽ കലക്കിവെച്ച് അതിൽ നോക്കുക എന്നിങ്ങനെ അഞ്ജനവിദ്യ പല വിധത്തിലുമുണ്ട്. അഞ്ജനമെഴുതുകയോ, അഞ്ജനം നോക്കുകയോ ചെയ്യുന്നത് മാന്ത്രികർതന്നെ ആയിരിക്കണമെന്നില്ല. അയാളുടെ സാന്നിദ്ധ്യത്തിൽ മറ്റുള്ളവർക്കുമാകാം. സർവ്വാഞ്ജനം, കുമാരാഞ്ജനം, പാദാഞ്ജനം, ലേപാഞ്ജനം മന്ത്രാഞ്ജനം എന്നിങ്ങനെ അഞ്ജനവിധിക്ക് വൈവിധ്യമുണ്ട്.

കാണികളുടെ ദൃഷ്ടി ബന്ധനം ചെയ്യുകയാണ് ഇന്ദ്രജാലത്തിന്റെ പ്രത്യേകത, ദൃഷ്ടിബന്ധനത്തിനുള്ള മന്ത്രൗഷധപ്രയോഗങ്ങളെക്കുറിച്ച് കക്ഷപുടം[20] തുടങ്ങിയ മന്ത്രവാദ ഗ്രന്ഥങ്ങളിൽ പരാമർശിക്കുന്നുണ്ട്. എല്ലാവർക്കും അത്ഭുതമുളവാക്കുന്ന 'കൗതുകവിദ്യ'യും ഔഷധപ്രയോഗംകൊണ്ട് സാധിക്കുമത്രെ. 'രസവിദ്യ' മാന്ത്രികവിദ്യയുടെ ഒരു വശമാണ്. മാന്ത്രികരുടെ അത്ഭുത പ്രയോഗങ്ങൾക്ക് രസവിദ്യ പലപ്പോഴും അവലംബമായിത്തീരുന്നു. രസവിദ്യയ്ക്കടിസ്ഥാനം മരുന്നുകളുടെ പ്രയോഗമാണ്. ഒരു ലോഹത്തെ മറ്റൊരു ലോഹമാക്കുവാൻപോലും രസവിദ്യയ്ക്കു കഴിയുമത്രെ.

കളുമുണ്ട്. അതിനാൽ, വസ്തുക്കളുടെ ഉപയോഗത്തിന്റെയും പ്രയോഗ
ത്തിന്റെയും ജനകീയ സ്വഭാവത്തെ മാത്രം പരിഗണിച്ചാൽ പോരെന്നും,
അത്തരം വസ്തുക്കൾ ഉല്പാദിപ്പിക്കുകയോ, നിർമ്മിക്കുകയോ ചെയ്യുന്ന
'ജനസമൂഹ'(ഫോക്)ത്തെക്കൂടി പരിഗണിക്കേണ്ടതുണ്ടെന്നും വന്നുചേ
രുന്നു. ഒരു 'നാടൻ ജനസമൂഹ'ത്തിന്റെ പരമ്പരാഗതമായ കരവിരുത്
എപ്പോഴും നാടൻ കരവിരുത് തന്നെയായിരിക്കും. അതേസമയം, പ്രാചീ
നമായ കലാവൈദഗ്ദ്ധ്യത്തിനു മാത്രമേ നാടൻ ഭൗതിക സംസ്കാരത്തിൽ
പ്രവേശമുള്ളുവെന്ന ധാരണയും അടിസ്ഥാന രഹിതമാണ്. നവീനസൃ
ഷ്ടികൾ നാടൻ സ്വഭാവമുൾക്കൊള്ളുന്നവയാണെങ്കിൽ അവയെയും
അതിന്റെ പരിധിയിൽപെടുത്തേണ്ടതാണ്.

കേവലമായ തൊഴിലുകളെല്ലാം കരവിരുതാണെന്ന് കരുതേണ്ടതില്ല.
മണ്ണുകിളക്കൽ, മരംവെട്ടൽ, കല്ലുവെട്ടൽ, വെള്ളം തേവൽ തൊട്ടുള്ളവ
യെല്ലാം അദ്ധ്വാനമേറിയ ജോലികളാണെങ്കിലും നാടൻ കരവിരുതിന്റെ
പരിധിയിൽപ്പെടുന്നില്ല. ഇത്തരം ജോലികളെടുക്കുവാൻ ആവശ്യമായതി
നെക്കാൾ പരിശീലനവും വൈദഗ്ദ്ധ്യവും ആവശ്യപ്പെടുന്നവയാണ് കര
വിരുതുകൾ.[2] കൊത്തുവേലകൾ, ചായപ്പണികൾ, പാത്രനിർമ്മിതികൾ, മറ്റു
കൗതുകവസ്തുക്കളുടെ നിർമ്മാണം തുടങ്ങിയവയ്ക്കെല്ലാം പരമ്പരാഗത
കരകൗശലം ആവശ്യമായതിനാൽ അവയെ നാടൻ കലാവിരുതുകളായി
പരിഗണിക്കാവുന്നതാണ്.

'ശിൽപ'മെന്നതിന് 'ഭംഗി' എന്ന അർത്ഥമുണ്ട്. വിപുലമായ ഈ
അർത്ഥസങ്കല്പത്തിലാണ് കൗതുകകരമായ എല്ലാ കൊത്തുവേലകളെയും
കൈവേലകളെയും നിർമ്മിതികളെയും 'ശിൽപ'മെന്ന് പണ്ഡിതന്മാർ
വിശേഷിപ്പിച്ചിട്ടുള്ളത്. മാർത്തിക ശില്പം, ആയസശില്പം, സൗധശില്പം,
വൈണവ ശില്പം, തൃണാദിശില്പം, സൗചികശില്പം, ജാലാദിശില്പം,
വർണ്ണകശില്പം, ചാർമ്മശില്പം, താന്തവശില്പം, ധൂളിശില്പം മുതലാ
യവയിൽ കേരളീയർ അസാമാന്യപാടവം നേടിയിരുന്നുവത്രെ.[3]

കളിമണ്ണുകൊണ്ടുള്ള കലാവിരുത് (മാർത്തിക ശില്പം) വളരെ പ്രാ
ക്തനത അവകാശപ്പെടുന്നതാണ്. ആദ്യകാലത്ത് സ്ത്രീകളാണ് അതിൽ
ഏർപ്പെട്ടിരുന്നതെന്നാണ് കരുതപ്പെടുന്നത്.[4] പിൽക്കാലത്ത് അതിനു മാറ്റ
മുണ്ടായി. മരംകൊണ്ടോ, തോലുകൊണ്ടോ പാത്രമുണ്ടാക്കിയശേഷം
അതിൽ വെള്ളം കടക്കാതിരിപ്പാൻ കളിമണ്ണുകൊണ്ട് പുശുന്ന പതിവാണ്
ആദ്യമുണ്ടായിരുന്നതെന്നും, ഉരുട്ടിയ കളിമണ്ണിൽ ആഴത്തിൽ കുഴികളു
ണ്ടാക്കി പാത്രങ്ങൾക്ക് രൂപം കൊടുക്കുന്ന രീതി പിന്നീടാണ് ഉണ്ടായ
തെന്നുമാണ് പൂരവസ്തു വിജ്ഞാനകോവിദർ പ്രസ്താവിക്കുന്നത്. വെയി
ലത്തു മാത്രം ഉണക്കിയാൽ പോരെന്നും, അഗ്നിയിൽ ചുട്ടെടുത്താൽ അവ
യ്ക്ക് കൂടുതൽ ഉറപ്പുണ്ടാകുമെന്നും മനുഷ്യൻ കണ്ടെത്തി. കളിമണ്ണു
കൊണ്ടുള്ള ചിത്രങ്ങളുടെയും മറ്റും നിർമ്മാണരീതിയിൽ അയ്യായിരം
വർഷങ്ങൾക്കുമുമ്പെതന്നെ പരിവർത്തനമുണ്ടായെന്നാണ് കരുതപ്പെടു
ന്നത്.[5] ഗുണമുറ്റ മൺപാത്രങ്ങളും മറ്റും വേഗത്തിൽ ഉണ്ടാക്കുവാൻ കഴി
യുമാറായത് കുശാലന്മാർ ചക്രം (പോട്ടേർസ് വീൽ) ഉപയോഗിപ്പാൻ
തുടങ്ങിതോടെയത്രെ.

കുശാലന്മാർ ആദ്യം കളിമണ്ണ് ചവിട്ടി, പുഴിചേർത്ത് കുഴച്ച് തിര യാക്കും പിന്നെ ആവശ്യാനുസരണം മുറിച്ചെടുക്കും. ചക്രത്തിന്റെ സഹാ യത്തോടെയാണ് പാത്രങ്ങൾക്കും മറ്റും രൂപം കൊടുക്കുന്നത്. കലം, ചട്ടി, കുടുക്ക, മൺതാലം, മണ്ണെ, (ചെറിയ പിഞ്ഞാണം), കല്ലപ്പാനി (മൺ കുടം), മൺകിണ്ടി, മാട്ടുപ്പാനി (മദ്യകുംഭം), പുടാക്കലം (വസ്ത്രങ്ങൾ സൂക്ഷിക്കുന്ന മൺപാത്രം) തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾക്കു പുറമെ, ഉത്സവങ്ങൾക്കും താന്ത്രിക കർമ്മങ്ങൾക്കും, വൈദിക ക്രിയ കൾക്കും മറ്റും വേണ്ട അനേകം സാമഗ്രികളും കുശവന്മാർ ഉണ്ടാക്കുക പതിവാണ്. ശരാവം (പ്രത്യേക മൺവിളക്ക്), മുളപ്പാലിക, കലശപ്പാത്രം, മൺസ്തൂപിക തുടങ്ങിയവ അതിൽ ചിലതാണ്. പണ്ടേ നടപ്പിലുണ്ടായി രുന്ന ഇത്തരം ഉപകരണങ്ങൾക്കു പുറമെ, മനുഷ്യന്റെ കാലാനുഗതമായ ആവശ്യങ്ങൾക്കനുഗുണമായ പാത്രങ്ങളും ഉപകരണങ്ങളും വസ്തുക്കളും കളിമണ്ണുകൊണ്ട് നിർമ്മിക്കപ്പെടുന്നു.

ആസ്സാം, ബംഗാൾ, ഒറീസ എന്നിവിടങ്ങളിൽ കളിമൺകൊണ്ട് ഉർവ്വര പ്രതിരൂപങ്ങളായ മാതൃദേവതകളെ ഉണ്ടാക്കുക പതിവത്രെ.[6] അയ്യായിര വർഷങ്ങൾക്കു മുമ്പ് ജനങ്ങൾ ആരാധിച്ചിരുന്ന മാതൃകയിലുള്ളതാണവ യെന്ന് വിശ്വസിക്കപ്പെടുന്നു. കളിമണ്ണുകൊണ്ട് മൃഗരൂപങ്ങളുണ്ടാക്കുക സാധാരണമാണ്. പഴയ ചില കാവുകളിലും സ്ഥാനങ്ങളിലും കളിമണ്ണു കൊണ്ടു നിർമ്മിച്ച നായകളുടെയും മറ്റും രൂപങ്ങൾ ഇന്നും കാണുവാ നുണ്ട്. കുശാലന്മാരുടെ പ്രാക്തനകലാവൈദഗ്ദ്ധ്യത്തിന് തെളിവാണവ.

നമ്മുടെ നാട്ടിൻപുറങ്ങളിലുള്ള സ്ത്രീകൾ കളിമണ്ണുകൊണ്ടുള്ള രൂപ ങ്ങൾ ഉണ്ടാക്കുന്നതിൽ പ്രത്യേക കൗശലം നേടിയവരല്ലെങ്കിലും, ചില സന്ദർഭങ്ങളിൽ അവർ വളരെ കലാബോധത്തോടെ പല രൂപങ്ങളും നിർമ്മി ക്കുക പതിവാണ്. ഓണക്കാലത്തുണ്ടാക്കുന്ന ഓണത്തപ്പനും, പുരക്കാല ത്തുണ്ടാക്കുന്ന മൺകാമനും, വൃശ്ചികമാസത്തിലെ വ്രതസ്നാനത്തിന് ചിലേടങ്ങളിൽ കന്യകമാർ നിർമ്മിക്കുന്ന അച്ചും (പാർവ്വതിരൂപം) അതിന് തെളിവാണ്. ഉത്സവവേളകളിൽ സ്ത്രീകൾ കളിമണ്ണുകൊണ്ട് ദേവതാ രൂപങ്ങൾ ഉണ്ടാക്കുന്ന പതിവ് മറ്റുള്ളിടങ്ങളിലും കാണാം.

കൊത്തുവേലകളിലുള്ള മനുഷ്യന്റെ കലാവിരുത് കല്ലുകളിലായിരി ക്കണം ആദ്യം പതിഞ്ഞിരിക്കുക. ചരിത്രാതീതകാലങ്ങളിൽ മനുഷ്യർ ഉപ യോഗിച്ചുപോന്ന കല്ലുകൊണ്ടുള്ള ഉപകരണങ്ങളിലേയ്ക്ക് പുരവസ്തു വിജ്ഞാനം വെളിച്ചം പകരുന്നുണ്ട്. കല്ലിന്റെ പാളികൾ ചെറുതുണ്ടുക ളാക്കി അവർ പലതരം കൊത്തുപണികൾ (സ്റ്റോൺ കാർവിങ്ങ്) നടത്തി. കൽവിളക്കുകൾ, പലതരം കത്തികൾ, മരത്തിലും എല്ലുകളിലും തുള യ്ക്കാനുള്ള തോലുളികൾ, കല്ലിന്റെ അറപ്പുവാളുകൾ തുടങ്ങിയവ ശില കൾകൊണ്ട് നിർമ്മിച്ചിരുന്നുവത്രെ.[7] കല്ലുരലുകൾ, അമ്മി, കുഴിയമ്മി, തിരി പ്പുകല്ല് തുടങ്ങിയ നിത്യോപയോഗ സാധനങ്ങൾ മാത്രമല്ല, ക്ഷേത്രങ്ങള ടെയും രാജകൊട്ടാരങ്ങളുടെയും മറ്റും പടികൾ, തളങ്ങൾ, ഓവുകൾ, തൂണുകൾ, പലതരത്തിലുള്ള കൗതുകകരമായ കൊത്തുവേലകൾ, ദേവതാ രൂപങ്ങൾ, ക്ഷേത്രവിഗ്രഹങ്ങൾ എന്നിവപോലും കല്ലുകളിൽ കൊത്തി

യുണ്ടാക്കുവാൻ ശില്പികൾക്ക് കഴിഞ്ഞിട്ടുണ്ട്. ക്ഷേത്രങ്ങളിലെ ദേവി ദേവന്മാരുടെ വിഗ്രഹങ്ങളിൽ പകുതിയിലേറെയും കല്ലുകളിൽ കൊത്തിയുണ്ടാക്കിയവയാണ്. പ്രാദേശിക ദേവതകളുടെ രൂപങ്ങളും കാണാം. ക്ഷേത്രങ്ങളിൽ ദേവതകളുടെ വാഹനങ്ങൾ കല്ലിൽ കൊത്തിവച്ചിട്ടുള്ളതും അപൂർവ്വമല്ല.

ശിലാബിംബങ്ങൾക്ക് ശില തിരഞ്ഞെടുക്കുന്നത് ലക്ഷണം നോക്കിയാണ്. ശിലയുടെ കിടപ്പ്, ധ്വനി, മുഖം എന്നിവ ശ്രദ്ധിക്കേണ്ടതായുണ്ട്. ശിലയുടെ മുഖം ഏതു ദിക്കിലേയ്ക്കാണോ, ആ ദിക്കു നോക്കിത്തന്നെ ബിംബപ്രതിഷ്ഠയും നടത്തണമത്രെ. പുരുഷശില, സ്ത്രീശില, നപുംസക ശില എന്നിങ്ങനെ ശിലകൾക്ക് തരഭേദമുണ്ട്. ഗംഭീരധ്വനിയുള്ളതും തിപ്പൊരി അധികം കാണുന്നതും അരയാലിന്റെയോ പേരാലിന്റെയോ ഇലകളുടെ ആകൃതിയിലുള്ളതുമായ വലിയ ശിലയാണ് പുരുഷശില. മൃദുസ്വരവും ശൈത്യവുമുള്ളതും കദളിവാഴയിലയുടെ ആകൃതിയോടു കൂടിയതുമായ ശിലയാണ് സ്ത്രീശില. പുരുഷശില പുരുഷദേവതകളുടെയും സ്ത്രീശില സ്ത്രീദേവതകളുടെയും ബിംബമുണ്ടാക്കുവാനാണ് പ്രായേണ ഉപയോഗിക്കുന്നത്. നപുംസകശില പീഠത്തിന് ഉപയോഗിക്കും.

കല്ലുകൾകൊണ്ടുള്ള കൊത്തുവേലകളെപ്പോലെതന്നെ പ്രാചീനത കല്പിക്കാവുന്നവയാണ് ദന്തം, കൊമ്പ്, അസ്ഥി മുതലായവ കൊണ്ടുള്ള ശില്പവേലകൾ. പലതരം വിഗ്രഹങ്ങൾ, പക്ഷിമൃഗാദികളുടെ രൂപങ്ങൾ, മറ്റു കൗതുകവസ്തുക്കളുടെ രൂപങ്ങൾ, ചീർപ്പുകൾ തുടങ്ങിയവയുടെ നിർമ്മാണം വർദ്ധിച്ചുവരുന്നുണ്ട്. വിദേശങ്ങളിലേയ്ക്കും ഇത്തരം വസ്തുക്കൾ കയറ്റുമതി ചെയ്യപ്പെടുന്നു. മൃഗങ്ങളുടെ അസ്ഥി, കൊമ്പ് മുതലായവകൊണ്ട് പലതരം കൊത്തുവേലകൾ ചെയ്യുവാൻ സാമർത്ഥ്യമുള്ളവർ ഗോത്രവർഗ്ഗക്കാരിൽ ധാരാളമുണ്ടത്രെ.

ലോഹങ്ങൾകൊണ്ടുള്ള വാർപ്പുവേലകൾ (ആയസശില്പങ്ങൾ) ഗ്രാമീണ കരവിരുതുകൾക്ക് ദൃഷ്ടാന്തങ്ങളാണ്. പണിയായുധങ്ങൾ, പാത്രങ്ങൾ, വിളക്കുകൾ, വാദ്യോപകരണങ്ങൾ, വിഗ്രഹങ്ങൾ, മറ്റു കൗതുകവസ്തുക്കൾ എന്നിവ ലോഹങ്ങൾകൊണ്ട് നിർമ്മിച്ചുവരുന്നു. ഇവയുടെ സ്വഭാവം പ്രാദേശികവും സാമൂഹികവുമായ ആവശ്യങ്ങൾക്കനുഗുണമായിരിക്കും. പാത്രങ്ങളിൽത്തന്നെ പാചകാവശ്യങ്ങൾക്ക് നിത്യേന ഉപയോഗിക്കുന്നവ, വിശേഷാവസരങ്ങളിൽ ഉപയോഗിക്കുന്നവ, അനുഷ്ഠാനം, പൂജ എന്നിവകൾക്ക് ഉപയോഗിക്കുന്നതവ എന്നിങ്ങനെ തരഭേദങ്ങൾ കാണാം. ഉരുളികളും വലിയ വട്ടളങ്ങളും ഇന്ന് കൂടുതൽ വാർത്തുണ്ടാക്കുന്നില്ലെങ്കിലും, പണ്ടുണ്ടാക്കിയ അത്തരം സാധനങ്ങൾ ഇന്നും ദുർല്ലഭമായെങ്കിലും ബാക്കിയുണ്ട്. വിളക്കുകളാണ് എടുത്തു പറയാവുന്ന മറ്റൊരിനം. തൂക്കുവിളക്ക്, മാലവിളക്ക്, ഭദ്രവിളക്ക്, ആലുവിളക്ക്, ഇല്ലിവിളക്ക്, കൈവിളക്ക്, കൊടിവിളക്ക്, കുത്തുവിളക്ക്, ചങ്ങലവട്ടവിളക്ക് തുടങ്ങി വിവിധതരം വിളക്കുകൾ പ്രാചുര്യത്തിലുണ്ടായിരുന്നു. അലങ്കാരപ്പണികളോടുകൂടിയ വിളക്കുകൾ എടുത്തുപറയേണ്ടതാണ്. ദശാവതാരവിളക്ക്, ലക്ഷ്മിവിളക്ക്, ഗോപാലകൃഷ്ണൻവെച്ചവിളക്ക്, ചീയോതി (ചീപോതി)

വിളക്ക് തുടങ്ങിയ പേരുകളിൽ അറിയപ്പെടുന്ന വിളക്കുകൾ പുരാണേതി ഹാസങ്ങളിലെ പുരാവൃത്തസൂചനകൾ ഉൾക്കൊള്ളുന്ന അലങ്കാരങ്ങളോടുകൂടിയവയത്രെ. ക്ഷേത്രങ്ങളിലെ കോടിമരങ്ങളും സ്തൂപങ്ങളും താഴികക്കുടങ്ങളും ലോഹങ്ങൾ കൊണ്ട് വാർത്തുണ്ടാക്കാറുണ്ട്. വിഗ്രഹങ്ങളാണ് എടുത്തുപറയേണ്ട മറ്റൊരിനം. ലക്ഷണമൊത്ത വിഗ്രഹങ്ങൾ നിർമ്മിക്കുവാൻ വൈദഗ്ധ്യമുള്ള പഞ്ചലോഹ ശില്പികൾ എണ്ണത്തിൽ കുറഞ്ഞുവരികയാണ്. പഞ്ചലോഹങ്ങൾ[11] പല അനുപാത ക്രമത്തിൽ എടുത്താണ് വാർപ്പുപണികൾ നടത്തുന്നത്.

പലതരം കിണ്ടികൾ, കിണ്ണങ്ങൾ, ഇരട്ടക്കിണ്ണം, ചെല്ലം, കലം, പിടി മൊന്ത, താലങ്ങൾ തൊട്ടുള്ള പല നിത്യോപയോഗ വസ്തുക്കളും കൂട്ടു ലോഹങ്ങൾകൊണ്ട് വാർത്തുണ്ടാക്കുക പതിവാണ്. വെങ്കലക്കൂട്ടുകൊണ്ട് പണ്ട് വാൽക്കണ്ണാടിപോലുള്ള കൗതുകവസ്തുക്കൾപോലും ഉണ്ടാക്കിവന്നിരുന്നു. 'ആറന്മുളക്കണ്ണാടി' കേരളീയ കരകൗശലത്തിന്റെ പ്രത്യക്ഷോദാഹരണമാണ്. ഓടുകൊണ്ട് വാർത്തെടുക്കുന്ന ഇലത്താളം, ചേങ്ങലം (ചേങ്ങില), കൈമണി, കുടമണി, പൂജാമണി, കിങ്ങിണി, ചിലങ്ക തുടങ്ങിയ സാധനങ്ങളും ഇവിടെ സ്മരിക്കപ്പെടേണ്ടവയാണ്. കലാപ്രകടനങ്ങൾക്ക് അണിയുവാൻ ഉപയോഗിക്കുന്ന വിവിധ അലങ്കാരവസ്തുക്കളും ലോഹങ്ങൾകൊണ്ട് നിർമ്മിക്കാറുണ്ട്. പ്രാക്തന കാലത്ത് നിർമ്മിക്കപ്പെട്ട, പല ആകൃതിയിലുള്ള വാളുകളും പരിചകളും ചില കളരികളിലും കോട്ടങ്ങളിലും കാവുകളിലും കാണാൻ കഴിയും.

പലതരത്തിലുള്ള പുല്ലുകൾകൊണ്ട് നിർമ്മിക്കുന്ന തൃണാദിശില്പങ്ങളും, മുളകൊണ്ട്, ഓട എന്നിവകൊണ്ടുള്ള വൈണവ ശില്പങ്ങളും കരവിരുതുകളിൽപ്പെടുന്നവയാണ്. കൊട്ട, പായ, നിലം വിരിപ്പുകൾ, കൂട്ട (കൂട്ട) തുടങ്ങിയ കൈവേലകൾ നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ സർവ്വസാധാരണമായി കണ്ടുവരുന്നു. കൈതയോല, മുണ്ടയോല, പനയോല, തെങ്ങോല, പുല്ല് തുടങ്ങിയവകൊണ്ട് പായകളും കൊട്ടകളും മറ്റും ഉണ്ടാക്കാറുണ്ട്. മെത്തപ്പായ, തൊട്ടിൽപ്പായ, പരവതാനിപ്പായ, സൂര്യകാന്തിപ്പായ, വീരവാളിപ്പായ തുടങ്ങിയ പേരുകളിൽ പല വിശേഷപ്പെട്ട പായകളും നിർമ്മിക്കാറുണ്ടായിരുന്നു. ചെറുമർ, പുലയർ, മാവിലർ, ഉള്ളാടന്മാർ തുടങ്ങിയ സമുദായങ്ങളിൽപ്പെട്ട സ്ത്രീകൾ കൈതോലകൊണ്ടുള്ള പായകൾ ഉണ്ടാക്കുക പതിവാണ്. ഗ്രാമീണരായ തൊഴിലാളികൾ പാള കൊണ്ടുള്ള തൊപ്പികൾ ധരിക്കുക സാധാരണമായിരുന്നു. ഉത്തരകേരളത്തിൽ പാള തൊപ്പിധരിക്കുന്നവരെ ഇന്നും കാണാം. പാളകൊണ്ട് കലാപരമായി തൊപ്പികൾ ഉണ്ടാക്കുന്നവരാണ് 'കോപ്പാളർ" എന്ന സമുദായക്കാർ. ചൂരൽ, മുള, ഓട (ഈറ) മുതലായവകൊണ്ടുള്ള കൊട്ടകളും കുടകളും കൂട്ട (കൂട്ട)കളും പെട്ടികളും മറ്റും ധാരാളമായി നിർമ്മിക്കപ്പെടുന്നു. ചില ആദിവാസി വർഗ്ഗക്കാർ ഇതൊരു പാരമ്പര്യത്തൊഴിലായിത്തന്നെ തുടർന്നുവരുന്നുണ്ട്.

കേരളത്തെ സംബന്ധിച്ചിടത്തോളം എടുത്തു പറയാവുന്ന മറ്റൊരു ഗ്രാമീണ കൈത്തൊഴിലാണ് ഓലക്കുടനിർമ്മാണം. കണിയാ(ഗണക)

ന്മാരും പാണന്മാരും ഈ കരകൗശലപാരമ്പര്യമുള്ളവരാണ്. ആചാരം, തൊഴിൽ, ദേശം തുടങ്ങിയ ഉപാധികളെ അടിസ്ഥാനമാക്കി ഓലക്കുടകൾക്ക് തരഭേദമുണ്ട്. മനക്കുട, മറക്കുട, നെടിയകുട, വട്ടക്കുട, കന്നിക്കുട, കുണ്ടൻകുട, തലക്കുട (തൊപ്പിക്കുട), ആചാരക്കുട എന്നിങ്ങനെ ഓലക്കുട പലവിധമാണ്.

ചാർമ്മശില്പം, ജാലാദിശില്പം എന്നീ കരവിരുതുകളും എടുത്തു പറയത്തക്കവയാണ്. തുകൽകൊണ്ടുള്ള പല കൗതുകവസ്തുക്കളും ഉണ്ടാക്കാറുണ്ട്. തോൽപ്പാവക്കൂത്തിന്നുപയോഗിക്കുന്ന പലവിധരൂപങ്ങൾ പരമ്പരാഗതമായ ചാർമ്മശില്പ വൈദഗ്ദ്ധ്യത്തിന് ഉത്തമോദാഹരണമാണ്. പലതരത്തിലുള്ള വലകളും, ചൂടികൊണ്ടുള്ള പരവതാനികൾ, കൗതുകവസ്തുക്കൾ തുടങ്ങിയവയും ഉണ്ടാക്കുവാൻ വൈദഗ്ദ്ധ്യമുള്ളവർ കുറവല്ല.

---

1. Warren E. Roberts, Folk crafts (Article), Folk lore and Folk life-An introduction, P. 234
2. Warren E. Roberts, P. 235
3. വി. ആർ. പരമേശ്വരൻപിള്ള, പുരാവസ്തുഗവേഷണം, പു. 31
4. E. R. Boyce, How things began--5, P. 39
5. E. R. Boyce, P. 40
6. Jasleen Dhamija, Indian Folk arts and crafts, P. 43
7. E. R. Boyce, P. 21
8. ചെമ്പ്, വെളുത്തീയം, സ്വർണ്ണം, വെള്ളി, ഇരുമ്പ് എന്നിവയാണ് പഞ്ചലോഹങ്ങൾ.
9. കവുങ്ങിൻപാളകൊണ്ട് കൗതുകവസ്തുക്കൾ ഉണ്ടാക്കുന്നവരായതുകൊണ്ടത്രെ ആ സമുദായക്കാർക്ക് കോപ്പാളർ എന്ന പേരുണ്ടായത്.

നാല്

വാസ്തുവിദ്യയും ദാരുശില്പങ്ങളും

പാരമ്പര്യവഴിക്ക് പകർന്നുവരുന്ന വാസ്തുവിദ്യയെ (തച്ചുശാസ്ത്രത്തെ) യാണ് നാടൻ വാസ്തുവിദ്യയെന്ന് വിശേഷിപ്പിക്കുന്നത്. ഭവന നിർമാണവുമായി ബന്ധപ്പെട്ട എല്ലാ പാരമ്പര്യഘടകങ്ങളും അതിൽ അടങ്ങുന്നു.[1] വിവിധ തരത്തിലുള്ള ആലയ നിർമാണ രീതികൾ മാത്രമല്ല, അതിനുപയോഗിക്കുന്ന വസ്തുക്കൾ, ഉപകരണങ്ങൾ, അതുമായി ബന്ധപ്പെട്ട ശില്പവിദ്യകൾ, മറ്റു സാങ്കേതിക കാര്യങ്ങൾ എന്നിവയെല്ലാം ഈ പാരമ്പര്യ വിജ്ഞാനീയത്തിന്റെ അന്വേഷണപരിധിയിൽപ്പെടും.

വ്യവസായ വിപ്ലവത്തിന്റെ ഫലമായി വാസ്തുശില്പം, ദാരുശില്പം തുടങ്ങിയവയിൽ വളരെയേറെ പരിവർത്തനങ്ങൾ ഉണ്ടായി. അവയുടെ നാടൻ സ്വഭാവത്തിനും തനിമയ്ക്കും മങ്ങലേൽക്കുന്ന തരത്തിലുള്ളതായിരുന്നു പുതിയ നിർമ്മങ്ങൾ. വ്യവസായ വിപ്ലവത്തിനുശേഷം 'നാടൻ ശില്പവിദ്യ'യെന്നത് 'ജനകീയശില്പവിദ്യ'യായി മാറിയെന്നാണ് പണ്ഡിതമതം.[2]

ശില്പവിദ്യയിൽ കേരളത്തിന് പ്രത്യേക പാരമ്പര്യമാണുള്ളത്. കല്ലിലും മരത്തിലും മറ്റും മനുഷ്യന്റെ കലാവിരുത് പ്രവർത്തിച്ചതിന്റെ ലക്ഷണങ്ങൾ ക്ഷേത്രങ്ങളിലും കോവിലകങ്ങളിലും മനകളിലും പള്ളികളിലും മറ്റും കാണാം. കേരളത്തിലെ ശില്പവിദ്യയ്ക്കു ശാസ്ത്രീയമായ അടിസ്ഥാനമില്ലെന്ന് ആരും പറയുകയില്ല. പാരമ്പര്യരീതിയിലുള്ള മനുഷ്യാലയങ്ങൾ, ദേവാലയങ്ങൾ തുടങ്ങിയവയും, തൂണുകൾ, കൊടിമരങ്ങൾ മുതലായവയും, പല്ലക്ക്, രഥം, വള്ളം, മരക്കലം തുടങ്ങിയവയും, തൊട്ടിൽ, ഭസ്മക്കൊട്ട തുടങ്ങിയവയും കൂട്ടികൾക്കുള്ള വിവിധതരം കളിക്കോപ്പുകളും, കലകൾ, നൃത്തങ്ങൾ എന്നിവയുടെ നിശ്ചല മാതൃകാരൂപങ്ങളും, ദേവതാരൂപങ്ങളുമൊക്കെ ശില്പവിദ്യയ്ക്കു വിഷയങ്ങളാണ്.

ആലയനിർമ്മാണം

ആലയങ്ങളുടെ സ്ഥലനിർണ്ണയം, ആകൃതി, തരം തുടങ്ങിയ എല്ലാ വശങ്ങളെക്കുറിച്ചും വാസ്തുവിദ്യ(തച്ചുശാസ്ത്ര)യിൽ പ്രതിപാദിക്കുന്നുണ്ട്. മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് കേരളത്തിന് തച്ചുശാസ്ത്രത്തിൽ പ്രത്യേക പാരമ്പര്യം അവകാശപ്പെടാം. വേസരം, ഗാന്ധാരം, ദ്രാവിഡം തുടങ്ങിയ വിഭിന്ന പദ്ധതികൾ ഭാരതത്തിൽ നിലവിലുണ്ടായിരുന്നു. എന്നാൽ, കേരളം പലകാര്യത്തിലും അവയിൽ നിന്ന് ഭിന്നമായ പല സവിശേഷതകളും വെച്ചുപുലർത്തുന്നുണ്ട്. നേപ്പാളിലെ വാസ്തുവിദ്യയോട് കേരളീയസമ്പ്രദായത്തിന് കൂടുതൽ അടുപ്പമുണ്ടെന്നാണ് പറയപ്പെടുന്നത്. കേരളത്തിലെ, പ്രത്യേകിച്ചും ഉത്തരകേരളത്തിലെ ആലയനിർമ്മാണശൈലിക്ക് നേപ്പാളിലെ മാതൃകയുമായുള്ള സാദൃശ്യം പലരും കണ്ടെത്തിയിട്ടുണ്ട്. മലബാറിലെയും തുളുനാട്ടിലെയും ഭവനങ്ങളുടെയും ക്ഷേത്രങ്ങളുടെയും മോന്തായത്തിന്റെ സവിശേഷതകളും, വാസ്തുശില്പകലയുടെ പ്രത്യേകതകളും 'പൗരസ്ത്യവാസ്തുശില്പചരിതം' എന്ന ഗ്രന്ഥത്തിൽ മി. ഫെർഗുസൻ ചൂണ്ടിക്കാട്ടിയിട്ടുണ്ടത്രെ.[3] ജൈനമതസാധനീവും പ്രകടമാണ്. ജൈനമതമാതൃകയിൽ പണിത ക്ഷേത്രങ്ങൾ മാത്രമല്ല, പള്ളികളും കാണുവാൻ കഴിയും. കേരളത്തിലെ പ്രാക്തന മുസ്ലീം പള്ളികളുടെ നിർമ്മാണത്തിൽ ഇവിടത്തെ പാരമ്പര്യശൈലി സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നതിൽ സംശയമില്ല.

ആലയനിർമ്മാണതത്ത്വങ്ങൾ മനുഷ്യാലയങ്ങൾക്കും ദേവാലയങ്ങൾക്കും വ്യത്യാസമുണ്ട്. മനുഷ്യാലയങ്ങളിൽത്തന്നെ കൊട്ടാരങ്ങൾ, കോവിലകങ്ങൾ, ബ്രഹ്മാലയങ്ങൾ, സാധാരണഭവനങ്ങൾ എന്നിവയുടെ നിർമ്മാണരീതിക്ക് വ്യത്യാസം കാണാം. പഞ്ചപ്രാകാരങ്ങളോടുകൂടിയ സവർണ്ണക്ഷേത്രങ്ങളുടെയും, അതില്ലാത്ത പള്ളിയറകളുടെയും നിർമ്മാണരീതികൾ ഭിന്നമാണ്. ചക്കാല, ഗോശാല, കുത്തമ്പലം തുങ്ങിയവയുടെ നിർമ്മാണത്തിനും പ്രത്യേക പ്രമാണങ്ങളുണ്ട്.

വാസ്തുവിദ്യയെ സംബന്ധിച്ച് മലയാളത്തിലും സംസ്കൃതത്തിലുമായി അനേകം ഗ്രന്ഥങ്ങൾ സംഭാവന ചെയ്യുവാൻ കേരളത്തിന് കഴിഞ്ഞു. തന്ത്രസമുച്ചയം (പന്ത്രണ്ടാം പടലം), വാസ്തുവിദ്യ, ശില്പരത്നം, മനുഷ്യാലയചന്ദ്രിക എന്നിവ പ്രശസ്തങ്ങളാണ്. ശ്രീകുമാരൻ നമ്പൂതിരിയാൽ വിരചിതമായ 'ശില്പരത്നം' കൂടാതെ, 'ശില്പരത്നംഭാഷ' (തൈക്കാട്ടു ഭാഷ) എന്ന ഗ്രന്ഥവും വിരചിതമായിട്ടുണ്ട്. കേരളീയശില്പകലയുടെ പ്രാമാണിക ഗ്രന്ഥമത്രെ 'മയമതം' എന്ന സംസ്കൃത കൃതി. ഇവയ്ക്കു പുറമെ, മാനവവാസ്തുലക്ഷണം, വിശ്വകർമ്മീയം, വാസ്തുലക്ഷണം, മനുഷ്യാലയ ദർപ്പണം തുടങ്ങി അനേകം കൃതികൾ ഉണ്ടായിട്ടുണ്ട്. എന്നാൽ, തൊഴിൽപാരമ്പര്യവും പ്രായോഗികജ്ഞാനവുമുള്ള ശില്പികളെ ഗ്രാമപ്രദേശങ്ങളിൽ ഇന്നും കാണാമെന്നത് ശ്രദ്ധേയമാണ്.

ജലോത്സവങ്ങൾക്ക് ഉപയോഗിച്ചുവരുന്ന ചുണ്ടൻ, വെപ്പ്, ഇരുട്ടുകുത്തി, ചുരുളൻ തുടങ്ങിയ വള്ളങ്ങൾ പാരമ്പര്യശില്പവൈദഗ്ദ്ധ്യത്തിന് ഉത്തമോദാഹരണങ്ങളാണ്. ചെമ്പകശ്ശേരി രാജാവിന്റെ ആജ്ഞപ്രകാരമാണ് ചുണ്ടൻവള്ളം ആദ്യം നിർമ്മിച്ചതെന്ന് പറയപ്പെടുന്നു. ആ വള്ളം നിർമ്മിച്ചത് 'ദേവനാരായണനാശാരി' എന്ന സ്ഥാനപ്പേർ ലഭിച്ച ഒരു ആശാരിയായിരുന്നുവെന്നാണ് ഐതിഹ്യം.[5]

പണ്ട് സമുദ്രസഞ്ചാരത്തിന് 'മരക്കലം' എന്ന ജലവാഹനം ഉപയോഗിച്ചിരുന്നു. ഒരു തരം പായക്കപ്പലത്രെ മരക്കലം. പ്രാചീന മലബാറിൽ ഇത്തരം കപ്പലുകളുടെ നിർമ്മാണം സമൃദ്ധമായൊരു വ്യവസായമായിരുന്നു.[6] കോഴിക്കോട്ടെ മരക്കാർ നിരവധി മരക്കലങ്ങളുടെ ഉടമയായിരുന്നുവത്രെ. മരക്കലത്തോറ്റം, ഭദ്രകാളിത്തോറ്റം, മരക്കലപ്പാട്ട് തുടങ്ങിയ നാടൻ കഥാഗാനങ്ങളിൽ മരക്കലത്തിന്റെ നിർമ്മാണം, മരക്കലത്തിന് ചായം കേറ്റൽ, മരക്കലം ശുദ്ധീകരിച്ച് കൈക്കൊള്ളൽ, മരക്കലയാത്ര എന്നിവയെപ്പറ്റി യഥാതഥമായ വർണ്ണനകളുണ്ട്.

ദാരുശില്പങ്ങൾ

പ്രാചീന ക്ഷേത്രങ്ങളിലും പള്ളിയറകളിലും കൊട്ടാരങ്ങളിലും മറ്റും കാണുന്ന ശില്പങ്ങൾ ഗ്രാമീണ കലാകാരന്മാരുടെ കരവിരുതിനും സൗന്ദര്യബോധത്തിനും ഭാവനാവിലാസത്തിനും മാത്രമല്ല, അവരുടെ വിവിധ മണ്ഡലങ്ങളിലുള്ള വിപുലമായ അറിവിനും അനുഭവജ്ഞാനത്തിനും കൂടി ദൃഷ്ടാന്തങ്ങളാണ്. ഒരു ദേശത്തിലെ ദാരുശില്പങ്ങൾ ആ ദേശത്തിന്റെ സംസ്കാരപൈതൃകങ്ങളുടെ സാക്ഷാൽക്കാരമായിരിക്കും. വേദം, പുരാണം, ഉപനിഷത്ത്, ഇതിഹാസം, ഐതിഹ്യങ്ങൾ, പുരാസങ്കല്പങ്ങൾ, നൃത്തകല, മറ്റു ദൃശ്യകലകൾ, ഉത്സവം തുടങ്ങിയവയൊക്കെ ശില്പകലയിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. മറ്റൊരുവിധത്തിൽ പറഞ്ഞാൽ, ഇവയെല്ലാം ശില്പകലയ്ക്ക് വിഷയങ്ങളാണ്. കേരളത്തിലെ ക്ഷേത്രങ്ങളിൽ പലേടത്തും ഇതിഹാസ-പുരാണകഥാഭാഗങ്ങൾ ദാരുശില്പങ്ങളായി കാണുവാൻ കഴിയും. മണ്ഡപപ്പുരയിലോ, ബലിക്കൽപ്പുരയിലോ മുകൾത്തട്ടിൽ നവഗ്രഹരൂപങ്ങൾ കൊത്തിവയ്ക്കുക സാധാരണമാണ്. ചില ക്ഷേത്രങ്ങളിൽ സപ്തമാതൃക്കളുടെ ദാരുപ്രതിമകൾ കാണാം. ദാരുബിംബങ്ങളുള്ള ക്ഷേത്രങ്ങളുമുണ്ട്. പല കാവുകളിലും ദേവതകളുടെ ദാരുബിംബങ്ങളാണ് ആരാധിക്കപ്പെടുന്നത്.

ദാരുബിംബങ്ങൾക്കും അവയുടെ പീഠത്തിനും ഉപയോഗിക്കുന്ന വൃക്ഷങ്ങൾ ലക്ഷണമൊത്തതായിരിക്കണമെന്നുണ്ട്. വൃക്ഷങ്ങളുടെ മുഖം, സ്ത്രീ-പുരുഷ നപുംസകദേം എന്നിവയും വൃക്ഷങ്ങളുടെ തിരഞ്ഞെടുപ്പിൽ ശ്രദ്ധിക്കേണ്ടതുണ്ട്. ചുവടും തലയും ഒന്നുപോലെ തടിച്ചത് പുരുഷനും, അഗ്രംമെലിഞ്ഞത് സ്ത്രീയും നടുഭാഗം വണ്ണമുള്ളത് നപുംസകവുമത്രെ. വൃക്ഷങ്ങൾക്ക് മുഖമുണ്ട്. വൃക്ഷമുഖം എങ്ങോട്ടോ, ആ ദിക്കുമുഖമായി വേണം ബിംബപ്രതിഷ്ഠ നടത്തുവാൻ. നപുംസുക വൃക്ഷമാണ് പീഠത്തിന് ഉത്തമം. ഓരോ ദേവതയ്ക്കും ഏതേത് വൃക്ഷമാണ് യോജിച്ചതെന്നുള്ള പ്രമാണം ദാരുശില്പകലാകാരന്മാർക്കറിയാം.

ചില ക്ഷേത്രങ്ങിലും മനകളിലും കൊട്ടാരങ്ങളിലും 'തൈത്തിരിയം കൊത്ത്' എന്ന പേരിലുള്ള ദാരുശില്പം കാണാം. ഗുരുവിൽനിന്നും പുറം തള്ളപ്പെട്ട യാജ്ഞവൽക്യനെന്ന ഋഷിക്ക് ഗുരുവിൽനിന്നും പഠിച്ച യജുർ ദസംഹിത ഛർദ്ദിക്കേണ്ടതായിവന്നു. ഋഷിമാരിൽ ചിലർ അത് കണ്ട് തിത്തിരിപ്പക്ഷിയുടെ രൂപംപൂണ്ട് അവ മുഴുവൻ കൊത്തിത്തിന്നുവത്രെ. തൈത്തിരീയോപനിഷത്തിന് ആ പേർ ലഭിച്ചതിനെ സംബന്ധിച്ച് പറയാറുള്ള ഈ പുരാവൃത്തവുമായി 'തൈത്തിരിയം കൊത്തി'ന് ബന്ധമുണ്ടെന്നാണ് പറയപ്പെടുന്നത്.

കാവുകളിലും പള്ളിയറകളിലും കാണുന്ന ദാരുശില്പങ്ങൾക്ക് സവിശേഷതകൾ കാണാം. അവിടങ്ങളിൽ നടത്താറുള്ള അനുഷ്ഠാന കലാപ്രകടനങ്ങളുടെയും ഉത്സവച്ചടങ്ങുകളുടെയും നിശ്ചലദൃശ്യങ്ങൾ പലേടത്തും കൊത്തുവേലകളിൽ പ്രകടമാകുന്നു. ഉത്തരകേരളത്തിലെ കാവുകളിലും അറകളിലും തെയ്യങ്ങളുടെയും തിറകളുടെയും രൂപങ്ങൾ സർവ്വസാധാരണമാണ്. വാദ്യക്കാരും വാദ്യങ്ങളും, കോമരങ്ങളുടെ നർത്തനം എന്നിവയുടെ മാതൃകകളും ദാരുശില്പങ്ങളിൽ പ്രത്യക്ഷമാകാറുണ്ട്.

ലൈംഗികതയുടെ നഗ്നമായ ആവിഷ്കാരം ദാരുശില്പങ്ങളിലും കാണുക സ്വാഭാവികമാണ്. മധ്യകേരളത്തിലെയും ദക്ഷിണകേരളത്തിലെയും ക്ഷേത്രങ്ങളിലെ കൊത്തുപണികളിൽ അശ്ലീലരൂപങ്ങൾ കാണാമെങ്കിലും, ഉത്തരകേരളത്തിൽ ഈ നഗ്നസൗന്ദര്യാവിഷ്കരണം സർവ്വസാധാരണമല്ല. എന്നാൽ, ശില്പികൾ വിനോദത്തിനും മറ്റുമായി ചില രൂപങ്ങൾ കൊത്തിവയ്ക്കാറുണ്ട്. ഭവനവും മറ്റും പണിയുമ്പോൾ ദൃഷ്ടിദോഷവും നാവുദോഷവും വരാതിരിക്കുവാൻ വേണ്ടി കൊത്തിവയ്ക്കാറുള്ള പല രൂപങ്ങളും നർമ്മരസമുളവാക്കുന്നവയാണ്. അവയിൽ അശ്ലീലവും പ്രകടമായിരിക്കും. ഇത്തരം ശില്പങ്ങൾ ജീവിതസ്പർശിയും സാമൂഹിക വിമർശനസ്വഭാവമുള്ളവയുമത്രെ.

ക്ഷേത്രങ്ങൾ, പള്ളിയറകൾ, കോവിലകങ്ങൾ, ബ്രഹ്മാലയങ്ങൾ എന്നിവിടങ്ങളിൽ മേൽത്തട്ടുകളിലും തൂണുകളിലും മാത്രമല്ല മേൽപ്പുരയോടനുബന്ധിച്ചും, ചുറ്റഴികളിലും പലതരം കൊത്തുവേലകൾ കാണാറുണ്ട്. പല രൂപങ്ങളിലുള്ള തോരണങ്ങളും ദാരുശില്പങ്ങളിൽപ്പെടുന്നു. ചില ബ്രഹ്മക്ഷത്രിയ ഗൃഹങ്ങളിൽ ശ്രീചക്രം, അഷ്ടദളം തുടങ്ങിയ 'പത്മ'ങ്ങളുടെ മാതൃകകൾ കൊത്തിയ ദാരുശില്പങ്ങൾ ജനൽവാതിലുകളിലും പടിത്തട്ടുകളിലും മറ്റും അലങ്കരിക്കാറുണ്ട്. ഏതെങ്കിലും തരത്തിലുള്ള കൊത്തുപണികൾ മുൻഭാഗത്തെ വാതിൽപ്പടികളിൽ ഉണ്ടായിരിക്കുക സ്വാഭാവികമാണ്. മത്സ്യപുരാണത്തിൽ ഓരോ ഗൃഹത്തിനും സന്ദർശകനെ സ്വാഗതം ചെയ്യുന്ന ഒരു ചിഹ്നമുള്ള ശില്പവേലയോടുകൂടിയ വാതിൽച്ചട്ടം ഉണ്ടായിരിക്കണമെന്ന് സൂചിപ്പിക്കുന്നുണ്ടത്രെ.[7] ആ പുരാണോക്തി സാർത്ഥകമാണെന്നാണ് ഇവ തെളിയിക്കുന്നത്.

വലിയ കൊട്ടാരങ്ങളിലും, മനകളിലും, ക്ഷേത്രങ്ങളിലും, പള്ളിയറകളിലും മേൽപ്പുരയുടെ മുൻഭാഗത്ത് കാണാറുള്ള ദാരുശില്പവേലകൾ പ്രത്യേകം ആകർഷകമാണ്. കിംപിരിമുഖം അവയിൽ പ്രാധാന്യമർഹി

ക്കുന്നു. കരാളമുഖം, നാഗമുഖം പോലുള്ള മൂന്ന് കണ്ണുകൾ, ആട്ടിൻകൊമ്പുപോലുള്ള കൊമ്പ്, വരാഹനേത്രം, ദംഷ്ട്രം, പുറത്തേയ്ക്കു നീട്ടിയ വലിയ നാവ് എന്നിവയോടുകൂടിയ ദാരുശില്പമാണ് ഈ കിംപുരുഷരൂപം. ദേവാസുരയുദ്ധത്തിൽ കിംപുരുഷന്റെ തല ഖണ്ഡിക്കപ്പെട്ടുപോയെന്നും, കിംപുരുഷന്റെ അപേക്ഷയനുസരിച്ച്, ഭൂമിയിൽ ദാരുശില്പ രൂപത്തിൽ ജനങ്ങൾ സ്മരിക്കുമെന്ന് ദേവന്മാർ അനുഗ്രഹിച്ചുവെന്നുമാണ് പുരാണകഥ. അതിന്റെ പശ്ചാത്തലത്തിലുള്ളതാണ് കിംപുരുഷമുഖം. കേരളീയ ശില്പകലയുടെ ഒരു സവിശേഷതയാണ് ഇതെന്നു പറയാം.

നമ്മുടെ ശില്പകലകളിൽ സർപ്പരൂപങ്ങൾ കാണാമെന്നത് ശ്രദ്ധേയമാണ്. നാടൻ കലാപ്രകടനങ്ങൾക്കുപയോഗിക്കുന്ന മുടികൾ, മാർച്ചട്ടകൾ മുതലായവയിൽ മാത്രമല്ല, വലിയ ആലയങ്ങളുടെ തട്ടുകൾ, പടികൾ, തൂണുകൾ, കഴുക്കോലുകളുടെ കവരുകൾ എന്നിവയിൽപ്പോലും പല വലുപ്പത്തിലുള്ള വിവിധ നാഗരൂപശില്പങ്ങൾ സാധാരണമായി കാണാവുന്നതാണ്. ഭവനങ്ങളുടെ മേൽപ്പുരകളിൽ മൂലയോടുകളെ താങ്ങിനിറുത്തുന്നത് പലപ്പോഴും നാഗഫണാകൃതിയിലുള്ള സാധനമാണ്. അത് മരത്തിൽ കൊത്തിയുണ്ടാക്കിയതോ, ഇരുമ്പുകൊണ്ട് നിർമ്മിച്ചതോ ആകാം.

---

1. Warren E. Roberts, Folk architecture (Article) Folk lore and Folk life-An Introduction, P. 281
2. Warren E. Roberts, P. 281
3. ലോഗന്റെ മലബാർ മാന്വൽ (വിവ: ടി.വി. കൃഷ്ണൻ), പുറം 198, 199
4. E. R. Boyce, How thing began, 5; P. 32
5. ഇടമറുക്, സ്ഥലപുരാണങ്ങൾ, പു. 179-181
6. K. Achyutha Menon, Ship-builiding in Ancient Malabar (Article), Rama Varma Research Bulletin Vol X; P. 1
7. Jasleen Dhamija, Indian folk arts and crafts, P. 49

8611

[illegible] ആചാരങ്ങൾക്കും ചില [illegible] ചടങ്ങുകൾക്കും പ്രാധാന്യമുള്ളതാണ്. ഓണം, വിഷു, തിരുവാതിര, ദീപാവലി തുടങ്ങിയ ആഘോഷങ്ങൾക്കും ചില [illegible] ചടങ്ങുകൾക്കും കേരളത്തിനകത്തും പുറത്തുമുള്ള പെൺകുട്ടികൾ ഒരുപോലെ പ്രാധാന്യം കൊടുക്കുന്നു. കേരളത്തിന്റെ മറ്റേതു സ്ഥലങ്ങളിലുമെന്നപോലെ വടക്കൻ കേരളത്തിലും ഈ ആഘോഷങ്ങൾ ആഘോഷിക്കുന്നതിൽ ഇന്നാട്ടുകാരിൽ കേരളത്തിന് മധ്യപ്രദേശത്തെ ആദിവാസിസമൂഹങ്ങളുടെയും പൊതുവായ ചില സമാനതകൾ കാണാം. മുറിയും വരാന്തയും ചുമരുകളും തറയുമെല്ലാം ചാണകവെള്ളം തളിച്ചു വൃത്തിയാക്കിയതിനുശേഷം അവിടെ ചിത്രങ്ങൾ വരയ്ക്കുന്നു. ദീപാവലി ദിവസം രാത്രിയിൽ, മഴയില്ല എങ്കിൽ തുറസ്സായ വിശാലമായ സ്ഥലങ്ങളിൽ അവർ ചെല്ലിപ്പൂ, വെണ്ടക്കപ്പൂ, മഴവില്ല് തുടങ്ങിയ വിവിധതരം ചിത്രങ്ങളിൽ അവർ ചിത്രങ്ങൾ വരയ്ക്കുന്നു. ഇവയെല്ലാം ചിത്രീകരിക്കുന്നത് ഉണക്കപ്പൊടിയുപയോഗിച്ചാണ്. ഇവയ്ക്കുപുറമെ ഓരോ പെൺകുട്ടിയും അവരുടെ പ്രത്യേക പ്രായത്തിനനുസരിച്ച് ചിത്രങ്ങൾ വരയ്ക്കുന്നു. ഇവയിൽ ചിലതിനെ ഞാൻ ഇവിടെ പരിചയപ്പെടുത്തുന്നു.

'പെടിക്കള്ള'ങ്ങളും അതിനോടനുബന്ധിച്ചുള്ള കളങ്ങളും വേനൽക്കാലത്തിന്റെ തുടക്കവും സൂചിപ്പിക്കുന്ന ചിത്രങ്ങളാണ്. ഹൈന്ദവദേവതയായ ശ്രീപാർവതിയുടെ കുടികളെയും സങ്കല്പങ്ങളിൽ, കന്നിമാസത്തിലെ കറ്റ വരവിൽ 'പിറപ്പോലിക്കാവ്'കൾ കുറിക്കുന്നത് അനുകൊണ്ടായിരിക്കണം വെള്ളരിക്കയുടെ മുഖത്തും മുറ്റത്തും ചിങ്ങമാസത്തിലെ അത്തപ്പൂക്കളത്തിനോടനുബന്ധിച്ച് 'ശ്രീകൃഷ്ണന്റെ കാല്' കളാണ് ചിത്രീകരിക്കുന്നത്. ആഘോഷവേളകളിലും വിവാഹാദിമംഗളാവസരങ്ങളിലും 'പെടിക്കള്ള'ത്തിനുപകരമായി ഓരോ സന്ദർഭത്തിലും വരയ്ക്കുന്ന രൂപങ്ങൾക്ക് വ്യത്യാസമുണ്ട്. അനുഷ്ഠാനം, പൂജ എന്നിവ നടത്തിപ്പോരുന്ന ചിത്രീകരിക്കുന്ന 'പെടിക്കള്ള'ങ്ങളിൽ 'ഗണപതിക്കള്ള' മുഖ്യമാണ്. വിവാഹത്തിന് ഉപയോഗിക്കുന്ന പെടിക്കള്ളങ്ങളുണ്ട്. കേരളത്തിലെപ്പോലെ കുടുംബത്തിൽ വസ്തുക്കൾ ഇരിക്കുന്നിടത്ത് വെൺകളികൊണ്ട് പ്രത്യേക ചിത്രം വരയ്ക്കുന്ന പതിവ് മധ്യപ്രദേശിലും നിലവിലിരിക്കുന്നു.* ഗുഹാചിത്രങ്ങളിലും മറ്റും പെടിയും, അതിനോടനുബന്ധിച്ച് കളംവരച്ച് പൂവിടുകയുമൊക്കെ കേരളത്തിൽ പലയിടങ്ങളിലുമുള്ള ഒരു പതിവാണ്.

അതിനോടനുബന്ധിച്ചോ പെടിക്കോലം ഉള്ള കളങ്ങളിൽ നേർവരകൾ, വൃത്തങ്ങൾ, ത്രികോണങ്ങൾ, ചതുർഭുജങ്ങൾ, ഷഡ്കോണങ്ങൾ, അഷ്ടകോണങ്ങൾ തുടങ്ങിയ ജ്യാമിതികരൂപങ്ങളുടെ സകലതും സർവ്വസാധാരണമായി കുത്തുവരകൾ, ചെറിയ കുത്തുകൾ, അല്പം വലിയ പുള്ളിക്കുത്തുകൾ, പുള്ളിക്കുത്തുകളോടുള്ള വൃത്തങ്ങളും ത്രികോണങ്ങളും, സമാന്തരരേഖകൾ, അപസർപ്പിതരേഖകൾ തുടങ്ങിയ ഘടകങ്ങൾ അവയിൽ കാണാം. പൂക്കളങ്ങളും, വള്ളിക്കളങ്ങളും, ആല് വിളക്ക് എന്നിങ്ങനെ ഓരോ പെടിക്കള്ളത്തിനും പ്രത്യേക പ്രാദേശിക പേരുകളുണ്ട്. വൃക്ഷങ്ങൾ, ഇലകൾ, പക്ഷികൾ, മൃഗങ്ങൾ, ഇഴജന്തുക്കൾ തൊട്ടുള്ള രൂപങ്ങൾ ചിത്രിതമായി കാണാം. ഉത്തരകേരളത്തിലെ അന്തർജനങ്ങൾ വടക്കോട്ടുനോക്കിയിരുന്നുകൊണ്ട് വരയ്ക്കാറുള്ള കളങ്ങൾക്ക് വെൺകളി എന്നു പേരുണ്ട്. പെൺകുട്ടികളുടെ ചാന്തും ഉപയോഗിക്കും.

അതിനോടനുബന്ധിച്ചോ പെടിക്കോലത്തോടും മറ്റും രൂപങ്ങൾ കുറിക്കുന്നതിലും, മുറിയിലുള്ള ഗൃഹോപകരണങ്ങൾ ചെയ്യുന്ന കാര്യത്തിലും സ്ത്രീക

ളാണ് ഏർപ്പെടുത്തിയിരുന്നത്. ഇത് കേരളത്തിൽ കലണ്ടർ പരിഷ്കരണമെന്ന് കരുതുവാൻ ന്യായമില്ല. ഇന്ത്യയിൽ നാനാ കലണ്ടറുകൾ ഉണ്ട്. അതിലൊരു സംഭവമായിരുന്നത് സ്ത്രീകളുടെയും അധികാരം പരിമിതമെന്ന് അംഗീകരിക്കപ്പെട്ടതാണ്.

ധൂളിശില്പം

ആനുഷ്ഠാനം, ആരാധന, മന്ത്രവാദം, ചികിത്സാരീതി തുടങ്ങിയവയോടനുബന്ധിച്ച് പലവർണ്ണപ്പൊടികൾകൊണ്ട് കളമെഴുത്തും പാടുമായ (ധൂളിശില്പം) ഇന്നും നിലനില്ക്കുന്നു. കേരളത്തിലും ഗൃഹങ്ങളിലും 'കള'മിടേണ്ട സന്ദർഭങ്ങൾ ഉണ്ടാകുമ്പോൾ കേരളത്തിലെ കളമെഴുത്തിന് സമൃദ്ധമായ പാരമ്പര്യമുണ്ടായിരുന്നു. ഉത്തരകേരളം, രാജസ്ഥാൻ, മധ്യപ്രദേശ്, ഗുജറാത്ത്, കർണാടക, കിഴക്കൻ തമിഴ്നാട് തുടങ്ങിയ പ്രദേശങ്ങളിലും കളം, മണ്ഡലം, കോലം എന്നിവിടങ്ങളിൽ 'രംഗോലി' എന്നും, തമിഴ്നാട്ടിൽ കട്ടം, കോലം എന്നും അറിയപ്പെടുന്ന കലാവിരുതുകൾ അനിതരസാധാരണങ്ങളായ കാഴ്ചകളാണ്. മഹാവിഷ്ണു, സൂര്യൻ തുടങ്ങിയ ദേവതകളുടെ രൂപങ്ങളാണ് അധികങ്ങളിൽ മുഖ്യമായും ചിത്രീകരിക്കപ്പെടുന്നത്.

കേരളത്തിലെ കളമെഴുത്തിൽ ഭദ്രകാളിക്കുള്ളതിന് കൂടുതൽ പ്രാധാന്യവുമുണ്ട്. കളമെഴുത്തുപാട്ട്, കുടിനീട്ട്, തിറയാട്ട്, പടേനി എന്നിവയിലെല്ലാം ഭദ്രകാളിക്കുള്ള മുഖ്യസ്ഥാനം ഭദ്രകാളിയുടെ രൂപങ്ങൾ കളമായി പ്രത്യക്ഷപ്പെടുത്തുവാൻ ചിലടങ്ങളിൽ നെല്ല് ഉപയോഗിക്കുന്നതിനാൽ നിറം കുറഞ്ഞ കളത്തിലുള്ള ആയുധങ്ങളേന്തിയ നാലോ, എട്ടോ, പതിനാറോ, അതിലധികമോ നാലോ കൈകളുള്ള രൂപം സൗകര്യത്തിനും സൗന്ദര്യത്തിനുമനുസരിച്ച് ചിത്രീകരിക്കും. മുടിയേറ്റിന് അനിഷേധ്യകളായ, കാളികാദേവി, കാലശ്വരി, ഭുവനേശ്വരി, അയലിയപ്പൻ, ശാസ്താവ്, വെള്ളാട്ടമായി എന്നീ ദേവതകളുടെ രൂപങ്ങൾകൂടി 'കള'മായി ചിത്രീകരിക്കുന്നത് ഭദ്രകാളിത്തിയാട്ടിന് തിയാട്ടുണ്ണികൾ ഭദ്രകാളിക്കളമിടുന്നതുപോലെ അയ്യപ്പൻ തിയാട്ടിന് തിയാടിനമ്പ്യാന്മാർ അയ്യപ്പന്റെ (ശാസ്താവിന്റെ) പലതരം രൂപങ്ങൾ കളം കുറിക്കും. വില്ലും ശരവുമേന്തിയ രൂപം, വില്ലും ശിരസ്സും മെടുത്ത രൂപം, കുതിര, കടുവ എന്നീ വാഹനങ്ങളിലെന്നിവ ചേർന്നു നിൽക്കുന്ന രൂപം എന്നിവ മുഖ്യമാണ്.

ഉത്തരകേരളത്തിലെ തെയ്യംപാടികൾ (ദൈവപ്പാടികൾ) കാവുകളിലും ക്ഷേത്രങ്ങളിലും ബ്രഹ്മാലയങ്ങളിലും കുറിക്കാറുള്ള കളങ്ങളിൽ വേട്ടയ്ക്കൊരുമകൻ, വൈരജാതൻ, ക്ഷേത്രപാലൻ, വീരഭദ്രൻ, കാളരാത്രി, ഭദ്രകാളി, ശാസ്താവ്, യക്ഷി, നാഗം എന്നീ ദേവതകളുടെ രൂപങ്ങൾ പ്രധാനമാണ്. മധ്യകേരളത്തിലെ ക്ഷേത്രങ്ങളിലും കുടും കളമെഴുത്തുപാട്ട് നടത്തുന്നത് കല്ലാറ്റക്കുറുപ്പന്മാരാണ്. ഭദ്രകാളി, വേട്ടയ്ക്കൊരുമകൻ, അയ്യപ്പൻ, വൈരജാതൻ, ക്ഷേത്രപാലൻ, വീരഭദ്രൻ, നാഗം എന്നീ ദേവതകളുടെ കളങ്ങൾ കുറുപ്പന്മാരും ചിത്രീകരിക്കാറുണ്ട്. ഇവയ്ക്കു

പുറമെ, ത്രിപുരാന്തകൻ, ആരിനമ്പി, കരുമകൻ, ഗന്ധർവ്വൻ തൊട്ടുള്ള ചില ദേവതകളുടെ കളങ്ങൾകൂടി സന്ദർഭാനുഗുണം ഇവർ കുറിക്കുമത്രെ.

സർപ്പക്കാവുകളിലും നാഗക്ഷേത്രങ്ങളിലും ഗൃഹങ്ങളിലും പുള്ളുവർ ചിത്രീകരിക്കാറുള്ള സർപ്പക്കളങ്ങൾ എടുത്തുപറയത്തക്കവയാണ്. അഷ്ടനാഗക്കളം, നാഗയക്ഷിക്കളം, സർപ്പയക്ഷിക്കളം, ഭസ്മക്കളം എന്നിങ്ങനെ പല പേരുകളിൽ വൈവിധ്യമാർന്ന വർണ്ണക്കളങ്ങൾ അവർ ചിത്രീകരിക്കുന്നു. ഉത്തരകേരളത്തിലെ പുള്ളുവർ നാഗംപാടികളല്ല. അവർ പ്രേത സംബന്ധമായ 'പുള്ളുവപ്പാട്ടി'ന്ന് 'വൃക്ഷക്കള'മാണ് രൂപപ്പെടുത്തുന്നത്.

കളമെഴുത്തിൽ ആകർഷകമായ ഒന്നാണ് ഗന്ധർവ്വൻകളം. ദക്ഷിണകേരളത്തിൽ ഗന്ധർവ്വൻതുള്ളലിന്ന് ചിത്രരഥന്റെ രൂപമാണ് കളംകുറിക്കുന്നത്. ഉത്തരകേരളത്തിലെ വണ്ണാന്മാർ 'കെന്ത്രോൻപാട്ടി'ന് കെന്ത്രോന്റെ (ഗന്ധർവ്വന്റെ) രൂപം ചിത്രീകരിക്കും. ഗന്ധർവ്വൻ തെയ്യത്തിന്റെ രൂപം തന്നെയാണത്. 'കളമ്പാട്ട്' എന്ന പേരിൽ അറിയപ്പെടുന്ന ഗർഭബലികർമ്മത്തിന്ന് കണിയാന്മാർ 'കള'മായി ചിത്രീകരിക്കുന്നത് വിമാനഗന്ധർവ്വൻ, ഭൈരവൻ, രക്തേശ്വരി, ഉടൽവരട്ടി, കരുകലക്കി തുടങ്ങിയ ദേവതകളുടെ രൂപമാണ്. ബലിക്കള, മലയൻകെട്ട് എന്നീ ബലികർമങ്ങൾക്കും കുട്ടിച്ചാത്തൻ, ഭൈരവൻ തൊട്ടുള്ള ദേവതകളുടെ രൂപങ്ങൾ കളംകുറിക്കണം. പക്ഷിപീഡ നീക്കുവാൻ പുള്ളുവരും, മലയരും, വണ്ണാൻമാരും, 'പക്ഷിക്കള' വരയ്ക്കാറുണ്ട്. പാലക്കാട്, തൃശ്ശൂർ എന്നിവിടങ്ങളിലെ മണ്ണാൻമാർ മുണ്ടൻപാട്ടിന് മുണ്ടൻ, കണ്ഠാകർണ്ണൻ, ചാത്തൻ, വീരഭദ്രൻ തൊട്ടുള്ള ദേവതകളെ കളമായി ചിത്രീകരിക്കുക പതിവാണ്. ദക്ഷിണകേരളത്തിലെ വേലന്മാരും, മധ്യകേരളത്തിലെ മണ്ണാന്മാരും ഭഗവതിപ്പാട്ടിന് കളമെഴുതാറുണ്ട്.

കളമെഴുത്തിൽ മന്ത്രവാദക്കളങ്ങൾക്ക് പ്രാധാന്യം കുറവല്ല. മാന്ത്രികപാരമ്പര്യമുള്ള വേലൻ, മണ്ണാൻ, വണ്ണാൻ, മൂന്നൂറ്റാൻ, പുലയൻ, പറയൻ, പുള്ളുവൻ, മലയൻ, പാണൻ, കോപ്പാളൻ, ഗണകൻ തൊട്ടുള്ള സമുദായക്കാർ ചിത്രീകരിക്കാറുള്ള മന്ത്രവാദക്കളങ്ങളും മാന്ത്രികചക്രങ്ങളും പ്രത്യേകം ആകർഷകമാണ്.

കളമെഴുത്തിന് സാധാരണമായി വെളുപ്പ്, കറുപ്പ്, ചുകപ്പ്, മഞ്ഞ, പച്ച എന്നീ അഞ്ചുവർണ്ണങ്ങളിലുള്ള പൊടികൾ ഉപയോഗിക്കും. വെള്ളപ്പൊടിയുണ്ടാക്കുന്നത് അരി പൊടിച്ചാണ്. ഉമിക്കരിയോ, കരിപ്പൊടിയോ കറുപ്പ് പൊടിയായി ഉപയോഗിക്കും. മഞ്ഞൾപ്പൊടിയും ചുണ്ണാമ്പും പ്രത്യേക അനുപാതത്തിൽ ചേർത്താൽ ചുകപ്പുപൊടി കിട്ടും. വാക, കുവളം തുടങ്ങിയ ഇലകൾ പൊടിച്ചാണ് പച്ചപ്പൊടി ഉണ്ടാക്കുന്നത്. വെള്ളപ്പൊടിയും കറുപ്പുപൊടിയും കലർത്തി, പച്ചയ്ക്കു പകരം ഉപയോഗിക്കുന്ന സന്ദർഭങ്ങൾ ദുർല്ലഭം കാണാം. മഞ്ഞപ്പൊടിക്ക് ചില സമുദായക്കാർ മഞ്ഞക്കുവനൂറ് ഉപയോഗിക്കും.

കളമെഴുത്ത് ഒരു പാരമ്പര്യകലയാണ്. അതിനാൽ, രീതിഭേദങ്ങൾ അതിലുണ്ടാവുക സ്വാഭാവികംതന്നെ. ദേവതാരൂപങ്ങൾ ചിലർ പാദത്തിൽ തുടങ്ങി കേശത്തിൽ അവസാനിപ്പിക്കും. മറ്റു ചിലർ കേശാദിപാദക്രമ

മാണ് സ്വീകരിക്കുന്നത്. വർണ്ണപ്പൊടികളുടെ ഉപയോഗക്രമത്തിലും വ്യത്യാസം കാണാം. ആദ്യം നിലത്തു മുഴുവൻ കറുപ്പുപൊടിയിട്ട്, അതിന്റെ മുകളിൽ വെളുപ്പ്, പച്ച, മഞ്ഞ, ചുകപ്പ് എന്നിവ ക്രമത്തിൽ ഇടുന്ന സമ്പ്രദായമാണ് ചിലർ സ്വീകരിച്ചിട്ടുള്ളത്.

കളമെഴുത്തിനെക്കുറിച്ച് പരാമർശിക്കുമ്പോൾ 'പത്മ'ങ്ങളെക്കുറിച്ചുകൂടി പറയേണ്ടതായുണ്ട്. 'പത്മ'ങ്ങൾ പഞ്ചവർണ്ണപ്പൊടികൊണ്ടുതന്നെയാണിടുന്നതെങ്കിലും, ദേവതാരൂപങ്ങളുടെ ചിത്രീകരണമല്ല. താന്ത്രിക പൂജാദികർമ്മങ്ങളുമായി ബന്ധപ്പെട്ടവയാണ് പത്മങ്ങൾ. തന്ത്രസമുച്ചയം, ശേഷസമുച്ചയം, തന്ത്രാർണ്ണവം, പ്രപഞ്ചസാരം, തന്ത്രസാരം തുടങ്ങിയ ഗ്രന്ഥങ്ങളിൽ പത്മങ്ങളെക്കുറിച്ച് പരാമർശിക്കുന്നുണ്ട്. അഷ്ടദളം, സ്വസ്തികം, അർദ്ധസ്വസ്തികം, സ്വസ്തികമാല, സ്വസ്തികചക്രമാല, സ്വസ്തികപത്മചക്രം, സ്വസ്തികസർവ്വതോഭദ്രം, വീരാളി, ശക്തിദണ്ഡി, നാന്തകശക്തിചക്രം, ശ്രീചക്രം, ദുർഗാചക്രം, ദ്രേകം, സർവ്വതോഭദ്രം, ചക്രാബ്ജം, പുഷ്പകമാല തുടങ്ങിയ അനേകം പത്മങ്ങൾ ഉണ്ട്. ചില പ്രത്യേക ആശയങ്ങളുടെ പ്രതിരൂപാത്മകമായ ആവിഷ്കാരമത്രെ പത്മങ്ങൾ.

മധ്യബിന്ദുവാണ് ഓരോ പത്മത്തിന്റെയും കേന്ദ്രസ്ഥാനം. ആ ബിന്ദുവിൽനിന്ന് അത് വികസിച്ചുവരുന്നു. ബിന്ദു, നേർവരകൾ, വൃത്തങ്ങൾ, ത്രികോണങ്ങൾ, ചതുഷ്കോണങ്ങൾ എന്നിവയാണ് 'പത്മ'ങ്ങൾക്ക് രൂപം നൽകുന്നത്. ജ്യാമിതികമായ ഒരു രീതിയാണിത്. കളമെഴുത്തിൽ അതു മാത്രമല്ല അടങ്ങിയിട്ടുള്ളത്. സാവയവരൂപങ്ങൾ അവയിൽ പ്രത്യക്ഷമാകുന്നുണ്ട്. തരംഗിത രേഖകളുടെ ഉപയോഗവും കളങ്ങളിൽ കൂടുതൽ കാണാം. കളങ്ങൾ ത്രിമാനരൂപങ്ങളാണ്. വർണ്ണപ്പൊടികൾകൊണ്ട് രൂപങ്ങൾക്ക് ആനുപാതികമായ ഉയർച്ച വരുത്തുന്നുണ്ടതിൽ.

മുഖത്തെഴുത്തും മേലെഴുത്തും

ദൃശ്യകലകൾക്ക് പ്രായേണ മുഖത്തെഴുത്ത് പതിവുണ്ട്. ഇവ കലാവിരുതിന് ഒന്നാന്തരം ഉദാഹരണങ്ങളാണ്. കഥകളി, കൃഷ്ണനാട്ടം, കൂടിയാട്ടം, മുടിയേറ്റ്, തുള്ളൽകളി മുതലായവയ്ക്കും, നാടൻ കലാപ്രകടനങ്ങൾക്കും മുഖത്തുതേപ്പ് മുഖ്യമാണ്. മുഖത്ത് തേക്കുവാൻ ഉപയോഗിക്കുന്ന വസ്തുക്കളിൽ മനയോലയും ചായിലൃവും പ്രധാനമത്രെ. നാടൻ കലകൾക്ക് മഞ്ഞൾ, കടുംചുകപ്പ്, കരി, അരിച്ചാന് എന്നിവ പ്രായേണ ഉപയോഗിക്കും. തെയ്യാട്ടത്തിലും തിറയാട്ടത്തിലും മുഖത്തുതേപ്പ് മാത്രമല്ല, മുഖത്തെഴുത്തുതന്നെ പതിവുണ്ട്. പുള്ളിട്ടെഴുത്ത്, ശംഖിട്ടെഴുത്ത്, ഹനുമാൻകണ്ണിട്ടെഴുത്ത്, മാൻകണ്ണിട്ടെഴുത്ത്, നാഗംതാക്കൽ, നാഗംപാകുറിയും, കൊടുംപിരിയംവെച്ചെഴുത്ത്, വട്ടക്കണ്ണിട്ടെഴുത്ത്, പ്രാക്കെഴുത്ത്, നരികുറിച്ചെഴുത്ത്, വൈരദളം എന്നിങ്ങനെ പല പേരുകളിലാണ് തെയ്യങ്ങളുടെ മുഖത്തെഴുത്ത് അറിയപ്പെടുന്നത്. ഭാവാവിഷ്കരണത്തിനും, സങ്കല്പാവിഷ്കരണത്തിനും അനുഗുണമാണ് മുഖത്തെഴുത്ത്. വേഷവൈവിധ്യത്തിനും അത് കാരണമായിത്തീരുന്നു.

ഏഴ്

നാടൻ മരുന്നുകൾ

രോഗപ്രതിരോധത്തിനുള്ള മാർഗ്ഗങ്ങൾ ഏതൊരു പ്രാക്തന സമൂഹത്തിലും ഉണ്ടായിരുന്നു. മനുഷ്യന്റെ വളരെക്കാലത്തെ അനുഭവവും അന്വേഷണവും അതിന്റെ പിന്നിൽ ഉണ്ടെന്ന് മറക്കരുത്. ആധുനിക ദൃഷ്ടിയിൽ നാടൻ ചികിത്സാക്രമം അപരിഷ്കൃതവും അശാസ്ത്രീയവുമായി തോന്നാം. പരിഷ്കാരത്തിന്റെ കുതിച്ചുകയറ്റംകൊണ്ട് ഈ വിജ്ഞാനശാഖ വിസ്മൃതിയിൽ ആണ്ടുപോവുകയാണ്. പരമ്പരാഗതമായ 'ഗ്രാമീണൗഷധി വിജ്ഞാനീയം' ഫോക്‌ലോറിന്റെ പഠനപരിധിയിൽപ്പെടുന്നു.

നാടൻ മരുന്നുകളെയും അവയുടെ പ്രയോഗ വിധികളെയും പൊതുവെ മൂന്നായി തരംതിരിക്കാം. ചില ആദിവാസികൾക്കിടയിൽ മാത്രം പ്രാചുര്യത്തിലുള്ള ആദിമ ചികിത്സാരീതിയാണ് അതിലൊന്ന്. ആദിവാസി വർഗ്ഗങ്ങൾക്കിടയിൽ വർഗ്ഗത്തലവനെപ്പോലെ പ്രാധാന്യം വൈദ്യന്മാർക്കുമുണ്ട്. പലപ്പോഴും, വർഗ്ഗത്തലവൻ വൈദ്യൻകൂടിയായിരിക്കും. പച്ചമരുന്നുകളെക്കുറിച്ചും മറ്റുമുള്ള അറിവ് അയാൾക്കുണ്ടാകും. അവർ മാന്ത്രികാനുഷ്ഠാന കർമ്മങ്ങൾകൂടി രോഗശമനത്തിനായി നടത്തും. ദേവതകൾ ശരീരത്തിൽ ആവേശിച്ച് രോഗവിവരങ്ങളും നിവാരണമാർഗ്ഗങ്ങളും പ്രസ്താവിക്കുന്ന പതിവും ചില വർഗ്ഗക്കാർക്കിടയിൽ കാണാം.

ഗ്രാമീണജനങ്ങൾക്കെല്ലാം നിത്യപരിചയമുള്ള ഔഷധപ്രയോഗമാണ് രണ്ടാമത്തെ വിഭാഗം. ഇതാണ് യഥാർത്ഥ 'നാടൻവൈദ്യം'. അനുഷ്ഠാനങ്ങളും മന്ത്രപ്രയോഗങ്ങളും ഈ രീതിയിൽ കുറവായിരിക്കും; എങ്കിലും, തീരെ ഇല്ലെന്നു പറഞ്ഞുകൂടാ. മൂന്നമത്തേത് ശാസ്ത്രീയപഠനമാണ്. ഈ രംഗത്ത് നിരവധി ഗ്രന്ഥങ്ങളും പ്രാചുര്യത്തിലുണ്ട്. അവ മിക്കതും സംസ്കൃത ഗ്രന്ഥങ്ങളത്രെ. ഒന്നാമതായും രണ്ടാമതായും പറഞ്ഞ രീതികൾ പ്രത്യേക ശിക്ഷണം നൽകാതെ നേടുന്ന അറിവാണെങ്കിൽ, മൂന്നാമത്തേത് വളരെക്കാലത്തെ പ്രത്യേക പഠനംകൊണ്ട് നേടുന്നതാണ്. ആദ്യം പറ

ഞ്ഞത് തികച്ചും രഹസ്യമായ രീതിയാണ്. രണ്ടാമത്തെ രീതിയിലും 'രഹസ്യ നാടൻ മരുന്നു'കളുടെ പ്രയോഗം കാണാം. മൂന്നാമത്തേതിൽ രഹസ്യ പ്രയോഗങ്ങളൊന്നുമില്ല.

നാടൻ മരുന്നുകളെ പ്രകൃത്യധിഷ്ഠിത നാടൻ മരുന്നുകൾ, മാന്ത്രിക-മതാധിഷ്ഠിത നാടൻ മരുന്നുകൾ എന്നിങ്ങനെ രണ്ടു ശാഖയായി വേർതിരിച്ചു പറയാവുന്നതാണ്.[1] പ്രകൃതിയുമായി മനുഷ്യനുള്ള അഭേദ്യമായ ബന്ധത്തിന്റെ തെളിവാണ് ഇതിൽ ആദ്യത്തേത്. പ്രകൃതിയിൽനിന്ന് ലഭിക്കുന്ന വസ്തുക്കൾതന്നെ ഔഷധങ്ങളായി പ്രയോഗിക്കുകയാണിതിന്റെ സ്വഭാവം. ചെടികളുടെയും വൃക്ഷങ്ങളുടെയും വള്ളികളുടെയും വേര്, കിഴങ്ങ്, ഇല, തണ്ട്, പൂവ്, കായ, നീര്, തോല് തുടങ്ങിയവയും, മൃഗങ്ങളുടെ കൊമ്പ്, തുകല്, കൊഴുപ്പ്, മലമൂത്രങ്ങൾ, പാല് മുതലായവയും, ചില ഖനിജ വസ്തുക്കളും, സമുദ്രോൽപ്പന്നങ്ങളും നാടൻ മരുന്നുകളിൽ പ്രധാനങ്ങളാണ്. മാൻകൊമ്പ്, പന്നിത്തേറ്റ, ആനക്കൊമ്പ്, പശുവിൻ കൊമ്പ്, കാട്ടിക്കൊമ്പ്, ആട്ടിൻകൊമ്പ് തുടങ്ങിയവ ഔഷധമൂല്യമുള്ളവയത്രെ. പശു, കുതിര തുടങ്ങിയവയുടെ മലമൂത്രങ്ങൾ പോലും ഔഷധങ്ങളാണ്. നാടൻ മരുന്നുകളിൽ സസ്യഎണ്ണകളും പെടും. ആവണക്ക്, വേപ്പ്, കടുക്, കൊട്ടം, എള്ള്, തേങ്ങ തുടങ്ങിയവയുടെ എണ്ണകൾ അതിനുദാഹരണങ്ങളാണ്. കടലിൽ നിന്ന് കിട്ടുന്ന ശംഖ്, കവടി തുടങ്ങിയവ മരുന്നുകളായി ഉപയോഗിക്കാറുണ്ട്. മണ്ണിലിഴയുന്ന ഭൂനാഗാദി ജീവികൾ പോലും ഔഷധനിർമ്മാണത്തിൽ ആവശ്യമായിവരും

മാന്ത്രിക-മതാധിഷ്ഠിതമായ രണ്ടാമത്തെ വിഭാഗത്തിൽ ഔഷധപ്രയോഗം മാത്രമല്ല, മന്ത്രപ്രയോഗങ്ങളും അനുഷ്ഠാനങ്ങളും ഉൾപ്പെടുന്നു. നിഗൂഢമായൊരു ചികിത്സാരീതിയത്രെയിത്. യുക്തിക്കു നിരക്കാത്തതും അശാസ്ത്രീയവുമായ ഒരു മാർഗ്ഗമെന്ന് ഈ രീതിയെ കുറ്റപ്പെടുത്തുന്നവരുണ്ട്. മന്ത്രതന്ത്രങ്ങൾകൊണ്ടുള്ളത്, മരുന്നും മന്ത്രവും ചേർന്നുള്ളത് എന്നിങ്ങനെ ഈ രീതിയെ രണ്ടായി തിരിക്കാവുന്നതാണ്. പ്രേതമോ, ദേവതയോ ആവേശിച്ചാൽ രോഗമുണ്ടാകുമെന്ന് ഒരു വ്യാപകമായ വിശ്വാസം പ്രാക്തനജനങ്ങൾക്കിടയിൽ ഉണ്ടായിരുന്നു.[2] ഇത്തരം വിശ്വാസങ്ങളാണ് മേൽപ്പറഞ്ഞ രീതിയിലുള്ള ചികിത്സാപദ്ധതികളുടെയും, മാന്ത്രിക വൈദ്യന്മാരുടെയും ഉത്ഭവത്തിന് ഹേതു.

രോഗങ്ങൾക്ക് ദേവതാ സങ്കല്പം ചെയ്യുന്ന പതിവ് പ്രാക്തന കാലത്ത് നിലവിലുണ്ടായിരുന്നു. വസൂരി, അപസ്മാരം, പനി തുടങ്ങിയ രോഗങ്ങൾക്കെല്ലാം ദേവതാസങ്കല്പമുണ്ട്. "പനി, രോഗങ്ങളിൽവെച്ച് ശ്രേഷ്ഠനായി പാവകസ്വരൂപനായിട്ടു മൃത്യു സ്വരൂപനായി ഓജസ്സിനെ കളയുന്ന വനായി അന്തകസ്വരൂപനായി ക്രോധ സ്വരൂപനായി ദക്ഷപ്രജാപതിയുടെ യാഗത്തെ ധ്വംസിക്കൊണ്ട് പരമേശ്വരന്റെ മൂന്നാം തൃക്കണ്ണിൽ നിന്ന് ജനിച്ചവനാകുന്നു"[3] തുടങ്ങിയ പ്രസ്താവനകൾ പ്രാചീന ജനതയുടെ വിശ്വാസങ്ങളെയാണ് സൂചിപ്പിക്കുന്നത്. ഇത്തരം രോഗമൂർത്തികളെ മാന്ത്രിക കർമ്മംകൊണ്ട് നീക്കാമെന്ന് കരുതിപ്പോന്നു. നമ്മുടെ നാടൻ ചികിത്സാ പദ്ധതിയിൽ മന്ത്രത്തിന് ഇത്രയധികം പ്രാമുഖ്യം സിദ്ധിച്ചതും

അതുകൊണ്ടത്രെ. രോഗശമനത്തിനും രോഗനിരോധനത്തിനും വേണ്ടി ദേവതകൾക്ക് ബലിപൂജാദികൾ നൽകുകയും അവയെ കോലസ്വരൂപമായി കെട്ടിയാടിക്കുകയും പതിവുണ്ട്. ബാലപീഡ, പുള്ളുപീഡ, പനി, അപസ്മാരം, വിക്കം, ഛർദ്ദി, എക്കിട്ട, ഏക്കം, തലവേദന, കൈവിഷം, ഭ്രാന്ത്, പ്രസൂതിവേദന തുടങ്ങിയ രോഗങ്ങളെല്ലാം മന്ത്രശക്തികൊണ്ട് മാറുമെന്ന വിശ്വാസം നിലവിലുണ്ടായിരുന്നു. രോഗശാന്തിക്കായി യന്ത്രമെഴുതിക്കെട്ടുകയും പതിവുണ്ട്. മൃഗങ്ങൾ, സസ്യങ്ങൾ എന്നിവയ്ക്കുള്ള രോഗങ്ങൾപോലും മാന്ത്രികകർമ്മം വഴി നീക്കാമത്രെ.

നാടൻ മരുന്നുകളിൽ പലതിനും മതവിശ്വാസത്തിന്റെ പശ്ചാത്തലം കാണാം. നാടൻ ചികിത്സാരീതിയുടെ പരിഷ്കൃതരൂപമായ ആയുർവേദത്തിന്റെ ഉത്ഭവകഥ തന്നെ അലൗകിക പരിവേഷത്തോടുകൂടിയതാണ്. ആയുർവേദാചാര്യനായ ധന്വന്തരി പാലാഴിയിൽ നിന്നാണല്ലോ ജനിച്ചത്.

"പുരാ പ്രജാനാം രക്ഷാർത്ഥം
കമലോത്ഭവനഞ്ജസാ
വൈദ്യശാസ്ത്രങ്ങൾ നിർമ്മിച്ചി-
ട്ടവയെല്ലാം സലക്ഷണം
ദക്ഷപ്രജാപതിക്കായി-
ക്കൊടുത്താനവനും പുനഃ
അശ്വിനിദേവകൾക്കാകെ
പഠിപ്പിച്ചിതു സാദരം.
പുരുഹൂതനുമവ്വണ്ണ-
മവരോടു ഗ്രഹിച്ചതു
അവനാൽ ദത്തമായ് പിന്നി-
തത്രിപുത്രാദികൾക്കിഹ."

അത്രിമാമുനിപുത്രന്മാർ മുഖേന ആ പാരമ്പര്യം മറ്റുള്ള മുനിമാർക്കും ലഭിച്ചുവത്രെ. അവരിൽനിന്നാണ് ആ അറിവ് പകർന്ന് കിട്ടിയതെന്ന് ചില ഗ്രന്ഥങ്ങളിൽ പരാമർശിച്ചുകാണുന്നു.[4] ച്യവനൻ, അഗസ്ത്യൻ തുടങ്ങിയ മഹർഷിമാരുടെ പേരുമായി ബന്ധപ്പെട്ട മരുന്നുകൾ ആയുർവേദത്തിൽ കാണാം.

നാടൻ വൈദ്യസമ്പ്രദായത്തിൽ മരുന്നും മന്ത്രവും ചേർന്നുള്ള ചികിത്സാക്രമം നടപ്പുണ്ട്. വിഷവൈദ്യം പ്രത്യേകിച്ചും മന്ത്രൗഷധികളുടെ സായുക്തപ്രയോഗമാണ്. ഗ്രാമീണർക്കറിയാവുന്ന ചില സാധാരണ 'ചൊട്ടുവൈദ്യ'ങ്ങളിൽപ്പോലും മരുന്നും മന്ത്രവും സായുക്തമായിക്കാണാം. തലവേദന, കൊതി, കൈവിഷം, കുരു തുടങ്ങിയവയ്ക്കുള്ള പ്രയോഗങ്ങൾ അതിന്നു തെളിവാണ്. തലവേദനയ്ക്ക് മന്ത്രിച്ച് പുരട്ടുന്നത് പശുവിൻനെയ്യാണ്. പുളി, ഉപ്പ്, കുരുമുളക്പൊടി, മഞ്ഞൾപ്പൊടി എന്നിവ ചേർത്ത് കൊതിക്കും, രുദ്രാക്ഷം, വയമ്പ്, ചന്ദനം എന്നിവ കൈവിഷത്തിന്നും ജപിച്ചുകൊടുക്കുന്നു. ചില പച്ചമരുന്നുകൾ വായയിലിട്ട് ചവച്ച് മന്ത്രം ജപിച്ച് ഊതിയാൽ കുരുപൊട്ടുമത്രെ. ശരീരകാന്തിക്ക് കടലിപ്പഴവും വെണ്ണയും കുവനുറും കൂടി യോജിപ്പിച്ച് ശ്രീപഞ്ചാക്ഷരം ജപിച്ച് സർവ്വാംഗം തേച്ച് കുളിപ്പിക്കാറുണ്ട്.

കൊതി, ഉളുക്ക്, തുവക്കാടി എന്നിവയ്ക്കുള്ള പ്രതിവിധികൾ രസാവഹമാണ്. ഒരു പാത്രത്തിൽ കുരുതി കലക്കി, അതിന്റെ മധ്യത്തിൽ ഉയർന്നൊരു കട്ടയിൽ തിരി കത്തിച്ചുവച്ച്, കുടമെടുത്ത് കുരുതിയിൽ കമിഴ്ത്തിയാൽ, അല്പനേരത്തിനുള്ളിൽ കുരുതിയിൽ കുറേഭാഗം കുടത്തിൽ കയറും. 'കൊതിക്കു പിടിക്കുന്ന' ചടങ്ങാണത്. ഇതിലടങ്ങിയ വസ്തുത ശ്രദ്ധേയമാണ്. കുടത്തിനുള്ളിലെ തിരി കത്തുമ്പോൾ അതിനുള്ളിലെ ഓക്സിജൻ തീരുന്നു. തൽസ്ഥാനത്തേക്കാണ് വെള്ളം കയറുന്നത്.

ഉളുക്കോ തിറമ്പലോ ഉള്ളവനും മറ്റൊരാളും മുഖത്തോടുമുഖം തിരിഞ്ഞുനിന്ന് രണ്ട് വാഴപ്പോളകൾ അരക്കെട്ടിന് ഇരുവശത്തുമായി പേർത്ത് പിടിച്ചു നിൽക്കുമ്പോൾ, ആ പോളകൾക്കിടയിൽക്കൂടി ചികിത്സകൻ ഒരു പച്ചമരുന്ന് തിരുമ്മി വിതറും. അക്കണ്ണി നിൽക്കുന്ന ആ പോളകൾ മരുന്നിന്റെ വീര്യംകൊണ്ട് തമ്മിലടുക്കും. ആ സമയത്ത് കത്തികൊണ്ട് പോളയ രിഞ്ഞിടും. 'തിറമ്പലിന്നുപിടിക്കൽ' എന്നാണ് ഈ ചികിത്സാക്രമത്തിന്ന് പേർ പറയുന്നത്.

'തുവക്കാടി'ക്ക് കൊട്ടിപ്പാടി ഉഴിയുന്ന ചടങ്ങ് കുഗ്രാമങ്ങളിൽ ഇന്നും കണ്ടേക്കാം. രോഗം പിടിപെട്ട കുട്ടി, പുല്ലുകൊണ്ടു നിർമ്മിച്ച ഒരു രൂപമെടുത്ത് മുന്നിലും, കുറേകുട്ടികൾ ചിരട്ടകൾ മുട്ടിക്കൊണ്ട് 'തുവക്കാടിയോ' എന്ന് വിളിച്ചുകൊണ്ട് പിറകെയുമായി വീട്ടിനു ചുറ്റും സന്ധ്യാനേരത്ത് ഓടും. മൂന്നാം ദിവസം, പുല്ലുകൊണ്ടുള്ള ആ പ്രതിരൂപം വലിച്ചെറിഞ്ഞ് വരുന്ന രോഗിയെ കുരുതിയുഴിഞ്ഞ് വീട്ടിൽക്കയറ്റും. ആധുനിക ശാസ്ത്രങ്ങളുടെ വെളിച്ചത്തിൽ, വസൂരിയും പനിയും തുവക്കാടിയുമൊക്കെ ദേവതാകോപം കൊണ്ടുണ്ടായതാണെന്ന് പറയുവാൻ കഴിയുകയില്ല. 'തുവക്കാടി'യെന്നത് ശരീരത്തിൽ ചൊറിഞ്ഞ് പൊട്ടുന്ന ഒരു തരം അസുഖമാണ്. ഇത്തരം രോഗങ്ങൾ അലർജികളിൽപ്പെടുന്നവയാണെന്ന് സിഗ്മൺഡ് ഫ്രോയ്ഡിനെപ്പോലുള്ള ശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാട്ടിയിട്ടുണ്ട്.

ഔഷധങ്ങളെ മുൻനിറുത്തിയുള്ള മാന്ത്രികവിദ്യയിൽ 'ഇത്തിൾ പ്രയോഗ'മെന്ന് ഒരു വിധിയുണ്ട്.[5] മരത്തിന്മേൽ കിളിർത്തുണ്ടാകുന്നതും പല രോഗങ്ങൾക്കും ഔഷധമായി ഉപയോഗിക്കുന്നതുമായ വസ്തുവാണ് 'ഇത്തിൾ' (ഇത്തിക്കണ്ണി). അവയുടെ പ്രയോഗലക്ഷ്യവും പ്രയോഗവിധികളും പല മന്ത്രവാദികൾക്കുമറിയാം.

വിഷവൈദ്യം മാന്ത്രിക ചികിത്സയ്ക്കൊരു ഉദാഹരണമാണ്. മരുന്ന് പ്രയോഗം അതിലുണ്ടെങ്കിലും, മന്ത്രംകൊണ്ടാണ് വിഷമിറങ്ങുന്നതെന്ന വിശ്വാസം ഇന്നും ഗ്രാമീണർക്കിടയിൽ നിലവിലുണ്ട്.[6]

മരുന്നുകളുടെ പ്രയോഗവിജയത്തിന് വിശ്വാസമാണ് മുഖ്യഹേതു. ചില സമുദായക്കാർക്കും തറവാട്ടുകാർക്കും ദിവ്യസിദ്ധിയുണ്ടെന്നും, അവരുടെ കൈകൊണ്ട് വാങ്ങിക്കഴിച്ചാൽ രോഗശമനമുണ്ടാകുമെന്നും ജനങ്ങൾ വിശ്വസിച്ചുപോന്നു. രാജ്ഞിയുടെയോ, ദിവ്യകുടുംബങ്ങളിൽ ജനിച്ചവരുടെയോ കരസ്പർശമേറ്റാൽ മാറാരോഗവും മാറുമെന്ന വിശ്വാസം യൂറോപ്യൻ രാജ്യങ്ങളിലും നിലിവിലുണ്ടായിരുന്നു. പ്രസവാനന്തരം ഋതു

വാകാതെ വീണ്ടും ഗർഭം ധരിച്ചുണ്ടാകുന്ന കുട്ടിയോ, ജനിക്കുമ്പോൾ പൃഷ്ഠഭാഗം ആദ്യം പുറത്തുവന്ന കുട്ടിയോ തടവിയാൽ ഉളുക്ക്, വിക്കം, തുടങ്ങിയവ മാറുമെന്ന വിശ്വാസം ചിലർക്കിടയിൽ ഇന്നുമുണ്ട്.

നാടൻ മരുന്നുകളുടെ ശേഖരണം, നിർമ്മാണം, ചികിത്സാരംഭം, ഔഷധസേവനം എന്നിവയ്ക്കെല്ലാം സമയം നോക്കണമെന്നുണ്ട്. അങ്ങനെ ചെയ്തില്ലെങ്കിൽ ഫലം കുറയുമെന്നു മാത്രമല്ല, വിപരീതഫലമുണ്ടാകുമെന്നും വരും, വിഷചികിത്സയ്ക്കുള്ള ചില മരുന്നുകൾ ശേഖരിക്കുന്നത് ഗ്രഹണസമയത്താണ്. ഗ്രഹണ മോചനകാലമാണ് ശുഭകാലം. ആരംഭത്തിൽ വിഷകലയാണ്. ഗ്രഹണ മദ്ധ്യകാലത്ത് ശേഖരിച്ച മരുന്നുകളുടെ പ്രയോഗം രോഗസ്തംഭനത്തിനു കാരണമാകുമത്രെ. രോഗനില മനസ്സിലാക്കുവാൻ ശകുനം നോക്കുന്ന പതിവുമുണ്ട്.

നാടൻ വൈദ്യത്തിൽ വർഗ്ഗപാരമ്പര്യവും കുടുംബ പാരമ്പര്യവും കാണാം. വണ്ണാൻ, മലയൻ, പുള്ളുവൻ, പാണൻ, വേലൻ, കണിയാൻ തുടങ്ങിയ പല സമുദായക്കാരും പൊതുവെ 'വൈദ്യ'ന്മാരാണ്. അപൂർവ്വമായ ചില നാടൻമരുന്നുകളുടെ പ്രയോഗത്തിലാണ് ഇവരുടെ ചികിത്സാരീതിയുടെ രഹസ്യം കുടികൊള്ളുന്നത്. ആയുർവ്വേദ ചികിത്സാ പദ്ധതിയിൽ പാരമ്പര്യവും പ്രയോഗവൈദഗ്ദ്ധ്യവുമുള്ള 'അഷ്ടവൈദ്യ'ന്മാരെക്കുറിച്ചുള്ള കഥകൾ പ്രശസ്തമാണല്ലോ. ചുരുക്കം ചില പച്ചമരുന്നുകൾകൊണ്ട് മുറിവ്, ചതവ്, വീക്കം തുടങ്ങിയവ മാറ്റുന്ന പാരമ്പര്യ വൈദ്യന്മാരെ അപൂർവ്വമായെങ്കിലും കാണാം. പേപ്പട്ടി വിഷത്തിനുള്ള ഔഷധം ആധുനിക ശാസ്ത്രത്തിന്റെ സംഭാവനയത്രെ. എന്നാൽ, അതിനുള്ള ഔഷധം നൂറ്റാണ്ടുകൾക്കു മുമ്പേ തന്നെ നാടൻ വൈദ്യന്മാർക്ക് അറിയാമായിരുന്നു. ചുരുക്കം ചില കുടുംബക്കാർക്കു മാത്രമേ ഈ രഹസ്യോപദേശം ലഭിച്ചിട്ടുള്ളൂ. വിഷചികിത്സയുടെ കാര്യത്തിലും നാടൻ വൈദ്യത്തിന്റെ നില സമുന്നതമാണ്. മഞ്ഞപ്പിത്തം തുടങ്ങിയ ചില രോഗങ്ങൾക്ക് ചികിത്സ നടത്തുന്ന ചില പാരമ്പര്യകുടുംബക്കാർ ഇന്നുമുണ്ട്.

ഒറ്റമൂലികാ പ്രയോഗം പ്രധാനമായൊരു വിഭാഗമാണ്. അനേകം മൂലകങ്ങൾ ചേർത്തുണ്ടാക്കുന്ന മരുന്നിനേക്കാൾ ഫലമുണ്ടാക്കുവാൻ ഒറ്റമൂലികകൾക്കു കഴിയും. മറ്റ് ഔഷധങ്ങൾകൊണ്ട് മാറാത്ത രോഗങ്ങളും ചിലപ്പോൾ ഒറ്റമൂലികൊണ്ട് മാറിയെന്നുവരാം.

കുട്ടികൾ ഉണ്ടാകുവാനും, ഗർഭനിരോധനത്തിനും, ഗർഭച്ഛിദ്രത്തിനുമുള്ള മരുന്നു പ്രയോഗങ്ങൾ നാടൻ വൈദ്യരംഗത്ത് പുതുമയൊന്നുമല്ല. തീണ്ടായിരിക്കുമ്പോൾ പ്ലാശിൻപൂവ് കുത്തിപ്പിഴിഞ്ഞ നീർ സേവിക്കുകയും മുയൽച്ചോര കുടിക്കുകയും ചെയ്താൽ ഗർഭമുണ്ടാവില്ലത്രെ. കുപ്പച്ചിരയില കാടിവെള്ളത്തിൽ അരച്ചുകലക്കി തീണ്ടായിരുന്ന് മൂന്നു ദിവസം സേവിക്കുക, ഉമ്മത്തിൻപൂവും വേരും അരയിൽ കെട്ടുക, വെള്ളില കുരുന്നും പുറ്റിൻ ചിതൽക്കുടും എളവൻനീരിൽ അരച്ചുകുടിക്കുക തുടങ്ങിയ മാർഗ്ഗങ്ങളും ഗർഭനിരോധനത്തിന് പറ്റിയതത്രെ. പേരാലിൻ മൊട്ടുകൾ (എട്ടെണ്ണം) അരച്ച് പശുവിൻ പാലിൽ കലക്കി, തീണ്ടായിരുന്ന നാലാം ദിവസം കുളിച്ചുവന്ന് സേവിച്ചാൽ ഗർഭമുണ്ടാകുമെന്നാണ് കരുതപ്പെടു

ന്നത്. നാഗപ്പൂവ് പൊടിച്ച് പശുവിൻനെയ്യിൽ ചേർത്ത് കഴിച്ചാലും ഗർഭ ധാരണമുണ്ടാകുമത്രെ. പുളിവേറ്റിന്മേൽത്തോല് അരച്ച് പാലിൽ സേവി ച്ചാൽ, തിണ്ടായിരിക്കാത്ത സ്ത്രീകൾ തിണ്ടായിരിക്കുമെന്ന് ചില ഗ്രന്ഥ ങ്ങളിൽ കാണുന്നു.

കളരി സംസ്കാരവുമായി ബന്ധപ്പെട്ട ഒരു സവിശേഷ ചികിത്സാപ ദ്ധതി കേരളത്തിൽ നടപ്പുണ്ട്. രോഗവിമുക്തിക്കു മാത്രമല്ല, ആരോഗ്യപു ഷ്ടിക്കു കൂടി ഈ പദ്ധതി പ്രയോജനകരമാണ്. കളരിചികിത്സയിൽ 'മർമ്മ ചികിത്സ'യ്ക്കു വളരെ പ്രാമുഖ്യമുണ്ട്. മനുഷ്യചികിത്സപോലെ അശ്വചി കിത്സ, ഗജചികിത്സ തുടങ്ങിയ മൃഗജന്തു ചികിത്സാപദ്ധതികളും നാടൻ വൈദ്യവിജ്ഞാനീയത്തെ പരിപുഷ്ടമാക്കിയിട്ടുണ്ട്.

ഓരോ മരുന്നിന്റെയും ഗുണദോഷങ്ങളും വികാരങ്ങളും ശരിയ്ക്കു പഠിച്ചറിഞ്ഞ അനുഭവസമ്പന്നരായിരുന്നു പ്രാചീനർ. പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന മരുന്നുകളിൽ പലതും ശുദ്ധീകരിക്കണമെന്ന് അവർ മനസ്സി ലാക്കിയിരുന്നു. വെള്ളത്തിൽ കഴുകുകയോ, വെയിലത്തിട്ടുണക്കുകയോ ചെയ്താൽ മിക്ക മരുന്നുകൾക്കും ശുദ്ധിവരും. പാല്, നെയ്യ്, മോര്, തേൻ, ഇളനീർ, ഗോമൂത്രം തുടങ്ങിയവയാണ് പല മരുന്നുകളുടെയും ശുദ്ധിക രണത്തിന് ഉപയോഗിക്കുന്നത്. നാരങ്ങനീരിലിട്ടാണ് ഉമ്മത്തക്കായ ശുദ്ധി വരുത്തുക. ചുക്ക് ശുദ്ധിവരുത്തുന്നത് ചുണ്ണാമ്പുവെള്ളത്തിലിട്ടുണക്കി യാണ്. പെരുങ്കായശുദ്ധിക്ക് താമരനീരാണാവശ്യം. മരുന്നുകളുടെ ശുദ്ധീ കരണത്തിൽ വളരെ ശ്രദ്ധിക്കേണ്ടതായുണ്ടെന്ന് വ്യക്തമായല്ലോ.

മരുന്നുകളുടെ പ്രതിപ്രവർത്തനങ്ങളെയും പ്രത്യൗഷധവിധികളെയും കുറിച്ചുള്ള ജ്ഞാനം നാടൻവൈദ്യത്തിന്റെയും അംഗമാണ്. ചില പ്രത്യൗ ഷധവിധികൾ എടുത്തു പറയാം. വത്സാപൂവാടികൾ കഴിച്ചുണ്ടാകുന്ന വികാരത്തിന് ചുക്ക്, കുറിവേപ്പില എന്നിവ കഷായം വച്ചു കഴിച്ചാൽ മതി. "ചക്ക തിന്നാൽ ചുക്ക് തിന്നണം" എന്ന പഴമൊഴി ഒരു പ്രത്യൗഷ ധവിധിയെ സൂചിപ്പിക്കുന്നതാണ്. കിഴങ്ങുകൾ കഴിച്ചുണ്ടാകുന്ന വികാര ത്തിന് ത്രികടുകഷായവും, പച്ചക്കറികൾ കഴിച്ചുണ്ടാകുന്ന വികാരത്തിന് രാമച്ചവും ചന്ദനവും ചേർത്ത കഷായവും, കൂന്നിക്കുരു കഴിച്ചുണ്ടാകുന്ന വികാരത്തിന് മുത്തങ്ങകഷായവും, ഉമ്മത്താം കഴിച്ചുണ്ടാകുന്ന വികാര ത്തിന് താമരവളയകഷായവും പ്രത്യൗഷധങ്ങളാണ്. പുളി കഴിച്ചുണ്ടാ കുന്ന വികാരത്തിന് ഏലത്തരി, ചുക്ക് എന്നിവ കഷായം വച്ച് പഞ്ചസാര ചേർത്ത് കഴിക്കണം. കടുകാഹാരദോഷത്തിന് വെണ്ണ, നെയ്യ്, വെല്ലം എന്നിവ കഴിച്ചാൽ മതി. ക്ഷാരദ്രവ്യം കഴിച്ചുള്ള വികാരത്തിന് പാല് നെയ്യ്, വെല്ലം എന്നിവ കഴിക്കാം. അടയ്ക്ക തിന്നുള്ള വികാരത്തിന് മഞ്ഞൾരസത്തിൽ ഇന്തുപ്പ് ചേർത്ത് സേവിക്കുക. ചേന കഴിച്ചാലുണ്ടാ കുന്ന വികാരത്തിന് വെറ്റിലരസമാണ് പ്രത്യൗഷധം. നായ്ക്കുരണകൊ ണ്ടുള്ള വികാരത്തിന് ഗോമയലേപനമാണ് പ്രതിവിധി. കൊടുത്തൂവ ശരീ രത്തിൽ കൊണ്ടാൽ ഉഴിഞ്ഞവള്ളി കുത്തിപ്പിഴിഞ്ഞ രസം ലേപനം ചെയ്താൽ മതി.

ഔഷധവിജ്ഞാനം ഏതൊരു ദേശത്തിന്റെയും സാംസ്കാരിക പാരമ്പര്യത്തിന്റെ ഭാഗമായി വികസിക്കപ്പെടാറുണ്ട്. പാശ്ചാത്യ ദേശങ്ങളിൽ ഈ രംഗത്ത് ശ്രദ്ധേയമായ അന്വേഷണങ്ങൾ നടന്നിട്ടുണ്ടെന്ന് അവകാശപ്പെടാം. ഫ്രെയ്സർ മുതൽ മലിനോവ്സ്കി വരെയുള്ള പണ്ഡിതന്മാരുടെ മന്ത്രവാദത്തെക്കുറിച്ചുള്ള പഠനങ്ങൾ ഒരളവോളം അവിടങ്ങളിലുള്ള നിഗൂഢൗഷധപ്രയോഗങ്ങളെക്കുറിച്ചും നാടൻ മരുന്നുകളെക്കുറിച്ചുമുള്ള അറിവ് പകർന്നുതരുവാൻ ശ്രമിക്കുന്നുണ്ട്. രഹസ്യനാടൻ മരുന്നുകളെക്കുറിച്ചുള്ള അറിവ് ഇന്നത്തെ സമൂഹത്തിൽ നിന്ന് അകന്നുപോവുകയാണ്. അത്തരം പാരമ്പര്യവിജ്ഞാനത്തെ രേഖപ്പെടുത്തിവെയ്ക്കേണ്ടത് അനുപേക്ഷണീയമാണ്.

---

1. Don Yoder, Folk medicine (Article), Folk lore Folk life – An Introduction, P. 192
2. Marston Bates, Man in Nature, P. 81
3. ഭേഷജകല്പം (താളിയോല ഗ്രന്ഥം)
4. ജ്യോത്സ്നിക (താളിയോല ഗ്രന്ഥം)
5. വിഷ്ണുനമ്പൂതിരി, മാന്ത്രിക വിദ്യയും മന്ത്രവാദപ്പാട്ടുകളും, പുറം 44
6. കൂടുതൽ കാര്യങ്ങൾ മാന്ത്രികവിദ്യയെക്കുറിച്ചുള്ള പ്രകരണത്തിൽ വിശദമാക്കിയിട്ടുണ്ട്.

പദാർത്ഥങ്ങൾ വർജ്ജിക്കുകയും ചെയ്യും. യാഗാദികർമ്മങ്ങൾക്ക് 'കർമ്മ ശേഷ'മായി കഴിക്കാറുള്ള 'വപ'യും 'സുര'യും കേരളബ്രാഹ്മണർ സാധാരണ ഭക്ഷണത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. ഭക്ഷണത്തിലുള്ള നിയന്ത്രണമോ, വിലക്കോ വ്രതസംബന്ധമായി മാത്രം സ്വീകരിക്കുന്ന പതിവുമുണ്ട്. സാധാരണ കഴിച്ചുപോരുന്ന ചില പദാർത്ഥങ്ങൾ വ്രതാനുഷ്ഠാനകാലങ്ങളിൽ വർജ്ജിക്കുന്നതു കാണാം. മധുമത്സ്യമാംസാദികൾ വ്രതകാലത്ത് ഹിന്ദുക്കൾ മിക്കവരും വർജ്ജിക്കുന്നു. തെയ്യം, തിറ തുടങ്ങിയ അനുഷ്ഠാനകലാനിർവ്വഹണം നടത്തുന്ന കോലക്കാർ തിനക്കഞ്ഞിമാത്രം കഴിച്ച് വ്രതമനുഷ്ഠിക്കുന്ന സന്ദർഭങ്ങളുണ്ട്. ബ്രാഹ്മണരിൽ ബ്രഹ്മചാരികൾ ഉഴുന്ന്, തൈര്, പപ്പടം, കായം, ഉള്ളി തുടങ്ങിയ ചില പദാർത്ഥങ്ങൾ വർജ്ജിക്കുന്ന പതിവുണ്ടായിരുന്നു.

വസ്തുഭേദം

ഓരോ വർഗ്ഗക്കാരും കഴിക്കുന്ന ഭക്ഷ്യവസ്തുക്കളിലും, അവ പാചകം ചെയ്യുന്ന രീതികളിലും വൈവിധ്യം കാണാം. ഭൂപ്രകൃതിയും ഭക്ഷ്യവസ്തുക്കളുടെ ലഭ്യതയും ഭക്ഷണരീതിയിൽ ചില മാറ്റങ്ങൾ വരുത്തിയേക്കാം. സസ്യഭോജനം, സസ്യേതരഭോജനം എന്നൊക്കെ തരംതിരിവുണ്ടായത് വസ്തുഭേദം കൊണ്ടാണല്ലൊ. സാത്വികം, രാജസം, താമസം എന്ന ഗുണഭേദം ഭക്ഷണകാര്യത്തിലും ഉണ്ടെന്ന് വിചാരിക്കണം. രോഗികൾ, വ്രതനിഷ്ഠയുള്ളവർ മുതലായവരെല്ലാം ഭക്ഷണകാര്യത്തിൽ നിയന്ത്രണം പാലിക്കുന്നതായി കാണാം. ഭക്ഷണം, ശരീരത്തെ മാത്രമല്ല, മനസ്സിനെയും ബാധിക്കുന്നുണ്ട്. അതിനാൽ, ഭക്ഷണ-പാനീയാദികളെക്കുറിച്ചുള്ള ചിന്ത മനോവിജ്ഞാനീയ മണ്ഡലത്തെക്കൂടി സ്പർശിക്കുന്നുണ്ടെന്ന് പറയാം. ഓരോ വർഗ്ഗത്തിന്റെയും പൊതുജീവിതരീതിയുടെയും സംസ്കാരത്തിന്റെയും സ്വഭാവം, അവരുടെ ഭക്ഷ്യപദാർത്ഥങ്ങളെയും ഭക്ഷണരീതിയെയും അടിസ്ഥാനമാക്കി കുറേയൊക്കെ ഗ്രഹിക്കുവാൻ കഴിയും.

രീതിഭേദം

ഭക്ഷണത്തെ സംബന്ധിച്ചു ചിന്തിച്ചാൽ ഉപകരണഭേദം മാത്രമല്ല, പ്രയോഗഭേദവുംകൂടിയുണ്ടെന്ന് വ്യക്തമാകും. ഭക്ഷ്യവിഭവങ്ങൾ വിളമ്പുന്നതിലും, ഭക്ഷണം കഴിക്കുന്നതിലും ജാതി-വർഗ്ഗസ്വഭാവങ്ങൾ പ്രകടമാണ്. ഇലയിൽ ഓരോ വിഭവവും ഇന്ന സ്ഥലത്താണ് വിളമ്പേണ്ടതെന്നുള്ളതിന് നിയമമുണ്ട്. അനേകം വിഭവങ്ങൾ ഉണ്ടാകുമ്പോൾ അവ വിളമ്പേണ്ട പൂർവ്വാപരക്രമത്തിലും വ്യത്യാസം ദർശിക്കാം.

ഭക്ഷണം കഴിക്കുവാൻ ആരംഭിക്കുന്നതിലും, ഭക്ഷണം കഴിച്ചെഴുന്നേൽക്കുന്നതിലും പ്രത്യേക ചിട്ട പാലിക്കുന്നവരുണ്ട്. പന്തിയിലുള്ളവരെല്ലാം ഒന്നിച്ചേ ഭക്ഷണം കഴിക്കാൻ തുടങ്ങാവൂ എന്ന നിർബന്ധം ചില വിഭാഗക്കാർക്കിടയിൽ കാണാം. ചില സമൂഹങ്ങൾ ചില പ്രത്യേക മന്ത്രോച്ചാരണ കർമ്മങ്ങളോടെയാണ് ഭക്ഷണം തുടങ്ങുന്നതും അവസാനിപ്പിക്കുന്നതും. ബ്രഹ്മക്ഷത്രിയവിഭാഗങ്ങളിൽപ്പെട്ടവർ കൂടിക്കുനീർകൂടിച്ച്,

പ്രാണാഹുതിയോടുകൂടിയേ ഭക്ഷണം ആരംഭിക്കാറുള്ളു. പന്തിയിൽ കുറേ പ്പേർ ഇരിക്കുന്നതിനിടയിൽ നിന്ന് ഒരാൾ എഴുന്നേറ്റ് പോകരുതെന്നാണ് നിയമം. വ്രതദീക്ഷയുള്ളവർ ഭക്ഷണം കഴിക്കുമ്പോൾ സംസാരിക്കരുതെന്നാണ് പണ്ടത്തെ നിശ്ചയം.

ഒരേ പാത്രത്തിൽ നിന്നോ, ഒരേ ഇലയിൽ നിന്നോ പലരും ഒന്നിച്ച് ഭക്ഷണം വാരിക്കഴിക്കുന്ന പതിവ് ചില സമുദായങ്ങൾക്കിടയിൽ ഇന്നുമുണ്ട്. എന്നാൽ, ഓരോരുത്തരുടെയും ഇല പരസ്പരം മുട്ടിപ്പോകരുതെന്ന് വിചാരിക്കുന്നവരും കുറവല്ല. ഭക്ഷണകാര്യത്തിൽ ആരോഗ്യകരമായ ഒരു തത്ത്വമാണിതെന്നോർക്കണം. ഉച്ഛിഷ്ടങ്ങളും പഴകിയ ഭക്ഷണപദാർത്ഥങ്ങളും വർജ്ജിക്കേണമെന്ന് പറയുന്നതും അംഗീകരിക്കേണ്ടതാണ്.

അടിയന്തിരാദികൾക്കും മറ്റും സദ്യ നടത്തുമ്പോൾ, ക്ഷണിക്കപ്പെട്ട അതിഥികളിൽ മാന്യനായ വ്യക്തിയെയാണ് ആദ്യം ഇരുത്തേണ്ടത്. ആവണപ്പലക വെച്ചിരുത്തുന്നവരുണ്ട്. 'വെള്ളയും കരിമ്പട'വും വിരിക്കുന്ന പതിവാണ് ചില സമുദായക്കാർക്കിടയിലുള്ളത്. 'മാന്യസ്ഥാന'ത്തുനിന്നാണ് വിളമ്പിത്തുടങ്ങേണ്ടത്. പിന്നെ, പന്തിയിലിരിക്കുന്നവർക്കെല്ലാം വഴിക്കുവഴി വിളമ്പിപ്പോകണം. 'പന്തിയിൽ പക്ഷഭേദം പാടില്ലെ'ന്നാണല്ലോ പഴമൊഴി, എന്നാൽ എല്ലാ വിഭാഗക്കാരും ഓരേ പന്തിയിൽ ഇരിക്കുന്ന പതിവ് പണ്ടില്ലായിരുന്നു. സാമുദായിക നിലയോ, സാമൂഹികപദവിയോ അനുസരിച്ച് പന്തിതിരിച്ചിരുത്തുക സാധാരണമായിരുന്നു.

ബ്രാഹ്മണരുടെയും മറ്റുമിടയിൽ അനുഷ്ഠാനം, ബലി മുതലായവയുമായി ബന്ധപ്പെട്ടുള്ള ഭക്ഷണത്തിന് ഇലവാട്ടിയിരിക്കണമെന്നുണ്ട്. ആ ഇലയ്ക്കടിയിൽ കീറ്റിലയും വയ്ക്കണം. സാധാരണ സദ്യകൾക്കും ഇല 'വാട്ടിക്കീറിവയ്ക്കുന്ന' പതിവുണ്ട്. പക്ഷേ, മാന്യസ്ഥാനത്തു മാത്രമാണ് അപ്രകാരം ചെയ്യുന്നത്.

സ്ത്രീപുരുഷഭേദം

സമൂഹത്തിൽ പലകാര്യങ്ങളിലും പുരുഷന്മാർക്കാണല്ലോ മേധാവിത്വം. ഭക്ഷണകാര്യത്തിലും അത് കാണാതിരുന്നാലേ അത്ഭുതമുള്ളു. പുരുഷന്മാരുടെ ഭക്ഷണം കഴിഞ്ഞേ സ്ത്രീകൾ ഭക്ഷിക്കാവൂ എന്ന പഴയ നില മാറിക്കഴിഞ്ഞുവെന്ന് പറഞ്ഞുകൂടാ. ചില സമുദായങ്ങളിൽ, ഭർത്താവിന്റെ ഉച്ഛിഷ്ടം ഭാര്യ ഭക്ഷിക്കണമെന്നുണ്ട്. ഭർത്താവ് ഭക്ഷണം കഴിച്ച ഇലയിലോ പാത്രത്തിലോ ഭാര്യ ഭക്ഷണം കഴിക്കുക സാധാരണമാണ്.

പാചകവിദ്യയിൽ കൂടുതൽ നൈപുണ്യം സ്ത്രീകൾക്കുണ്ട്. നിത്യേന വേണ്ടുന്ന ഭക്ഷണപദാർത്ഥങ്ങൾ അവരാണ് പാകം ചെയ്യുന്നതും. എന്നാൽ, വലിയ അടിയന്തിരങ്ങൾക്കും ചില വിശേഷാവസരങ്ങളിലും ദേഹണ്ഡിക്കുന്നത് പുരുഷന്മാരാണ്. വിളമ്പുന്ന കാര്യത്തിലും ഈ ക്രമം തന്നെയാണ് പാലിക്കുന്നത്.

പാരമ്പര്യരീതിയിലുള്ള പാചകകലാവൈഭവം ഇന്ന് കുറഞ്ഞുവരുന്നതായാണ് കാണുന്നത്. പാചകവിദ്യ കലാലയങ്ങളിൽനിന്ന് പരിശീലിപ്പിക്കുന്നതുകൊണ്ടും, പാചകത്തെക്കുറിച്ചുള്ള ഗ്രന്ഥങ്ങൾ പുറത്തിറങ്ങു

ന്നതുകൊണ്ടും അഭിലഷണീയമായ ഫലമുണ്ടാകുന്നില്ലെന്നു വേണം കരുതുവാൻ. ഇക്കാര്യത്തിൽ അനുഭവജ്ഞാനമാണ് മറ്റേതിലുമുപരിയായി ആവശ്യമായിട്ടുള്ളത്.

സംജ്ഞാഭേദം

മതം, ജാതി, പ്രദേശം തുടങ്ങിയ ഉപാധികൾക്കനുഗുണമായി ഭക്ഷണപദാർത്ഥങ്ങളുടെ പേരുകൾക്ക് വ്യത്യാസമുണ്ട്. നെയ്ച്ചോറ്, ചക്കരച്ചോറ്, തേങ്ങാച്ചോറ് തുടങ്ങിയവ കേരളത്തിലെ മുസ്ലീങ്ങളുടെ മുഖ്യ ആഹാരപദാർത്ഥങ്ങളാണ്. ഇടിയപ്പം, പുട്ട്, പൊറോട്ട, പത്തല്, മണിപ്പുട്ട്, ഓട്ടട, വെള്ളയപ്പം തുടങ്ങിയവ മാപ്പിളപ്പലഹാരങ്ങളിൽപ്പെടുന്നു. അച്ചപ്പം, കൊഴലപ്പം, ചേമ്പപ്പം, വായക്കത്തപ്പം, ഉണ്ണിയപ്പം, നെയ്യപ്പം, ഔലോസുണ്ട, കാരക്കപ്പം, മിണിയപ്പം, ചുക്കപ്പം, പൂവപ്പം, അമ്പാത്തിലട, മണ്ട, ചീപ്പപ്പം തുടങ്ങിയവ അവർക്കിടയിൽ പ്രചുര്യത്തിലുള്ള പൊരിപ്പലഹാരങ്ങളത്രെ.[5]

കേരളത്തിലെ പല വിഭാഗക്കാരുടെയും ഭക്ഷണരീതികൾ, ഭക്ഷ്യവിഭവങ്ങൾ എന്നിവയെപ്പറ്റിയുള്ള വർണ്ണനകൾ പഴയ ചമ്പുക്കളിലും പാട്ടുകളിലും കുഞ്ചൻ നമ്പ്യാരുടെ തുള്ളൽക്കൃതികളിലും കാണാൻ കഴിയും. ബ്രാഹ്മണരുടെയും പ്രഭുക്കന്മാരുടെയും ഭടജനങ്ങളുടെയും സാധാരണക്കാരുടെയും മറ്റും ഭക്ഷണരീതികൾ എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് അവയിൽ നിന്ന് ഗ്രഹിക്കാം.

പാചക ത്രികോണം

കായ്കനികളും കിഴങ്ങുകളും ഇറച്ചിയുമൊക്കെ പാചകം ചെയ്യാതെ പച്ചയായിത്തന്നെ ഭക്ഷിച്ചിരുന്ന ഒരു കാലഘട്ടം മനുഷ്യസമൂഹം തരണം ചെയ്തിട്ടുണ്ടെന്നാണ് നരവംശശാസ്ത്രജ്ഞന്മാരും ചരിത്രകാരന്മാരും മറ്റും പ്രസ്താവിച്ചിട്ടുള്ളത്. തീയുടെ കണ്ടുപിടുത്തം മാനവജീവിതത്തിന്റെ ഒരു പുതിയ അദ്ധ്യായത്തിന് തുടക്കം കുറിച്ചു. പ്രകൃതിയിൽനിന്ന് ലഭിക്കുന്ന അസംസ്കൃത വസ്തുക്കളിൽ പാചകം ചെയ്ത് ഭക്ഷിക്കേണ്ടവ ഏതെന്നും, പാചകം ചെയ്യാതെ ഭക്ഷിക്കാവുന്നവ ഏതെന്നും അനുഭവത്തിലൂടെ മനുഷ്യർ ഗ്രഹിച്ചിരിക്കണം. പാചകകർമ്മം ഒരു കലാവിദ്യയായിത്തീർന്നത് വളരെക്കാലത്തെ പരിചയത്തിന്റെ ഫലമായിട്ടായിരിക്കണം. പാചക സമ്പ്രദായം വൈവിധ്യം നിറഞ്ഞതാണെങ്കിലും, അവയുടെയെല്ലാം താത്ത്വികമായ അടിസ്ഥാനം ഒന്നാണത്രെ.

നൃവംശവിജ്ഞാന പണ്ഡിതനായ ലെവിസ്ട്രോസിന്റെ ചിന്തകൾ പാചകസമ്പ്രദായത്തിന്റെ ഘടനാപഗ്രഥനത്തിലും പ്രവേശിക്കുകയുണ്ടായി. അദ്ദേഹം പാചക സംബന്ധമായ ഒരു ത്രികോണത്തിന് രൂപം നൽകിയത് വസ്തുക്കളുടെ വൈരുദ്ധ്യസ്വഭാവം പരിഗണിച്ചാണ്. പ്രാകൃതിക വസ്തുക്കൾ സ്വാഭാവികതയുള്ളവയും, സംസ്കരിക്കപ്പെട്ടവ അവയുടെ രൂപപരിണാമങ്ങളുമായിരിക്കും. പാകപ്പെടാത്ത പച്ചയായ വസ്തു ഒന്നുകിൽ ചീഞ്ഞുപോകാം; അല്ലെങ്കിൽ പാചകം ചെയ്യപ്പെടാം. പച്ചയായ

അസം സ്കൃത പദാർത്ഥത്തെ സംബന്ധിച്ചിടത്തോളം രണ്ടും രൂപാന്തരീകരണമാണ്. അസംസ്കൃതവസ്തു, പചിക്കപ്പെട്ട വസ്തു, അഴുകിപ്പോയ വസ്തു എന്നിവയ്ക്കു പകരം യഥാക്രമം ചുട്ടത്,

പുകച്ചത്, പുഴുങ്ങിയത് എന്നിവ ചേർത്ത് ലെവിസ്ട്രോസ് ആ ആശയത്തെ കൂടുതൽ വികസിപ്പിച്ചെടുത്തു. ചുടുകയും പുകയ്ക്കുകയും ചെയ്യൽ പ്രാകൃതികവസ്തുവിന്റെ സ്വാഭാവിക പരിണാമമായിട്ടാണ് അദ്ദേഹം കരുതിയത്. പുഴുങ്ങുകയെന്നത് സാധാരണമോ, സ്വാഭാവികമോ അല്ലെന്നും അദ്ദേഹം പറയുന്നുണ്ട്. ലെവിസ്ട്രോസിന്റെ ഈ ചിന്തകൾ അനുയോജ്യമാണെന്ന് കരുതുക വയ്യാ. പച്ചയായ ഒരു പദാർത്ഥം പഴുക്കുകയും, ഒടുവിൽ ചിഞ്ഞ് പോവുകയും ചെയ്യുന്നത് പ്രകൃത്യാ സംഭവിക്കുന്ന പരിണാമമാണ്. ചുടുക, പുകയ്ക്കുക, പുഴുങ്ങുക എന്നിവ യഥാർത്ഥത്തിൽ പ്രാകൃതിക വസ്തുവിന്റെ സ്വഭാവികമായ രൂപാന്തരീകരണമല്ല. അസംസ്കൃത വസ്തു ചുട്തായാലും പുകച്ചതായാലും വേവിച്ചതായാലും വെന്ത് ചിഞ്ഞതായാലും ആ രൂപാന്തരീകരണം കൃത്രിമമാണെന്ന് പറയേണ്ടിവരും. എന്നു മാത്രമല്ല, അസംസ്കൃതവസ്തുവിൽനിന്ന് പച്ച,



വെന്തത്, ചിഞ്ഞത് എന്നീ അവസ്ഥകൾക്കു പുറമെ അല്പം വെന്തത് എന്ന ഒരവസ്ഥകൂടിയുണ്ടല്ലോ. പ്രകൃത്യാവസ്ഥയിൽനിന്ന് നാശത്തി

ന്റെയോ, അധഃപതനത്തിന്റെയോ അവസ്ഥയിലേയ്ക്കുള്ള രൂപാന്തരീകരണത്തിന്റെ വിവിധ ഘട്ടങ്ങളാണിവ. അരി, പാകം ചെയ്യുന്നതിനെ അതിന്റെ വേവിന്റെ പ്രകൃതമനുസരിച്ച് ദേവപാകം, പിതൃപാകം, മനുഷ്യപാകം എന്നിങ്ങനെ കേരളബ്രാഹ്മണർ വ്യവഹരിക്കാറുള്ളത് ഇവിടെ സ്മർത്തവ്യമാണ്. ഭക്ഷിക്കാൻ പറ്റിയ തരത്തിലുള്ള സാധാരണപാകമാണ് മനുഷ്യപാകം. ഒന്ന് ചിഞ്ഞതാണ് പിതൃപാകം. ദേവപാകമാകട്ടെ അല്പം മാത്രം വെന്തതാണ്. തിയ്ക്കുവെച്ച് ഏഴുപ്രാവശ്യം തിളച്ചാൽ 'ദേവപാക'മായെന്നാണ് പറയുക.

വിവിധ ജനസമൂഹങ്ങളുടെ പാചകവിദ്യയെക്കുറിച്ചുള്ള അന്വേഷണം, ജനസംസ്കാരപഠനങ്ങളിൽ പ്രസക്തിയേറിയ വിഷയമാണെന്ന് തിർച്ച. അതിനാൽ, ഈ രംഗത്ത് വ്യാപകവും വിപുലവുമായ പഠനങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

---

1. Don Yoder, Folk Cookery (Article), Folk lore and Folk life – An Introduction, P. 341
2. Don Yoder, P. 338
3. Don Yoder, P. 338
4. ബൈബിൾ (കെ. ബി. ബി. സി. ബൈബിൾ കമ്മീഷൻതയ്യാറാക്കിയത്), പുറം 11-15
5. ഇസ്ലാമിക കർമ്മശാസ്ത്രം, പരിഭാഷ: മൗലവി ഇബ്രാഹിം പുത്തൂർ ഫൈസി, പുറം 281
6. മുഹമ്മദ് കുഞ്ഞി പി. കെ., മുസ്ലിമിങ്ങളും കേരളസംസ്കാരവും, പു. 302

അനുബന്ധം: 1

സഹായഗ്രന്ഥസൂചി

അക്കമ്മ ഫൈസക്ക്	സംഗീത ശാസ്ത്രം, തിരുവനന്തപുരം, 1988.
അച്യുതൻ, എം. (പ്രഫ:)	ആയിരത്തൊന്നു രാവുകൾ (പുനരാഖ്യാനം), കോട്ടയം, 1976
അച്യുതമേനോൻ. സി. (ഡോ:)	കേരളത്തിലെ കാളീസേവ
"	മദിരാശി സർവ്വകലാശാല, 1959
"	പ്രദക്ഷിണം, തൃശ്ശൂർ, 1969
	വടക്കൻ പാട്ടുകൾ (Ballades of North Malabar), വാള്യം I, മദിരാശി, 1956
അനന്തൻ, കാമ്പിൽ	കേരളചരിത്ര നിരൂപണം, കണ്ണൂർ, 1935
അനന്തരാമൻ. എൻ	പ്രീഡിഗ്രി മനശ്ശാസ്ത്രം, തിരുവനന്തപുരം, 1974
അപ്പുണ്ണി നമ്പ്യാർ. എം. സി. (സമ്പാ:)	വടക്കൻ പാട്ടുകൾ, കോട്ടയം, 1983
ആന്റണി സി. എൽ. (പ്രഫ:)	ഭാഷാപഠനങ്ങൾ, കോട്ടയം, 1969
ഇടമറുക്	സ്ഥലപുരാണങ്ങൾ, കോട്ടയം, 1972
കാക്കാ കാലെൽക്കർ	ഇന്ത്യയിലെ ഉത്സവങ്ങൾ (വിവ: എസ്. വി. കൃഷ്ണ വാരിയർ). കോട്ടയം, 1964
കാവ്യോത്സവ സമിതി (തിരുവനന്തപുരം)	നമ്മുടെ നാടൻ പാട്ടുകൾ, കോട്ടയം, 1954
കുഞ്ഞൻപിള്ള പി. എൻ, ഇളംകുളം	അന്നത്തെ കേരളം, കോട്ടയം, 1965
"	സംസ്കാരത്തിന്റെ നാഴികക്കല്ലുകൾ. കോട്ടയം, 1964

കുഞ്ഞൻപിള്ള, ശൂരനാട്ട് (ഡോ:)	സാഹിത്യ പ്രവേശിക, കോട്ടയം, 1984
കുട്ടികൃഷ്ണമാരാർ	വ്യത്തശില്പം, കോഴിക്കോട്, 1964
കൃഷ്ണൻ നമ്പൂതിരി, വി.	പ്രാചീനമുകുരം, തൃശൂർ, 1120 (കൊ.വ.)
കൃഷ്ണൻ. ടി.വി. (വിവർത്തകൻ)	ലോഗന്റെ മലബാർ മാനുൽ, കോഴിക്കോട്, 1985
കൃഷ്ണപിഷാരടി, ആറ്റൂർ	കേരളചരിത്രം (ഒന്നാഭാഗം) തിരുവനന്തപുരം, 1105 (കൊ.വ)
കൃഷ്ണമേനോൻ, ടി.കെ.	കേരളസംസ്കാരം, (വിവ: ടി. മാധവമേനോൻ), 1939
കെ.ബി.ബി.സി. ബൈബിൾ കമ്മിഷൻ	ബൈബിൾ, കൊച്ചി, 1989
കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്	സാമൂഹ്യവിജ്ഞാന പ്രവേശം, തിരുവനന്തപുരം, 1971
കേരളവർമ്മ സി. ആർ. (പ്രഫ:)	ചിരിയും കരച്ചിലും, എറണാകുളം, 1963
"	മന്ത്രവാദവും മതവും, തൃശൂർ, 1986
കൊസാംബി, ഡി.ഡി.	മിത്തും യാഥാർത്ഥ്യവും, (വിവർത്തനം: കൊസാംബി കൃതികളുടെ പ്രസിദ്ധീകരണസമിതി), തിരുവനന്തപുരം, 1986
ഗുണ്ടർട്ട്, ഹെർമ്മൻ (ഡോ:)	മലയാളം ആൻഡ് ഇംഗ്ലീഷ് ഡിക്ഷ്ണറി, മംഗലാപുരം, 1872
ഗോപാലകൃഷ്ണൻ, പി. കെ.	കേരളത്തിന്റെ സാംസ്കാരിക ചരിത്രം, തിരുവനന്തപുരം, 1984
ഗോപാലൻനായർ, പി.	ശ്രീമദ് ഭാഗവതം (വ്യാഖ്യാനം), ഗുരുവായൂർ, 1985
ഗോപാലപിള്ള, കെ. എൻ., കുറുപ്പാ വീട്ടിൽ	കേരളമഹാചരിത്രം (ഒന്നാം വാല്യം), തിരുവനന്തപുരം, 1948
ഗോപാലപ്പിള്ള, സി. ഐ.	കേരളത്തിലെ നാടോടിപ്പാട്ടുകൾ, തിരുവനന്തപുരം, 1954
ഗോവിന്ദപ്പിള്ള, പി.	മലയാള ഭാഷാചരിത്രം, കോട്ടയം, 1965
ഗോവിന്ദപ്പിള്ള, പി. കെ. (വിവ:)	ടാഗോറിന്റെ പ്രബന്ധങ്ങൾ, വാല്യം രണ്ട് സാഹിത്യഅക്കാദമി, ന്യൂഡൽഹി, 1964
ചന്ദ്രാവലിത്തമ്പുരാൻ (പ്രഫ:)	തുണിത്തരങ്ങളും വസ്ത്രങ്ങളും, തിരുവനന്തപുരം, 1985

ഗുരുക്കൾ, എം.കെ.	കാലവിദ്യാവിവരണം, തൃശ്ശൂർ, 1993
ജവാഹർലാൽ നെഹ്രു	ഇന്ത്യയെ കണ്ടെത്തൽ, (പരിഭാഷ: സി. എച്ച്. കുഞ്ഞപ്പ), കോഴിക്കോട്, 1955
ജോസ്, എൻ. കെ.	ആരാധന, വൈക്കം, 1979
ജോർജ്ജ്, കെ. എം. (ഡോ:) (എഡിറ്റർ)	ഭാരതീയ സാഹിത്യചരിത്രം (വാല്യം ഒന്ന്), തൃശൂർ, 1982
"	വിചാരകൗതുകം, കോട്ടയം, 1963
"	സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ, കോട്ടയം, 1958
തോമസ്, പി. ജെ. (ഡോ:)	മലയാളസാഹിത്യവും ക്രിസ്ത്യാനികളും, കോട്ടയം, 1935
ത്യാഗരാജൻ, കെ. കഴക്കൂട്ടം	ഭാരതത്തിലെ ദേശീയോത്സവങ്ങൾ, തുറവൂർ, 1962
ത്രിവിക്രമൻതമ്പി, ജി.	സ്ഥലനാമപാനപ്രവേശിക, കോട്ടയം, 1986
ദാമോദരൻ, കെ.	ഭാരതീയചിന്ത, തിരുവനന്തപുരം, 1973
ദേവീപ്രസാദ് ചട്ടോപാധ്യായ	ഭാരതീയ തത്വചിന്ത, (വിവ: പി. ദാമോദരൻ പിള്ള), തൃശൂർ, 1972
നമ്പൂതിരി, സി.കെ.	ചാത്തിരാങ്കം, തൃശൂർ, 1980
നായർ, എസ്. കെ. (ഡോ:)	കേരളത്തിലെ നാടോടിനാടകങ്ങൾ, മദിരാശി, 1962
" (എഡി:)	വടക്കൻ പാട്ടുകൾ (Ballades of North Malabar) വാല്യം രണ്ട്, മദിരാശി, 1955
" (എഡി:)	വടക്കൻപാട്ടുകൾ, വാല്യം മൂന്ന്, മദിരാശി, 1957
നാരായണൻകുട്ടി മേനോൻ (എഡി:)	ക്രിയാക്രമം, ഗവ: ഓറിയന്റൽ മാനുസ്ക്രിപ്റ്റ്സ് ലൈബ്രറി, മദിരാശി, 1949
നാരായണൻ, കെ. വി.	ചരിത്രബോധനം, തിരുവനന്തപുരം, 1972

നാരായണപ്പണിക്കർ, ആർ,	കേരളഭാഷാസാഹിത്യ ചരിത്രം, (1, 2, 3, 4 ഭാഗങ്ങൾ), തിരുവനന്തപുരം.
നാരായണപ്പിഷാരടി കെ.പി.	ഭരതമുനിയുടെ നാട്യശാസ്ത്രം- ഒന്നാം ഭാഗം (വിവർത്തനം) തൃശൂർ, 1979
പദ്മനാഭപിള്ള, ജി. ശ്രീകണ്ഠേശ്വരം	ശബ്ദതാരാവലി, കോട്ടയം, 1964
പദ്മനാഭ മേനോൻ	കൊച്ചി രാജ്യചരിത്രം (ഒന്നാംവാള്യം), തിരുവനന്തപുരം, 1912
പരമേശ്വരൻ നായർ, പി. കെ.	മലയാളസാഹിത്യചരിത്രം, ന്യൂഡൽഹി, 1966
പരമേശ്വരൻ പിള്ള, വി. ആർ.	പുരാവസ്തുഗവേഷണം, തിരുവനന്തപുരം, 1982
"	പുറനാനൂറ് (വിവർത്തനം), തൃശൂർ, 1969
പരമേശ്വരൻ മൂസ്സത്	അമരകോശം-പാരമേശ്വരീവ്യാഖ്യാനം, കോട്ടയം, 1983
പരമേശ്വരയ്യർ, ഉള്ളൂർ	കേരള സാഹിത്യചരിത്രം (ഒന്നാം വാള്യം), തിരുവനന്തപുരം, 1967
പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ	ജീവന്റെ ഉറവകൾ, കൊച്ചി, 1988
പിഷാരടി, കെ. ആർ.	നമ്മുടെ ദൃശ്യകല, കോട്ടയം, 1957
പ്രേംനാഥ്, വെട്ടിയാർ	നാടൻപാട്ടുകൾ, തൃശൂർ, 1979
ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ	നാടൻ കലാമേള '86 (സ്മരണിക), തലശ്ശേരി, 1986
ബാലകൃഷ്ണൻ, പി. കെ.	ജാതിവ്യവസ്ഥിതിയും കേരളചരിത്രവും, കോട്ടയം, 1983
ബാലകൃഷ്ണപ്പിള്ള, എ. (കേസരി)	പ്രാചീന കേരളചരിത്ര ഗവേഷണം, കോഴിക്കോട്, 1957
ബാലകൃഷ്ണവാരിയർ, എം. ആർ.	പ്രബന്ധമഞ്ജരി (നാലാം ഭാഗം), കോട്ടയം, 1957
ഭട്ടതിരിപ്പാട്, വി. ടി.	കാലത്തിന്റെ സാക്ഷി, കോട്ടയം, 1976
ഭാസ്കരൻ നായർ, കെ. (ഡോ:)	കലയും കാലവും, കോഴിക്കോട്, 1956

മഹാദേവശാസ്ത്രി, കെ. (എഡി:)	കേരളചരിത്രം, തിരുവനന്തപുരം, 1939
മുഹമ്മദ് കുഞ്ഞി, പി. കെ.	മുസ്ലിമിങ്ങളും കേരള സംസ്കാരവും, തൃശൂർ, 1982
മൂഴൂർ, സെഡ്. എം. (എഡി:)	ഗ്രീക്ക് പുരാണകഥാസാഗരം (പുനരാഖ്യാനം), കോട്ടയം, 1991
മൗലവി ഇബ്രാഹിം	ഇസ്ലാമിക കർമ്മശാസ്ത്രം (പരിഭാഷ) പരപ്പനങ്ങാടി, 1988
രാജരാജവർമ്മ, എ. ആർ.	കേരളപാണിനീയം, കോട്ടയം, 1970
"	മാളവികാഗ്നിമിത്രം (വിവർത്തനം), കോട്ടയം, 1968
"	വൃത്തമഞ്ജരി, കോട്ടയം, 1985
രാമനാഥ ശാസ്ത്രി, എസ്. കെ. (എഡി:)	വാസ്തുലക്ഷണം, മദിരാശി, 1950
രാമനാശാരി	മാന്ത്രികാദർശം (പരിഭാഷ) കൊല്ലം, 1130 (കൊ.വ.)
രാമവർമ്മ അപ്പൻ തമ്പുരാൻ	തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ, തൃശൂർ, 1989
"	ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, തൃശൂർ, 1954
രാഹുൽ സാംകൃത്യായൻ	സാമൂഹ്യരേഖ, (വിവ: കെ. വി. മണലിക്കര), തിരുവനന്തപുരം, 1988
വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ട്	മനുഷ്യവർത്തനം, തിരുവനന്തപുരം, 1971
വിഷ്ണു നമ്പൂതിരി, എം. വി.	കോതാമ്മൂരി, തിരുവനന്തപുരം, 1985
"	തോറ്റം പാട്ടുകൾ-ഒരു പഠനം, കോട്ടയം, 1980
"	നമ്പൂതിരി ഭാഷാ ശബ്ദകോശം, കോട്ടയം, 1982
"	പുള്ളുവപ്പാട്ടും നാഗാരാധനയും, കോട്ടയം, 1977
"	ഫോക്‌ലോർ നിഘണ്ടു, തിരുവനന്തപുരം, 1989
"	മാന്ത്രിക വിദ്യയും മന്ത്രവാദപ്പാട്ടുകളും, കോട്ടയം, 1979

വിഷ്ണു നമ്പൂതിരി, എം. വി.	വണ്ണാനും കെട്ടനാൻപാട്ടും, കോട്ടയം, 1982
വെങ്കിട സുബ്രഹ്മണ്യ അയ്യർ എസ്. (സഹ.)	സംഗീതശാസ്ത്ര പ്രവേശിക, തിരുവനന്തപുരം, 1974
വെട്ടം മാണി	പുരാണനിഘണ്ടു (രണ്ടു വാല്യങ്ങൾ), കോട്ടയം, 1964
വേലുപ്പിള്ള ശാസ്ത്രി	സാഹിത്യതത്ത്വം, കൊല്ലം, 1129 (ക്രൈ. വ.)
ശങ്കരൻനായർ എൻ. (പ്രഫ:)	വിദ്യാഭ്യാസത്തിന്റെ മനഃശ്ശാസ്ത്ര ഭൂമിക, തിരുവനന്തപുരം, 1972
ശകുന്തള, കൊട്ടാരത്തിൽ	ഐതിഹ്യമാല, കോട്ടയം, 1985
ശിവദാസമേനോൻ, എം.പി.	ചില ചില്ലറ നാണ്യങ്ങൾ, കോഴിക്കോട്, 1961
സിദ്ധനാഗാർജ്ജുനൻ	കക്ഷപുടം, (വ്യാ: എൻ.കോയിത്തട്ട), കോഴിക്കോട്, 1990
സുകുമാരൻ, ടാറ്റാപുരം (വിവർത്തകൻ)	ഇന്ത്യൻ നാടോടി നൃത്തങ്ങൾ, (കപിലവാത്സായൻ, സച്ചിദാനന്ദ വാത്സായനൻ)
സ്റ്റോർസ്, എച്ച് & സി.	ശിവപുരാണം, കുന്നംകുളം, 1983
ഹെൻട്രി ഡ്രമണ്ട്	മനുഷ്യന്റെ ആരോഹണം (വിവ: കൊടക്കാടത്ത് ബാലകൃഷ്ണമേനോൻ), തൃശൂർ, 1979
റെഡ്യാർ. എസ്. റ്റി & സൺസ് (പ്രസാ:)	മനുസ്മൃതി, (ഭൃഗുസംഹിത) കൊല്ലം, 1097 (ക്രൈ. വ.)
ADAM AND CHARLES BLACK (Ed:)	The Encyclopedia Britanica Vol IX (9th Edn. Edinburgh)
ADDISON, ANTHONY (Ed)	The Children's book of Questions & Answers, London, 1987
ADYA RANGACHARYA	The Indian Theatre, NBT, New Delhi; 1971.
APPADORAI, A	The Substance of Politics Oxford, Madras-,1952
ARKADY LEOKUM	Tell me Why, England-,1987
ARNOLD, DENIS (G. Ed:)	The new Oxford companion to music Vol-I, Newyork, 1983